1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള മാരിടൈം (ഭേദഗതി) ബിൽ

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഈ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജില്ലാസഹകരണ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രകാരം നിശ്ചയിച്ചിരുന്ന രണ്ട് വർഷക്കാലയളവ് മൂന്ന് വർഷമായി ഉയർത്താനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കേരള ബാങ്ക് രൂപീകരിച്ചിട്ട് മൂന്നുവർഷം തികയുകയാണ്. സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും അടങ്ങുന്ന ത്രിതല ഘടനയ്ക്കുപകരം ജില്ലാസഹകരണ ബാങ്കുകളെ ഇല്ലാതെയാക്കി ദ്വിതല ഘടനയാക്കി മാറ്റുകയാണ് ചെയ്തത്. ഇതുകാരണം താരതമ്യേന ശക്തമായ രീതിയിൽ പ്രവർത്തിക്കുകയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പ്രതിസന്ധിഘട്ടങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്ന ജില്ലാ ബാങ്കുകൾ പൂർണ്ണമായും ഇല്ലാതെയായി. പ്രാഥമിക സഹകരണ സംഘങ്ങൾ പ്രതിസന്ധികൾ നേരിടുമ്പോൾ മുൻകാലങ്ങളിൽ ജില്ലാ ബാങ്കുകൾക്ക് അവയെ സർക്കാരിന്റെ അനുമതിയോടുകൂടി സഹായിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ നിലവിൽ കേരള ബാങ്കിന് അപ്രകാരമുള്ള

സഹായങ്ങൾ ചെയ്യുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്ത സാഹചര്യമുണ്ടായിരിക്കുന്നു. സംസ്ഥാനത്തിന്റെ മാത്രം അധീനതയിലുള്ള സംസ്ഥാന സഹകരണ ബാങ്കുകളെ കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കുന്ന നടപടിയായിരുന്നു കേരള ബാങ്ക് രൂപീകരണം. അത് ഫിസ്കൽ ഫെഡറലിസത്തിന്റെ തത്വത്തിന് തന്നെ എതിരാണ്. ആയതിനാൽ സുശക്തമായ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതാക്കുന്ന ബില്ലിലെ വ്യവസ്ഥയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സംസ്ഥാനത്ത് അറിയപ്പെടുന്നൊരു ജില്ലാ സഹകരണ ബാങ്കാണ്. കാലാകാലങ്ങളിൽ മാറി വരുന്ന സർക്കാരുകൾ ആവിഷ്കരിക്കുന്ന എല്ലാ പദ്ധതികളും വളരെ വിജയകരമായി നടപ്പിലാക്കുന്ന ഒരു ജില്ലാ സഹകരണ ബാങ്കാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ഇപ്പോൾ ഏകദേശം 4500 കോടി രൂപയോളം നിക്ഷേപമുണ്ട്. ഏകദേശം 3600 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഏകദേശം 54 ഓളം ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞവർഷം ജില്ലാ സഹകരണ ബാങ്കിന്റെ ലാഭം രണ്ടേകാൽ കോടി രൂപയാണ്.

ഏകീകരണത്തിൽ പ്രവർത്തിക്കുന്ന ബാങ്കാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. മാത്രമല്ല, നൂതനമായ എല്ലാ സാങ്കേതികവിദ്യകളിലും കൂടിയാണ് ബാങ്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കോർ ബാങ്കിംഗ്, RTGS (Real Time Gross Settlement), NEFT (National Electronic Funds Transfer), cheque truncation system, ATM തുടങ്ങി എല്ലാ നൂതന സംവിധാനങ്ങളോടുംകൂടിയാണ് ബാങ്ക് പ്രവർത്തിച്ചുവരുന്നത്. ഏകദേശം രണ്ട് ലക്ഷം കസ്റ്റമേഴ്സ് ബാങ്കിനുണ്ട്. ലയനവുമായി ബന്ധപ്പെട്ട് രണ്ട് പ്രാവശ്യം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജനറൽ ബോഡി യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ഈ രണ്ട് ജനറൽ ബോഡി മീറ്റിംഗിലും മൂന്നിൽ രണ്ട് മെജോറിറ്റിയോടുകൂടിയാണ് ഈ പ്രമേയത്തെ എ ക്ലാസ് മെമ്പർമാർ എതിർത്തത്. രണ്ട് ജനറൽ ബോഡി മീറ്റിംഗിലും റിസർവ് ബാങ്കിൽ ലയനം സംബന്ധിച്ച് മൂന്നിൽ രണ്ട് മെജോറിറ്റിയോടുകൂടിയാണ് ഈ അമാൽഗമേഷൻ തീരുമാനത്തെ സംഘങ്ങൾ എതിർത്തത്. അതുകൊണ്ടാണ് ജില്ലാ സഹകരണ ബാങ്ക് മലപ്പുറം ജില്ലാ സഹകരണ ബാങ്കായി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് വർഷം എന്നത് മൂന്നുവർഷമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ്

വന്നിരിക്കുന്നത്. റിസർവ് ബാങ്ക് കക്ഷിയായ രണ്ട് കേസ്സുകൾ ഇപ്പോഴും ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. അതുകൊണ്ട് റിസർവ് ബാങ്കിന്റെ പെർമിഷൻ ഈ സാഹചര്യത്തിൽ നിയമപ്രകാരം ലഭിക്കുമെന്ന് സംശയത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. അതുകൊണ്ട് മലപ്പുറം ജില്ലാ ബാങ്കിനെ ഒരു ശത്രുതയോടുകൂടി നോക്കിക്കാണാതെ നിലവിൽ പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള അനുമതി നൽകണമെന്നാണ് ഞങ്ങൾക്ക് അപേക്ഷിക്കാനുള്ളത്. പ്രശസ്തമായ രീതിയിലാണ് ബാങ്കിന്റെ പ്രവർത്തനമെന്നുള്ളത് ബഹുമാന്യനായ മന്ത്രിക്കുതന്നെ അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ ബാങ്കിനെ വിശ്വാസത്തിലെടുത്തുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന് തടസ്സം നിൽക്കാതെ കേരള ബാങ്കിൽനിന്ന് ആവശ്യമായ സഹായത്തോടുകൂടി മലപ്പുറം ജില്ലാബാങ്കിന് പ്രവർത്തിക്കാനുള്ള അവസരമുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അപേക്ഷിക്കുകയാണ്. അതിനോടനുബന്ധമായി ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകൾ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട

വിഷയമാണ്. ദിനേനയൊന്നോണം വാർത്താമാധ്യമങ്ങളിലും വർത്തമാനപത്രങ്ങളിലും വിഷ്വൽമീഡിയയിലുമൊക്ക ഇത് സംബന്ധമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ വിശ്വാസ്യതയെ തകർക്കാൻ വലിയതോതിലുള്ള നിഗൂഢശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വളരെ ഗൗരവതരമായ നടപടികൾ അത്യാവശ്യമാണെന്ന് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്രമക്കേടുകൾ നടക്കുന്ന സഹകരണസംഘങ്ങളിൽ ക്രമക്കേടുകൾ എന്താണെന്ന് വളരെ ഗഹനമായ രീതിയിൽ പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഇതൊരു ലാഘവത്തോടുകൂടി കാണേണ്ട വിഷയമല്ല. സഹകരണമേഖലയുടെ കരുത്ത് ഞാനിവിടെ പറയേണ്ട ആവശ്യമില്ല. അതൊക്കെ നന്നായിട്ടറിയുന്ന ആളാണ് നമ്മുടെ മന്ത്രി. ഈ മേഖലയിലെ താഴെത്തട്ടിലുള്ള പ്രൈമറി സംഘം മുതൽ അപ്പെക്സ് സംഘത്തിന്റെ വരെ ഭരണസമിതിയിൽ ദീർഘകാലം അംഗമായിരുന്ന ആളാണ് നമ്മുടെ പ്രിയപ്പെട്ട മന്ത്രി. അദ്ദേഹത്തിന് അത് നന്നായിട്ടറിയാം. ഈ വിഷയം വളരെ ഗൗരവതരമായി കണക്കിലെടുത്തില്ലെങ്കിൽ സഹകരണ മേഖല ആർജ്ജിച്ച പുരോഗതി നമുക്ക് നഷ്ടപ്പെടുമെന്ന കാര്യത്തിൽ

യാതൊരു തർക്കവുമില്ല. നമ്മൾ സഹകരണ മേഖലയെ സംബന്ധിച്ച് അഭിമാനംകൊള്ളുന്ന ആൾക്കാരാണ്. വൈവിദ്ധ്യവത്ക്കരണത്തിലൂടെ ലോകത്തിന് മാതൃക സൃഷ്ടിച്ച പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതെല്ലാം ഈ സഭയിൽ നിരവധി തവണ ചർച്ച ചെയ്ത വിഷയങ്ങളാണ്. സാമ്പത്തിക സ്രോതസ്സായ സഹകരണ പ്രസ്ഥാനം തകർന്നുകഴിഞ്ഞാൽ സംഭവിക്കാൻ പോകുന്ന ഗുരുതരമായ ഭവിഷ്യത്തിനെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി കാണണം. ആഡിറ്റ് സംവിധാനത്തിൽ ഏതെങ്കിലും തരത്തിൽ വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ഒരു കാരണവശാലും ക്രമക്കേടുകൾ വരാതിരിക്കത്തക്ക പഴുതടച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ നമുക്ക് സാധിക്കണം. ICM (Institute of Co-operative Management), ACSTI (Agricultural Co-operative Staff Training Institute) എന്നീ രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. സഹകരണ വകുപ്പിൽ ജോലി ചെയ്യുന്ന യൂണിറ്റ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ആഡിറ്റർമാർ

അടക്കമുള്ള ആൾക്കാർക്കാണ് അത്യാവശ്യമായി ട്രെയിനിംഗ് കൊടുക്കേണ്ടത്. നൂതനമായ സാങ്കേതികവിദ്യകളാണ് മിക്കവാറും എല്ലാ സംഘത്തിലുമുള്ളത്. അവിടെ നടക്കുന്ന ക്രമക്കേടുകൾ മനസ്സിലാക്കണമെങ്കിൽ അതിന് പരിശീലനം ആവശ്യമാണ്. ഇത്തരം സംഘങ്ങൾ ഇൻസ്പെക്ട് ചെയ്യുന്ന ഉദ്യോഗസ്ഥർക്കാവശ്യമായ പരിശീലനം, വിദഗ്ധരുടെ സാന്നിദ്ധ്യത്തിൽ നൽകിയാൽ മാത്രമേ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. സഹകരണ മേഖല ഡിജിറ്റലൈസേഷനിലേയ്ക്ക് പോകുകയാണ്. ജീവനക്കാരായിരുന്നാലും ഭരണസമിതി അംഗങ്ങളായിരുന്നാലും അത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ആവശ്യമാണ്. ആര് ഭരിക്കുന്ന സംഘങ്ങളായിരുന്നാലും ഒരാളും അതിന് പിന്തുണ കൊടുക്കാതെ, ഇതുപോലെയുള്ള വാർത്തകൾ ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. അതാണ് സഹകരണ മേഖലയിൽ അടിയന്തരമായി ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം. ഞാൻ അത് ഒന്നുകൂടി അടിവരയിട്ട് പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ വിശ്വാസ്യതയെ തകർക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ,

ഊർജ്ജിതമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന കാര്യം പറയാതിരിക്കാൻ സാധിക്കില്ല. ആ വിഷയത്തിൽ വളരെ ഗൗരവമായി സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഒന്നുകൂടി വളരെ കൃത്യമായി സഹകരണ മേഖലയിൽ ഇടപെട്ടുകൊണ്ട് ഏതെല്ലാം തരത്തിലുള്ള പരിശോധന ആവശ്യമാണെന്ന് കണ്ടെത്തി അത് നടത്താനുള്ള ഫലപ്രദമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് സഹകരണ മേഖല ആർജ്ജിച്ചിട്ടുള്ള കരുത്തിനെ സംബന്ധിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. എന്നാലിപ്പോൾ കേന്ദ്ര ഗവൺമെന്റ് സഹകരണ മന്ത്രാലയം രൂപീകരിക്കുകയും അഞ്ച് ലക്ഷം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സഹകരണ ശൃംഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയെന്നുപറയുന്നത് Primary Agricultural Credit Society (PACS)കളാണ്. യഥാർത്ഥത്തിൽ ആ പ്രാഥമിക സംഘങ്ങളെ തകർക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭാവിയിൽ കേന്ദ്ര ഗവൺമെന്റിന്റെ

പദ്ധതികൾ; നബാർഡ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ സഹായങ്ങളും സബ്സിഡികളുമൊക്കെ നിർദ്ദിഷ്ട മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം പ്രാഥമിക സഹകരണ സംഘങ്ങളെ തകർക്കുന്ന നടപടിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുമെന്നാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. അതിന്റെ പ്രവർത്തനങ്ങളെ വളരെ സംശയത്തോടുകൂടിയാണ് നമ്മൾ നോക്കിക്കാണുന്നത്. സഹകരണ മേഖലയിൽ അതുണ്ടാക്കിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. മിക്കവാറും എല്ലാ ഗ്രാമപ്രദേശങ്ങളിലും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ രൂപീകരണവും പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, നമ്മൾ പ്രൈമറി തലത്തിൽ കൊടുക്കുന്ന പലിശനിരക്കിനേക്കാളും കൂട്ടിയാണ് അവർ നിക്ഷേപം സ്വീകരിക്കുന്നത്. അതിനെ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. സഹകരണ മന്ത്രാലയം രൂപീകരിച്ചതുതന്നെ നമ്മുടെ സഹകരണ മേഖലയെ തകർക്കാനാണെന്ന് സംശയിക്കുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. വലിയ തോതിലുള്ള

ഇടപെടൽ ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്.

മറ്റൊരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രികൂടി കേൾക്കേണ്ട ഒരു കാര്യമാണ് എനിക്ക് പറയാനുള്ളത്. സഹകരണ മേഖലയിൽ ഏകദേശം രണ്ടര ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. കുറെ വർഷങ്ങൾക്ക് മുമ്പുള്ള കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മരണപ്പെട്ട ടി. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയുമായിരുന്ന സന്ദർഭത്തിൽ നിക്ഷേപത്തെയും അതിന്റെ യൂട്ടിലൈസേഷനെയും സംബന്ധിച്ച് ഫലപ്രദമായ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. മലപ്പുറം ജില്ലാ ബാങ്കിന്റെ പ്രസിഡന്റെന്ന നിലയിൽ ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അങ്ങ് ആ യോഗത്തിൽ ഉണ്ടായിരുന്നോയെന്ന് എനിക്ക് അറിയില്ല. നമ്മുടെ സഹകരണ മേഖലയിലെ നിക്ഷേപം വികസന പ്രവർത്തന രംഗത്തേയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നത് സംബന്ധിച്ച വിഷയത്തിൽ വളരെ ഗൗരവതരമായ ചർച്ച നടന്നിട്ടുണ്ട്. ഒന്നോ രണ്ടോ യോഗങ്ങൾ അതുമായി

ബന്ധപ്പെട്ട് നടന്നു. അതിലെ രണ്ട് യോഗങ്ങളിൽ പങ്കെടുത്ത വ്യക്തിയെന്ന നിലയിലാണ് ഞാൻ പറയുന്നത്. ഇന്ന് സാമ്പത്തികമായി പല മേഖലകളിലും പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വികസന പ്രവർത്തന രംഗത്ത് പണമില്ല. മറ്റ് ഏജൻസികളിൽനിന്നും നമ്മൾ പണം കടമെടുക്കുകയാണ്. അതിനാൽ രണ്ടര ലക്ഷം കോടി രൂപയെന്നുള്ളത് ചെറിയൊരു നിക്ഷേപമല്ല, വലിയ നിക്ഷേപമാണ്. പല പ്രൈമറി ബാങ്കുകൾക്കും സർപ്ലസ് ഫണ്ടാണ്. അവരുടെ നിക്ഷേപത്തിന് പലിശ നൽകണം. പക്ഷെ അത് യൂട്ടിലൈസ് ചെയ്യാൻ സാധിക്കുന്നില്ല. പല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും പണം കെട്ടിക്കിടക്കുകയാണ്. ഇത് ഏതുതരത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് നമ്മൾ ചിന്തിക്കണം. ധനകാര്യ വിദഗ്ദ്ധരുമായും മുഖ്യമന്ത്രിയുമായും പ്രതിപക്ഷനേതാവുമായും അങ്ങ് ആലോചിച്ച് ഈ ഫണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. മലപ്പുറം ജില്ലയിൽത്തന്നെ പല പ്രൈമറി ബാങ്കുകളിലും ഫണ്ടുകൾ

കെട്ടിക്കിടക്കുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം അത് യൂട്ടിലൈസ് ചെയ്യാൻ സാധിക്കുന്നില്ല. ബാങ്കിനാണെങ്കിൽ നിക്ഷേപത്തിന് പലിശ നൽകുകയും വേണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചുരുക്കിപ്പറയണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഇക്കാര്യത്തിൽ വളരെ ഗൗരവമായ ചിന്ത, ചർച്ച അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ധനകാര്യ മന്ത്രിയുമെല്ലാം ആലോചിക്കുന്നത് നന്നായിരിക്കുമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് നിർണ്ണായകമായ പങ്ക് വഹിച്ചവർ നമ്മുടെ ജീവനക്കാരാണ്. നമ്മുടെ പുരോഗതിയിൽ അവരുടെ പങ്ക് ഒരു കാരണവശാലും മറന്നുകൂടാ. സഹകരണ മേഖലയുടെ പുരോഗതിയോടൊപ്പംതന്നെ അതിന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്നത് നമ്മുടെ ജീവനക്കാരാണ്. അവരുടെ മനോവീര്യം തകർക്കുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുത്. ജീവനക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്ന നിയമ ഭേദഗതികൾ ഉടൻ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. അതോടൊപ്പം, ജീവനക്കാരുടെ

പ്രൊമോഷൻ സാധ്യതകൾ നിഷേധിക്കുന്ന സഹകരണ ചട്ടം ഭേദഗതികൾ പിൻവലിക്കണം. കഴിഞ്ഞദിവസം കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ (അതിന്റെ പ്രസിഡന്റ് ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ. ആണ്) സെക്രട്ടേറിയറ്റിന്റെ മുന്നിൽ ഒരു സമരം സംഘടിപ്പിച്ചിരുന്നു. സഹകരണ ജീവനക്കാർ നേടിയെടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന വിധമാണ് നിലവിൽ വന്നിരിക്കുന്ന സഹകരണ ചട്ടം ഭേദഗതി. അവരെ നിരാശപ്പെടുത്തുന്ന തരത്തിൽ, ഈ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിച്ച ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന, അവരുടെ പ്രൊമോഷന് തടസ്സമുണ്ടാക്കുന്ന തരത്തിലുള്ള പ്രശ്നങ്ങൾ മന്ത്രി ശ്രദ്ധിക്കണം. അതുണ്ടെങ്കിൽ ഒഴിവാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നുകൂടി അപേക്ഷിക്കുന്നു. ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭേദഗതി ചെയ്യുന്നതിലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കുന്നതിന് 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട്

പ്രകാരം നിശ്ചയിച്ച രണ്ട് വർഷക്കാലയളവ് എന്നത് മൂന്ന് വർഷമായി ഉയർത്താനുള്ള കാര്യമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സമീപകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊണ്ട ഏറ്റവും വികലമായ ഒരു നടപടിയായാണ്, ജില്ലാ സഹകരണ ബാങ്കുകളെ ഇല്ലാതാക്കി കേരള ബാങ്ക് രൂപീകരിച്ച നടപടിയെ കക്ഷിരാഷ്ട്രീയത്തിനതീതമായി കേരള ജനത കാണുന്നത്. അത് പ്രതിപക്ഷം മാത്രമല്ല, കേരളത്തിലെ പൊതുസമൂഹം, സഹകാരികൾ, ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന നമ്മുടെ നാട്ടിലെ ഗ്രാമീണ ജനത എന്നിവരെല്ലാം ഈ തീരുമാനത്തിനെതിരെ അതിശക്തമായ പ്രതിഷേധം നാളുകളായി അറിയിക്കുന്നുണ്ടെങ്കിലും സർക്കാർ അത് പുനഃപരിശോധിക്കാതെ കേരള ബാങ്കുമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നിസ്സഹായതയോടെ നമ്മൾ നോക്കിക്കാണുന്നത്. കേരളത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ പതിറ്റാണ്ടുകളായി നാം നടത്തിയ പരിശ്രമങ്ങളിലൂടെ കെട്ടിപ്പടുത്ത സഹകരണ പ്രസ്ഥാനത്തെ എത്ര ലാഘവത്തോടെയാണ് ഈ സർക്കാർ ദുർബലപ്പെടുത്തുന്നത് എന്നതാണ് ചോദ്യം. രാഷ്ട്രീയ ലാഭത്തിനുവേണ്ടി നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് നമ്മുടെ മഹിതമായ സഹകരണ

പാരമ്പര്യത്തെ ഇല്ലാതാക്കുന്ന ഈ നടപടി, ഇരിക്കുന്ന കൊമ്പ് സ്വയം മുറിക്കുന്ന നടപടിയാണ്. അതിൽനിന്നും സർക്കാർ പിന്തിരിയണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കേരള ബാങ്കിനെ പ്രാരംഭ ഘട്ടത്തിൽ അനുകൂലിച്ചവർപോലും ഇന്ന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഈയൊരു തീരുമാനം വൻപരാജയമാണെന്ന് സമ്മതിച്ചുകൊണ്ടിരിക്കുകയാണ്. അനധിവിദൂര ഭാവിയിൽ കേരള ബാങ്കിനെ പിരിച്ചുവിട്ട് പഴയ ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് തിരിച്ചുവരാൻ കേരളം നിർബന്ധിതമാകുമെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിട്ട് കേരള ബാങ്ക് രൂപീകരിച്ചിട്ട് ഇപ്പോൾ മൂന്ന് വർഷം കഴിയുന്നു. സംസ്ഥാനത്ത് നിലനിന്നിരുന്ന ത്രീ ടയർ സിസ്റ്റം (സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ) ഇല്ലാതാക്കി ടു ടയർ സിസ്റ്റം ഏർപ്പെടുത്തുകയുണ്ടായി. താരതമ്യേന വളരെ നന്നായി മുന്നോട്ടുപോയിരുന്ന നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളുടെ, പ്രത്യേകിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ നില വളരെ പരിതാപകരമാക്കാനാണ് യഥാർത്ഥത്തിൽ ഈ സംവിധാനം വഴിവച്ചത്. ഒരു ഘട്ടത്തിൽ പ്രാഥമിക

സഹകരണ സംഘങ്ങളെ സഹായിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകൾ ഇല്ലാതായതോടെ അവയ്ക്ക് ഇന്ന് എങ്ങനെ മുന്നോട്ട് പോകാൻ കഴിയുമെന്ന വലിയൊരു ആശങ്കയാണ് ഇവിടെ പങ്കുവയ്ക്കുന്നത്. നേരത്തെ ജില്ലാ ബാങ്കുകൾക്ക് പ്രൈമറി ബാങ്കുകളെ സഹായിക്കാനുള്ള സാഹചര്യമുണ്ടായിരുന്നു. പക്ഷേ ഇന്ന് അതിനുള്ള സാഹചര്യങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇടപെടലും പുതിയ തീരുമാനങ്ങളും കാരണം പൂർണ്ണമായും ഇല്ലാതാകുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി കിട്ടാത്ത സാഹചര്യമാണ് ഇപ്പോൾ പലപ്പോഴും ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ കരുവന്നൂർ ബാങ്കിൽ നിക്ഷേപം തിരികെ ലഭിക്കാതെ, ജീവൻ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ എത്രയോ നിക്ഷേപകർ അവരുടെ ആശങ്കയുമായി മുന്നോട്ടുവരുന്നു. നേരത്തെ ജില്ലാ സഹകരണ ബാങ്കുണ്ടായിരുന്നപ്പോൾ അവർക്ക് ഇക്കാര്യത്തിൽ സഹായിക്കാൻ സാധിക്കുമായിരുന്നു. പക്ഷേ ഇന്ന് കേരള ബാങ്കിന് ഒരു വിധത്തിലും ആ സഹകരണ സംഘത്തെപ്പോലും സഹായിക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് നമ്മുടെ മുന്നിൽ ഒരുദാഹരണമായി നിൽക്കുകയാണ്. സംസ്ഥാനത്തിന്റെ മാത്രം അധീനതയിലുള്ള സംസ്ഥാന സഹകരണ ബാങ്കുകളെ ഫലത്തിൽ

കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കുന്ന നടപടിയാണ് കേരള ബാങ്ക് രൂപീകരണം. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ ഫിസ്കൽ ഫെഡറലിസം പൂർണ്ണമായും തകർക്കുന്ന ഒരു നടപടിയായി ഇതിനെ കാണാൻ സാധിക്കും. കേരള ജനതയുടെ എല്ലാ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാക്കുന്നവിധം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെ ഏറെ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ ഈ കേരള ബാങ്കിന്റെ എല്ലാ പ്രസക്തിയും ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. കേരള ബാങ്ക് രൂപീകരണത്തിനുവേണ്ടി ആർ.ബി.ഐ.-യുടെ എല്ലാ മാനദണ്ഡങ്ങളും അംഗീകരിച്ച് അവസാനം ആർ.ബി.ഐ. കേരളത്തിലെ സഹകരണ മേഖലയെത്തന്നെ പിടിമുറുക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കേരള ബാങ്കാണ് ആർ.ബി.ഐ.-യ്ക്ക് കേരളത്തിൽ പിടിമുറുക്കാൻ അവസരമൊരുക്കിക്കൊടുത്തത്. ജില്ലാ സഹകരണ ബാങ്ക് ഇല്ലാതാകുമ്പോൾ പാവപ്പെട്ടവന് ആറോ ഏഴോ ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കാമെന്ന് സർക്കാർ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ പാവപ്പെട്ടവന് കേരള ബാങ്കിലേയ്ക്ക് കയറിച്ചെല്ലാൻപോലും കഴിയാത്ത

അവസ്ഥയിലേയ്ക്കായിരിക്കുന്നു. സംസ്ഥാന തലത്തിലുള്ള കേരള ബാങ്കിന് ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണിപ്പോഴുള്ളത്. സഹകരണ തത്വംപോലും മറന്നാണ് ന്യൂ ജനറേഷൻ ബാങ്കുകളെപ്പോലെ ഇപ്പോൾ കേരള ബാങ്ക് ജനങ്ങളോട് പെരുമാറുന്നത്. കേരള ബാങ്ക് വന്നതുമൂലം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെപോലും നിലനിൽപ് ഭീഷണിയിലായിരിക്കുന്നു. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകൾ നൽകിവരുന്ന പലിശ നിരക്ക് കുറച്ചതുമൂലം അവ വൻ പ്രതിസന്ധിയിലേയ്ക്കാണ് പോകുന്നത്. പ്രാഥമിക തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങളിലുണ്ടായിരുന്ന റിസർവേഷൻ ഇല്ലാതായതും ഈ മേഖലയിലെ ഒരു വലിയ പ്രതിസന്ധിയാണ്. കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിലുണ്ടായിരുന്ന എൻ.ആർ.ഐ. അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള നൂതനമായ സംവിധാനങ്ങൾ കേരള ബാങ്ക് നിലവിൽ വന്നതോടെ ആർ.ബി.ഐ.-യ്ക്ക് സറണ്ടർ ചെയ്യുകയും കേരള ബാങ്കിൽ ഈ സംവിധാനങ്ങൾ കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. കക്ഷത്തിലിരിക്കുന്നത് പോകുകയും

ചെയ്തു, ഉത്തരത്തിലിരിക്കുന്നത് എടുക്കാനും കഴിയുന്നില്ലായെന്ന അവസ്ഥ ഇതുവഴിയുണ്ടായി. അതുകൊണ്ട്, ജില്ലാ സഹകരണ ബാങ്കുകളെ പുനരുജ്ജീവിപ്പിക്കുക, പഴയ സംവിധാനത്തിലേയ്ക്ക് കേരളത്തെ തിരിച്ച് കൊണ്ടുവരിക എന്നതാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്. പതിറ്റാണ്ടുകളായി നാം ഉയർത്തിക്കൊണ്ടുവന്ന സഹകരണ പ്രസ്ഥാനത്തെ അതിശക്തമായ നിലയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള തീരുമാനമുണ്ടാകണം. അതിന് ദുരഭിമാനം വെടിഞ്ഞ് സർക്കാർ തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്. കരുവന്നൂർ ബാങ്ക് തട്ടിപ്പ് പുറത്തുവന്നതിനുശേഷം സഹകരണ മേഖലയ്ക്ക് നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഒരു നടപടിയും നാളിതുവരെയായി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ടീം ഓഡിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങളും 1981-നുശേഷം പുനഃസംഘടിപ്പിക്കാത്തതും ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രഖ്യാപിച്ചിരുന്നെങ്കിലും ഒന്നും നടപ്പിലാക്കി കണ്ടിട്ടില്ല. സർക്കാർ സഹകരണ വകുപ്പിലെ ഓഡിറ്റ് ഏകീകരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതി ചേർന്നതായി അറിയാൻ കഴിഞ്ഞു. സഹകരണ മേഖലയിലെ സ്വതന്ത്ര ഓഡിറ്റ്

സംവിധാനമില്ലാതാക്കി, തമിഴ്നാട് മാതൃകയിൽ ഏകീകൃത ഓഡിറ്റ് സമ്പ്രദായം കൊണ്ടുവന്ന് സ്വകാര്യ ഏജൻസിക്ക് കൊടുക്കാനുള്ള ഗൂഢലക്ഷ്യം ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കുകയാണ്. സഹകരണ മേഖലയിലെ അഴിമതി പട്ടിക ഓരോ ദിവസവും കൂടി വരുന്നുണ്ടെങ്കിലും കുറ്റം ചെയ്തവർക്കെതിരെ നടപടിയെടുക്കുന്നതിനുള്ള സംവിധാനം സഹകരണ വകുപ്പിൽ നിലവിലുണ്ടോയെന്ന് സത്യത്തിൽ ആശങ്കയുണ്ട്. അഴിമതി നടത്തിയ ആളുകൾ ദിവസങ്ങൾക്കുള്ളിൽ ജാമ്യത്തിലിറങ്ങുമ്പോൾ, അഴിമതി കണ്ടെത്തിയ ഓഡിറ്റർ ഒരു വർഷത്തോളം സസ്പെൻഷനിൽ കഴിയേണ്ട വിചിത്രമായ സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. കരുവന്നൂർ, കണ്ടല, മൈലപ്ര, മത്സ്യഫെഡ് തുടങ്ങി സഹകരണ ബാങ്കുകളുടെ അഴിമതി പട്ടിക നീളുന്നുണ്ടെങ്കിലും അതിന് കാരണക്കാരായവരുടെ കൈയിൽനിന്നും തുക തിരിച്ച് പിടിക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കിയെങ്കിൽ മാത്രമേ ഭാവിയിൽ ഇത്തരം ദുഷ്പ്രവൃത്തികൾ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. അടുത്ത കാലത്തായി നടന്ന സഹകരണ അഴിമതിക്കഥകളിൽ, ബാങ്കിന്റെ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ച് തുടങ്ങുന്ന ഉപസ്ഥാപനങ്ങൾ പ്രത്യേകം

പ്രവർത്തിക്കുന്നതായും അവയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻപോലും വ്യവസ്ഥയില്ലാത്തതായുമാണ് കാണുന്നത്. ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിൽ വകുപ്പിനുണ്ടാകുന്ന തടസ്സം, അതിന്റെ അഴിമതിയുടെ സാധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. സഹസ്ഥാപനങ്ങൾ തകരുകയും ഉപസ്ഥാപനം കൊഴുക്കുകയും ചെയ്യുന്ന അവസ്ഥയാണ് അതുമൂലം ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് സഹകരണ പ്രസ്ഥാനങ്ങളുടെ തകർച്ചയ്ക്ക് കാരണമായിക്കൊണ്ടിരിക്കുകയാണ്. മൈലപ്ര, പാലാ മാർക്കറ്റിംഗ് സഹകരണ ബാങ്ക് തുടങ്ങിയവയെല്ലാം ഈയടുത്ത കാലത്തുണ്ടായ ഏതാനും ഉദാഹരണങ്ങളാണ്. 22-11-2021-ൽ ഇറങ്ങിയ ആർ.ബി.ഐ.-യുടെ മുന്നറിയിപ്പ് നോട്ടീസ് കേരളത്തിലെ സഹകരണ സംഘങ്ങളെ ഏറെ ആശങ്കയിലാക്കിയിരിക്കുകയാണ്. ആർ.ബി.ഐ. ലൈസൻസ് ഇല്ലാത്ത സംഘങ്ങൾ പേരിനൊപ്പം 'ബാങ്ക്' എന്ന പദം ഉപയോഗിക്കരുതെന്നും ഇത്തരം സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് കേന്ദ്ര നിക്ഷേപ ഗ്യാരന്റി കോർപ്പറേഷന്റെ സുരക്ഷയില്ലെന്നും സഹകരണ സംഘങ്ങളിലെ നോമിനൽ/അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കരുതെന്നും നോട്ടീസിൽ പറയുന്നുണ്ട്. ഈ നോട്ടീസ്

സഹകരണ മേഖലയിൽ വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുസംബന്ധിച്ച് ഇപ്പോഴും സർക്കാർ ഇരുട്ടിൽ തപ്പുകയാണ്. സഹകാരികളുടെ ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണം. സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് അതിന്റെ പരിധി രണ്ട് ലക്ഷം രൂപ എന്നുള്ളത് ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് യാതൊരു ഉത്തരവുകളും ഇറങ്ങിയതായി അറിയാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപം നഷ്ടപ്പെട്ട ഒരാൾക്ക് അത് തിരികെ ലഭിക്കണമെങ്കിൽ, സംഘം വൈൻഡ്-അപ് ചെയ്യുമ്പോൾ മാത്രമേ അതിന് കഴിയൂവെന്ന നിലയിലാണ് ഇപ്പോഴത്തെ വ്യവസ്ഥ. ഇതിന് മാറ്റമുണ്ടായില്ലെങ്കിൽ സഹകരണ സ്ഥാപനത്തോടുള്ള വിശ്വാസ്യത നിലനിർത്താൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സഹകരണ മേഖലയെ ഒരുമിച്ചുനിന്ന് സംരക്ഷിക്കേണ്ട സർക്കാർ അത് രാഷ്ട്രീയവൽകരിക്കുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. രാഷ്ട്രീയ പ്രതിയോഗികളുടെ സഹകരണ സ്ഥാപനങ്ങൾ പിരിച്ചുവിട്ട് ഭരണം കയ്യാളാൻ ശ്രമിക്കുന്ന

ഭരണകൂട ഭീകരത സഹകരണ വകുപ്പിൽ നിലനിൽക്കുകയാണ്. മിൽമ, കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയെല്ലാം ഇതിന്റെ അവസാനത്തെ ഉദാഹരണങ്ങൾ മാത്രമാണ്. കേന്ദ്ര സർക്കാർ യാതൊരു നിയന്ത്രണവുമില്ലാതെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങൾ രജിസ്റ്റർ ചെയ്ത് കൂൺ പോലെ കേരളത്തിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്ന സാഹചര്യത്തിൽ, രാഷ്ട്രീയപ്രേരിതമായി സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ ഒരു ഭാഗത്ത് സർക്കാരും ശ്രമിക്കുമ്പോൾ സഹകരണ മേഖലയെക്കുറിച്ചുള്ള നമ്മുടെ വിശ്വാസ്യതയാണ് തകരുന്നത്. ഒരു വശത്ത് സർക്കാർ സഹകരണ മേഖലയുടെ സംരക്ഷകനായി അഭിനയിക്കുകയും മറുഭാഗത്ത് അന്തകനായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈയൊരു സാഹചര്യം അവസാനിപ്പിക്കണം. 2021-ലെ ആഡിറ്റ് റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ 726 പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിലാണെന്നാണ് കണക്ക്. നമ്മുടെ സംസ്ഥാനത്താകെയുള്ള 1625 പ്രാഥമിക സഹകരണ സംഘങ്ങളിൽ പകുതിയോളം നഷ്ടത്തിലാണെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. 2022-ലെ ആഡിറ്റ് പൂർത്തിയാകുമ്പോഴേയ്ക്കും ബഹുഭൂരിഭാഗം ബാങ്കുകളും നഷ്ടത്തിലേയ്ക്ക്

പോകുമെന്നുള്ള സൂചന ഇതുവഴി നമുക്ക് ലഭിക്കുകയാണ്. ഇങ്ങനെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നത് വളരെ ഗൗരവമായി കാണണം. സഹകരണ വകുപ്പ് ഇപ്പോൾ സമഗ്ര നിയമനിർമ്മാണത്തിന് ഒരുങ്ങുകയാണ്. സമഗ്രമായൊരു ബിൽ അടുത്ത സഭയിൽ വരുമെന്ന് വാർത്തകൾ വരുന്നുണ്ട്. ഇത്തരം സന്ദർഭത്തിൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും പങ്കുള്ള, പ്രത്യേകിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരെയും വിശ്വാസത്തിലെടുത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താനുതകുന്ന വിധത്തിലുള്ള നിയമനിർമ്മാണങ്ങളായിരിക്കണം ഈ സഭയിൽ വരേണ്ടത്. അതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപര്യമെടുക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു നാടിന്റെ വികസനത്തിൽ ആ നാട്ടിലെ സഹകരണ പ്രസ്ഥാനങ്ങൾക്കും വിദ്യാലയങ്ങൾക്കുമാണ് യഥാർത്ഥ പങ്ക് എന്നുപറഞ്ഞ നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മുതൽ നമ്മുടെ പ്രധാനമന്ത്രിമാർ മുൻകാലങ്ങളിൽ പറഞ്ഞിട്ടുള്ള വാക്കുകൾ നമുക്കെല്ലാവർക്കും ആവേശം പകരുന്നതും കക്ഷിരാഷ്ട്രീയത്തിനതീതമായി ശ്രവിച്ചിട്ടുള്ളതും

ഏറ്റെടുത്തിട്ടുള്ളതുമാണ്. അത് കേരളത്തിൽ നടപ്പിലാക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായാണ് പല ബില്ലുകളും ഈ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടത്. അക്കാര്യത്തിൽ ഒരു പുനർവിചിന്തനം സർക്കാർ സ്വീകരിക്കണം, പ്രത്യേകിച്ച് ഭൂരിപക്ഷത്തിന്റെ താൽപര്യംപോലും ഉൾക്കൊള്ളാതെ ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഇല്ലാതാക്കാനും ആ ജില്ലയിലെ ജനങ്ങളുടെ താൽപര്യങ്ങൾക്കെതിരെയും സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമത്തിൽനിന്നും പിന്തിരിയണം. ഒരു ജില്ലാ ബാങ്കിനെ ലയിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ നിയമവിരുദ്ധമായ മറ്റ് നടപടികളുമായി മുന്നോട്ടുപോകുന്ന ഈ നീക്കത്തിൽനിന്നും ഇനിയെങ്കിലും പിന്തിരിയണമെന്ന അഭ്യർത്ഥനയോടെ ഈ നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു, വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ ഈ കൊച്ചുകേരളം പല

മേഖലകളിലും ലോകത്തിന് മാതൃകയായി മികവ് പുലർത്തി തലയുയർത്തി നിൽക്കുകയാണ്. ആയുർദൈർഘ്യം, സാക്ഷരത, സ്ത്രീകളുടെ വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം തുടങ്ങിയവയെല്ലാം അത്തരത്തിൽ കേരളത്തിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. അതുപോലെ ഗ്രാമീണ മേഖലയുടെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഏറെ സഹായകരമായ നമ്മുടെ സഹകരണ മേഖലയും എടുത്തുപറയാവുന്ന ഒന്നാണ്. സമീപ വർഷങ്ങളിൽ സഹകരണ ബാങ്കിംഗ് മേഖലയിലെ മികവിന് കേരള ബാങ്കിന് ദേശീയ തലത്തിൽ അവാർഡുൾപ്പെടെ നിരവധി ബഹുമതികൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഏർപ്പെടുത്തിയ അവാർഡിന് അർഹമായത് കേരളത്തിന്റെ അഭിമാനമായ കേരള ബാങ്കാണ്. സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച അടക്കമുള്ള പ്രവർത്തനങ്ങളാണ് ഫെഡറേഷൻ വിലയിരുത്തിയിരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഗ്രാമീണ ജനതയ്ക്കും കർഷകർക്കും മെച്ചപ്പെട്ട ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കുന്ന ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ പ്രവർത്തനം, വിഭവ സമാഹരണവും വികസനവും, ബാങ്കിംഗ്

സേവനങ്ങൾ പരമാവധി ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിൽ കൈവരിച്ച നേട്ടം, മികച്ച വായ്പാ തിരിച്ചടവ്, കുടിശ്ശിക നിർമ്മാർജ്ജന യജ്ഞം, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, കമ്പ്യൂട്ടർവത്കരണം തുടങ്ങിയ നിരവധി നേട്ടങ്ങൾ പരിഗണിച്ചാണ് കേരള ബാങ്കിന് അംഗീകാരം ലഭിച്ചത്. സംസ്ഥാനത്ത് സഹകരണ മേഖലയിലെ നിക്ഷേപം രണ്ടര ലക്ഷം കോടി രൂപയായി ഉയർന്നിട്ടുണ്ട്. മഹാപ്രളയങ്ങളും കോവിഡും വന്നുചേർന്ന ഈ ദുരിതകാലത്തും സാമ്പത്തിക പ്രയാസങ്ങളുള്ള കാലത്തും നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ക്യാമ്പയിനിൽ വൻവിജയം നേടാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിരുന്നു. ആറായിരം കോടി രൂപ ലക്ഷ്യമിട്ടത് 7254 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ നിക്ഷേപ ഗ്യാരണ്ടിയില്ല എന്ന വസ്തുതാവിരുദ്ധമായ പ്രചരണങ്ങൾക്കിടയിലാണ് നിക്ഷേപ സമാഹരണത്തിലെ ഈ മികച്ച നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരള ബാങ്കിന്റെ പ്രവർത്തനലാഭം 336.39 കോടി രൂപയും അറ്റലാഭം 77.24 കോടി രൂപയുമാണ്. ബാങ്കിന്റെ ഐ.ടി. സംയോജനം ഈ വർഷം

പൂർത്തിയാക്കുകയും ചെയ്യുന്നതോടെ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടാവുകയാണ്. വനിതകൾക്ക് സ്വയംതൊഴിലിനായി കേരള ബാങ്കിന്റെ മഹിള ശക്തി സ്വയംതൊഴിൽ സഹായ വായ്പ പദ്ധതി പ്രകാരം വനിത സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ അഞ്ച് ലക്ഷം രൂപ വരെ വായ്പ നൽകുന്നത് വലിയ മുന്നേറ്റത്തിന് വഴിവയ്ക്കുന്നതാണ്. നിരവധി പദ്ധതികൾ വനിത സംരംഭകർക്കായി ഉണ്ടെന്ന് മാത്രമല്ല, അവയ്ക്കെല്ലാം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നബാർഡിന്റെയും പലിശ ഇളവ് ലഭിക്കുകയും ചെയ്യും. പ്രതിസന്ധിയിലാകുന്ന സഹകരണ ബാങ്കുകളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന സംരക്ഷണനിധി സഹകരണ മേഖലയ്ക്കാകെ രക്ഷാകവചമാകും. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മിച്ച ധനവും കരുതൽ ധനവും ഉപയോഗിച്ചുകൊണ്ടുള്ള സഞ്ചിത നിധിയിൽ 500 കോടി രൂപ ഉറപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. ജന്മിത്വത്തെ തകർത്തെറിഞ്ഞ ഭൂപരിഷ്കരണ നടപടികൾ, കാര്യക്ഷമമായ പൊതുമേഖലാ സംവിധാനങ്ങൾ തുടങ്ങിയ സവിശേഷ സാഹചര്യങ്ങൾ കേരളത്തെ ലോക ഭൂപടത്തിൽ സവിശേഷമായ ഒരു സ്ഥാനത്തിന്

അർഹമാക്കിയിട്ടുണ്ട്. കേരളത്തിന്റെ ഈ മുന്നേറ്റത്തിൽ ഇടതുപക്ഷ കർഷക രാഷ്ട്രീയത്തോടൊപ്പം സഹകരണ മേഖലയും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. നാടിന്റെ വികസനത്തിന് വലിയ സംഭാവന നൽകുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ഗൂഢപദ്ധതികൾക്കെതിരെ പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. രാജ്യത്തിന്റെ ധനം, മൂലധനശക്തികൾക്ക് വിട്ടുകൊടുക്കുവാൻ കേന്ദ്ര ബി.ജെ.പി. ഭരണത്തിൽ തുടർച്ചയായ നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടര ലക്ഷം കോടി രൂപ നിക്ഷേപമുള്ള കേരളത്തിന്റെ സഹകരണ മേഖലയിൽ കോർപ്പറേറ്റുകളുടെയും കേന്ദ്രത്തിന്റെയും കഴുകൻ കണ്ണുകൾ പതിയാൻ തുടങ്ങിയിട്ട് നാളേറെയായി. കേരളത്തിന്റെ ഭദ്രമായ സാമ്പത്തിക അടിത്തറ തകർക്കാൻ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിലൂടെ കഴിയുമെന്ന് കേന്ദ്ര സർക്കാരും ബി.ജെ.പി.യും കണക്കുകൂട്ടുന്നു. അടുത്ത ദിവസങ്ങളിലായി സഹകരണ പ്രസ്ഥാനത്തെ മുൻനിർത്തി ബി.ജെ.പി.യും സംഘ പരിവാറും കോൺഗ്രസ്സും ഒരു വിഭാഗം മാധ്യമങ്ങളും നടത്തുന്ന കള്ളപ്രചരണങ്ങൾ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകർക്കാനും അതുവഴി സഹകരണ

മേഖലയെ തകർക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ്. സഹകരണ മേഖലയിൽ ചില ഒറ്റപ്പെട്ട തെറ്റായ സംഭവങ്ങളുണ്ടായിട്ടുണ്ട് എന്നത് ശരിതന്നെയാണ്. അത്തരം സംഘങ്ങളെ ഒരു രാഷ്ട്രീയ പരിഗണനയും വിട്ടുവീഴ്ചയുമില്ലാതെ നന്നാക്കുന്നതിനും നിയന്ത്രിക്കുന്നതിനും സഹകരണ നിയമത്തിലും ചട്ടങ്ങളിലുമുള്ള വ്യവസ്ഥകളെ മുൻനിർത്തി കുറ്റക്കാർക്കെതിരെ മുഖംനോക്കാതെ നടപടികൾ സ്വീകരിക്കുകയാണ്. നിക്ഷേപകരുടെ നയാപൈസപോലും നഷ്ടപ്പെടുകയില്ലെന്ന് സർക്കാർ ഉറപ്പുനൽകുന്നു. കുറ്റക്കാരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിക്കുന്നു. ഇതൊന്നും കാണാതെയുള്ള വിമർശനങ്ങൾക്ക് മറ്റ് ലക്ഷ്യങ്ങളുണ്ട്. ബാങ്കിംഗ് മാത്രമല്ല, കയർ, കൈത്തറി, മത്സ്യ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന വലിയൊരു ശൃംഖലയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കെയർ ഹോം പദ്ധതിയിലൂടെ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ആയിരങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞു. ഇങ്ങനെ മനുഷ്യത്വപരമായ മുഖത്തോടെ, കരുത്തോടെ നിലകൊള്ളുന്ന കേരളത്തിലെ സഹകരണ മേഖലയിലെ സാമ്പത്തികശേഷി കോർപ്പറേറ്റുകൾക്ക്

അപഹരിക്കാൻ വഴിയൊരുക്കുക എന്നതാണ് നരേന്ദ്രമോദി സർക്കാരിന്റെ താൽപര്യം. 2020 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയെടുത്ത ബാങ്കിംഗ് നിയമഭേദഗതിയുടെ പ്രധാന ഉള്ളടക്കം ഇതുതന്നെയാണെന്ന് വ്യക്തമാക്കുന്നുണ്ട്. സംസ്ഥാന വിഷയമായ സഹകരണം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ കീഴിലുള്ള പ്രത്യേക മന്ത്രാലയമാക്കുന്നതിന് പിന്നിലുൾപ്പെടെ ഇത്തരം പ്രത്യേക അജണ്ടകളുണ്ടെന്ന് കാണാൻ കഴിയുന്നു. രാഷ്ട്രീയ സങ്കുചിത താൽപര്യങ്ങളോടെ സംഘപരിവാറിന്റെ ഈ അജണ്ടകൾക്ക് അരുനിൽക്കുകയാണ് സംസ്ഥാനത്തെ പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും. ഇത് എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്. നമ്മുടെ കേരളത്തിൽ സാധാരണക്കാരന് വിവാഹം, വിദ്യാഭ്യാസ ആവശ്യങ്ങൾ, മറ്റ് ആവശ്യങ്ങൾ എന്നിവയുണ്ടാകുമ്പോൾ പെട്ടെന്ന് ആശ്രയിച്ച് ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന സംവിധാനങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ. അവിടെ ലഭിക്കുന്ന നിക്ഷേപങ്ങളെല്ലാം അതാത് ബാങ്കിന്റെ പരിധിയിൽ വായ്പകളായി മാറി നമ്മുടെ സമൂഹത്തിൽ സമ്പത്ത് വ്യാപിക്കുകയാണ് ചെയ്യുന്നത്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ബാങ്കുകൾ വഴി വിജയ് മല്യയും നീരവ് മോദിയും പതിനായിരക്കണക്കിന് കോടി രൂപ അപഹരിച്ചെടുത്തത് നാം കണ്ടുവല്ലോ. എങ്ങനെയാണ് അവർക്കതിന് കഴിയുന്നത്? സഹകരണ സ്ഥാപനങ്ങൾ നാട്ടിൻപുറത്തെ സാധാരണക്കാരായ തൊഴിലാളികളുടെയും ജീവനക്കാരുടെയും ചെറിയ ചെറിയ സമ്പാദ്യങ്ങൾ സാധാരണ മനുഷ്യർക്കുവേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ ബാങ്കിംഗ് മേഖലയിലുള്ള മറ്റ് പല സ്ഥാപനങ്ങളിലെയും സമ്പാദ്യം വിജയ് മല്യയും നീരവ് മോദിയും പോലെയുള്ള കോർപ്പറേറ്റുകൾക്കും വൻകിട കുത്തകകൾക്കും അപഹരിച്ചെടുക്കാൻ സാധിക്കുന്നുവെന്നതാണ് വ്യത്യാസം. ഇതുതന്നെയാണ് അവർ ലക്ഷ്യമിടുന്നത്. ഇവിടെ കുന്നുകൂടിയിട്ടുള്ള പണമെല്ലാം കൈവശപ്പെടുത്തണമെന്ന അജണ്ടയുമായി ബന്ധപ്പെട്ട നടപടികളുമായിട്ടാണ് ബി.ജെ.പി. ഈ രാജ്യത്ത് മുന്നോട്ടുപോകുന്നത്; അതിന്റെ ഭാഗമായിട്ടാണ് അവർ ചില നീക്കങ്ങൾ കേരളത്തിൽ നടത്തുന്നത്. നേരത്തെ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ട് അസാധുവാക്കിയ ഘട്ടത്തിൽ ആ രൂപ മാറ്റിയെടുക്കാനുള്ള അവകാശത്തിൽനിന്ന് സഹകരണ

മേഖലയെ ഒഴിവാക്കിയതിൽ വലിയ പ്രതിഷേധങ്ങളുണ്ടായി. ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ പരസ്യമായ പ്രതിഷേധങ്ങളും കേരളത്തിൽ ഉയർത്തിക്കൊണ്ടുവന്നു. പക്ഷേ ഇക്കാര്യത്തിൽ യു.ഡി.എഫ്.-ഉം കോൺഗ്രസ്സും സ്വീകരിച്ച സമീപനമെന്തായിരുന്നു? ഒരുമിച്ചുനിന്ന് പ്രതിഷേധിക്കേണ്ടതും പ്രതിരോധം തീർക്കേണ്ടതുമായ ഘട്ടത്തിൽ കോൺഗ്രസ്സും യു.ഡി.എഫ്-ഉം സ്വീകരിച്ച സമീപനം നമുക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണ്. ഇവിടെ ചില സ്ഥലത്ത് ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായി. ... അതിപ്പോൾ ഒരു സ്ഥലത്ത് മാത്രമല്ലല്ലോ ... എന്റെ ജില്ലയായ തൃശ്ശൂരിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് പിരിച്ചുവിടപ്പെട്ട ഒരു പുത്തൂർ സർവ്വീസ് സഹകരണബാങ്കുണ്ടായിരുന്നു. കാലങ്ങളായി യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഇപ്പോൾ എൽ.ഡി.എഫ്. ജയിച്ചു; സഹകാരികൾ ആ നിലപാട് സ്വീകരിച്ചു; ഈ അടുത്ത മൂന്ന് മാസം മുമ്പുണ്ടായ സംഭവമാണ്. കരുവന്നൂർ ബാങ്കിന്റെ ഇഷ്യൂയൊക്കെ വലിയതോതിൽവന്ന ഘട്ടത്തിലാണ് പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് യു.ഡി.എഫ്. ഭരിച്ചിരുന്നത്. അവിടെ അഴിമതിയും ക്രമക്കേടുമൊക്കെ വന്നതിനാൽ അത് പിരിച്ചുവിട്ടു.

എൽ.ഡി.എഫ്.-ന്റെ കാലത്തല്ല; നേരത്തെതന്നെ പിരിച്ചുവിട്ടതാണ്; പണം കൊടുക്കാൻ കഴിയാത്തതിനാലുണ്ടായതാണ്. തുടർന്ന് അവിടെ തെരഞ്ഞെടുപ്പ് നടന്നു. യു.ഡി.എഫ്.-നെയും കോൺഗ്രസ്സിനെയും ഈ സഹകരണമേഖലയെ തകർക്കുന്ന സമീപനങ്ങൾ സ്വീകരിക്കുന്നവരെയും സഹകാരികൾ ഒറ്റപ്പെടുത്തി. അതാണ് അവിടെ കണ്ടത്. കേരളത്തിന്റെ സമ്പത്ത് ഉപയോഗപ്പെടുത്തിക്കൊണ്ട്, സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനപ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ബാങ്കിലൂടെ നമുക്ക് കഴിയും. കേരള ബാങ്ക് കേരളത്തിന്റെ സ്വന്തം ബാങ്കാണ്. കേരളത്തിന് സ്വന്തമായി കെ-ഫോണുണ്ടായിരിക്കുന്നു; അങ്ങനെ ഓരോന്നും നമ്മൾ സ്വന്തമായി സംഘടിപ്പിക്കുകയാണ്. അതിൽ അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളുമൊക്കെയുണ്ടാകും. അതൊക്കെ ചർച്ചചെയ്ത് ഈ രീതിയിലുള്ള പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ആ നിലയിൽ ഇതിനെ കാണണമെന്നും പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നതോടൊപ്പം ഞാൻ ഈ ഭേദഗതിയെ അംഗീകരിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. യു. എ. ലത്തീഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ഭേദഗതി ബില്ലിനെ എതിർക്കുന്നു. കേരളത്തിലെ ജില്ലാ ബാങ്കുകൾക്കെല്ലാം മൂന്ന് കൊല്ലത്തെ സമയം നീട്ടിക്കൊടുക്കുന്നുവെന്ന് ഇത് വായിച്ചാൽ തോന്നും. എന്നാൽ അങ്ങനെയല്ല. 13 ബാങ്കുകൾ ലയിച്ചു; മലപ്പുറം ജില്ലാ ബാങ്ക് മാത്രമാണ് ബാക്കിയുള്ളത്. അതുകൊണ്ട് ഈ ബിൽ മലപ്പുറം ജില്ലാ ബാങ്കിനെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്.

മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതല്ല ഇന്ന് കേരളത്തിലെ സഹകരണ മേഖലകൾ നേരിടുന്ന പ്രധാന പ്രശ്നം. നാലഞ്ച് കാര്യങ്ങൾ ഞാൻ സൂചിപ്പിക്കട്ടെ, ഒന്ന്, സഹകരണ ബാങ്കുകൾക്കുമേൽ കേന്ദ്ര ബാങ്ക് വരുന്നു. രാജ്യത്തെ സഹകരണ ബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ നടപടി തുടങ്ങിയതിന്റെ ഭാഗമായി അപ്പക്സ് ബോഡി രൂപീകരിച്ചു. അപ്പക്സ് കോർപ്പറേഷൻ ഡെവലപ്പ്മെന്റ് ലിമിറ്റഡ് എന്ന

പേരിൽ കേന്ദ്ര ഗവൺമെന്റ് കമ്പനി രജിസ്റ്റർ ചെയ്തു. സഹകരണ ബാങ്കുകൾക്കും സംഘങ്ങൾക്കും റീ-ഫിനാൻസ് ഫെസിലിറ്റി ഉറപ്പുവരുത്തുക; മൂലധനസഹായം ഉറപ്പുവരുത്തുക; സംഘങ്ങളുടെ വളർച്ച, വികസനം, സാമ്പത്തിക സ്ഥിരത എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യങ്ങളെന്ന് അതിന്റെ പ്രവർത്തന രേഖയിൽ പറയുന്നു. നബാർഡിന്റെ കാർഷിക വായ്പകൂടി ഇതിലേയ്ക്ക് മാറുമ്പോൾ കേരള ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളുടെയും കേന്ദ്ര ബാങ്കായി ഇത് മാറുകയും നമ്മുടെ സഹകരണ മേഖല തകരുകയും ചെയ്യും. അതുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര സഹകരണ വകുപ്പുമന്ത്രി ശ്രീ. അമിത് ഷാ നിങ്ങളുടെ ഈ പുതിയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വള്ളംകളി കാണാൻ മുഖ്യാതിഥിയായി വരുമ്പോൾ ഈ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ മേഖലയെ രക്ഷിക്കാൻ ആവശ്യപ്പെടണമെന്നുമാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

രണ്ട്, ഇന്ത്യയിൽ സഹകരണ ബാങ്ക് രംഗത്ത് കേരളം ഒന്നാം സ്ഥാനത്താണെന്ന് അവകാശപ്പെടുമ്പോൾത്തന്നെ 2021-ലെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 1561 ബാങ്കുകളിൽ 726 എണ്ണം നഷ്ടത്തിലാണ്.

കാരണങ്ങൾ കണ്ടുപിടിച്ച് അവയെ സഹായിക്കണം.

മൂന്ന്, സഹകരണ ബാങ്കുകൾ ബാങ്ക്, ബാങ്കർ, ബാങ്കിംഗ്, ചെക്ക് എന്നീ പദങ്ങൾ ഉപയോഗിക്കരുത് എന്ന ആർ.ബി.ഐ. -യുടെ നിർദ്ദേശം നടപ്പായാൽ സഹകരണ ബാങ്കുകൾക്ക് നിലനിൽക്കാൻ സാധിക്കുകയില്ല. ഇതിനെ നേരിടാൻ ഭരണ-പ്രതിപക്ഷ കക്ഷികൾ യോജിച്ചുള്ള മുന്നേറ്റം വേണം. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം.

നാല്, സഹകരണ ബാങ്കുകൾ പരിധിയിൽക്കൂടുതൽ പണം പിൻവലിച്ചതിനും നിക്ഷേപങ്ങളുടെ പലിശയ്ക്കും ആദായനികുതി അടയ്ക്കണമെന്ന് കാണിച്ച് കേരള ബാങ്ക് 1600-ഓളം വരുന്ന ബാങ്കുകൾക്ക് നോട്ടീസ് അയച്ചിരിക്കുന്നു. ക്ഷേമ പെൻഷനുകളും കെ.എസ്.ആർ.ടി.സി. പെൻഷനുകളും സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്യുമ്പോൾ മിക്കവാറും സംഘങ്ങൾ മൂന്ന് നാല് കോടി രൂപ പിൻവലിക്കുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ ആദായനികുതി നൽകിയാൽ ബാങ്കുകൾ കീഴ്പ്പോട്ട് പോകും. അത് തടയാൻ ഗവൺമെന്റ് മുൻകൈയെടുക്കുകയോ ബാങ്കുകളെ അതിൽനിന്ന് ഒഴിവാക്കുകയോ വേണം.

അഞ്ച്, ജപ്തി നടപടികൾക്ക് ചരിത്രത്തിലില്ലാത്ത ഫീസ് ഈടാക്കുന്നു.

ഇതുവരെ ജപ്തി നടപടികൾക്ക് 1000 രൂപ ഫീസ് മതിയായിരുന്നു. അതാണ് ഇപ്പോൾ ഒരു ലക്ഷത്തിൽ താഴെ പിരിച്ചെടുക്കേണ്ടതിന് 5000 രൂപയും അതിന് മുകളിലാണെങ്കിൽ 7.5%-ഉം ഫീസ് നൽകണം. അതായത് 10 ലക്ഷം രൂപ കിട്ടാക്കടിശ്ശികയുണ്ടെങ്കിൽ അത് കേസ് ഫയൽ ചെയ്യാൻ 75000 രൂപ ഫീസ് നൽകണം. ജപ്തി നടപടികൾ ബാങ്കിലെ ഉദ്യോഗസ്ഥന്മാരാണ് സാധാരണ നടത്തുന്നത്. അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് ബാങ്കുകളാണ്; അതിൽ ഗവൺമെന്റിന് യാതൊരു ചെലവുമില്ലാത്തതുകൊണ്ട് ഈ കമ്മീഷൻ വ്യവസ്ഥ ഒഴിവാക്കണം.

ആറ്, ഈ അടുത്ത കാലത്ത് ചില ബാങ്കുകളിലുണ്ടായ അഴിമതിയും വെട്ടിപ്പും കാരണം ജനങ്ങൾക്ക് ഒരു വിശ്വാസത്തകർച്ചയുണ്ടായിട്ടുണ്ട്. അത് വീണ്ടെടുക്കണം. ഇതൊക്കെയല്ലേ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. അതിനെ അഡ്രസ്സ് ചെയ്യാതെ മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാൻവേണ്ടിയുള്ള രണ്ടാമത്തെ ബില്ലാണ് ഈ സഭയിൽ കൊണ്ടുവരുന്നത്. ഇത്രയും വലിയ പ്രാധാന്യം ആ ബില്ലിനുണ്ടോ? അതുകൊണ്ട് ഞാൻ പറയട്ടെ, ഈ ബില്ലിനകത്തുനിന്ന് സംസാരിക്കാനാണ്

ഞാൻ ഉദ്ദേശിക്കുന്നത്. പക്ഷേ കഴിഞ്ഞ ദിവസം ഭരണപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ ഒന്നുരണ്ട് കാര്യങ്ങൾ മുസ്ലീം ലീഗിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മുസ്ലീം ലീഗാണ് മലപ്പുറം ജില്ലാ ബാങ്ക് ഭരിക്കുന്നതെന്നും മുസ്ലീം ലീഗിന് ജില്ലയിലെ സാധാരണ ജനങ്ങളോട് യാതൊരു താൽപ്പര്യവുമില്ലയെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ അറിവിനായി ഞാൻ സൂചിപ്പിക്കട്ടെ, മലപ്പുറം ജില്ലാ ബാങ്ക് ഭരിക്കുന്നത് മുസ്ലീം ലീഗല്ല; അത് യു.ഡി.എഫ്.-ആണ്. മുസ്ലീം ലീഗിന്റെ പ്രതിനിധിയായി ഞാൻ പ്രസിഡന്റും കോൺഗ്രസ് നേതാവായ യു.ഡി.എഫ്.-ന്റെ മലപ്പുറം ജില്ലാ ചെയർമാൻ ശ്രീ. പി. ടി. അജയ് മോഹൻ അതിന്റെ വൈസ് പ്രസിഡന്റുമാണ്. യു.ഡി.എഫ്. ആണ് മലപ്പുറം ജില്ലാ ബാങ്ക് ഭരിക്കുന്നത്. ഇത് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയതീരുമാനത്തിന്റെയും നിയമപരമായ കാര്യങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഞാൻ ചോദിക്കട്ടെ ശ്രീ. എ. എൻ. ഷംസീറേ....... ഒന്നിരിക്കു ചോദിച്ചോട്ടെ, നിങ്ങളറിയണം.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം ഒന്നു വഴങ്ങുമോ;

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. യു. എ. ലത്തീഫ്: ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്.

കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കുള്ളിൽ മലപ്പുറം ജില്ലയിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടി, അന്തരിച്ച ശിഹാബ് തങ്ങളുടെ സ്മരണയ്ക്കായി മലപ്പുറം ജില്ലയിൽ മാത്രം 5300-ലധികം വീടുകൾ ജാതി, മതം, രാഷ്ട്രീയം എന്നിവ നോക്കാതെ ഞങ്ങൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. സി.പി.ഐ.(എം.) അടക്കമുള്ള പ്രവർത്തകർക്കും വീട് കിട്ടിയിട്ടുണ്ട്; ആ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ് ഞാൻ. മഞ്ചേരി മെഡിക്കൽ കോളേജിലെ മുഴുവൻ രോഗികൾക്കും കൂടെനിൽക്കുന്നവർക്കും കഴിഞ്ഞ 17 വർഷമായി സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്. പാവപ്പെട്ട കിഡ്നി രോഗികൾക്ക് സൗജന്യമായി മഞ്ചേരിയിൽ ഒരു നയാപൈസ പോലും പ്രതിഫലം വാങ്ങാതെ ഡയാലിസിസ് ചെയ്തുകൊടുക്കുന്നുണ്ട്. ഇതൊക്കെ ലാഭേച്ഛ കൂടാതെ പാവപ്പെട്ടവരെ സഹായിക്കാൻവേണ്ടി മുസ്ലീം ലീഗ് പാർട്ടി ചെയ്യുന്നതാണ് ഷംസീറേ... അതുകൊണ്ട് കാര്യമില്ലാതെ ഞങ്ങളെ എതിർക്കരുതെന്ന് അഭിപ്രായപ്പെടുകയാണ്. ഞങ്ങൾ യു.ഡി.എഫ്., കേരള ബാങ്കിൽ ചേരാതെ നിൽക്കുന്നത് നിയമപരമായ നിലപാടിന്റെകൂടെ അടിസ്ഥാനത്തിലാണ്. 07-03-2019-നും 18-07-2019-നും ചേർന്ന രണ്ട് ജനറൽ ബോഡി യോഗങ്ങളിലും ഹാജരായ 129 മെമ്പർമാരിൽ 97 പേരും

രജിസ്ട്രാറിന്റെ അമാൽഗമേഷൻ പ്രമേയത്തിന് എതിരായി വോട്ടുചെയ്തു. 32 പേർ മാത്രമാണ് പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്തത്. അങ്ങനെയാണ് ലയനം വേണ്ടെന്ന് തീരുമാനിക്കുകയുണ്ടായത്. ഈ രണ്ട് യോഗങ്ങളിലും ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറും ജോയിന്റ് രജിസ്ട്രാറും പങ്കെടുത്തിരുന്നു. ഈ ജനാധിപത്യ രീതി സ്വീകരിച്ച ഞങ്ങളെ എന്തിന്റെ അടിസ്ഥാനത്തിലാണ് എതിർക്കുന്നത്? മാത്രമല്ല, 23-12-2020-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ നോട്ടിഫിക്കേഷൻ പ്രകാരം 01-04-2021 മുതൽ The Banking Regulation (Amendment) Act 2020 ഇന്ത്യയിലാകെ ബാധകമാക്കി. അതിലെ Sec.44(A) R/w. Sec.56 പ്രകാരം, അംഗസംഘങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന് മെർജർ പ്രമേയം പാസ്സായാൽ മാത്രമേ ബാങ്കിൽ ലയിപ്പിക്കാവൂയെന്ന് നിർബന്ധമാക്കി. അമാൽഗമേഷൻ പ്രൊപ്പോസലിന്റെകൂടെ ആർ.ബി.ഐ.-യ്ക്ക് അയയ്ക്കേണ്ട രേഖകൾ;

1. A copy of the resolution passed in the meeting.

2. The number of shareholders present in the meeting.

3. The number of shareholders voted in favour of the resolution.

4. The number of shareholders voted against the resolution.

ഈ കാര്യങ്ങളാണ് ആർ.ബി.ഐ. കണക്കാക്കുന്നതെങ്കിൽ എങ്ങനെയാണ് കേരള ബാങ്കിൽ ലയിപ്പിക്കുന്നത്? നിയമപരമായി ഒരു കാലത്തും ലയിപ്പിക്കാൻ സാധിക്കാത്ത നിലയിലുള്ള നിബന്ധനയാണ് ആർ.ബി.ഐ. മുമ്പോട്ട് വച്ചിട്ടുള്ളത്. ഞങ്ങൾ കേരള ബാങ്കിന്റെ സിംഗിൾ ബെഞ്ചിനെതിരായി ഒൻപതോളം റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു എന്ന് മുമ്പ് ഇവിടെ സൂചിപ്പിച്ചു. ഈ നിയമസഭ ആക്ട് പാസ്സാക്കിയപ്പോൾ ഞങ്ങളത് പിൻവലിച്ചു. പക്ഷെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വീണ്ടും W.P(C) No. 28650/2021, W.P(C) No.1035/2022 ആയി 79 പ്രൈമറി ബാങ്കുകളും ബാങ്കിന്റെ ഭരണസമിതിയും ഫയൽ ചെയ്ത കേസ്സുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. രണ്ടിലും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കക്ഷിയാണ്. ആർ.ബി.ഐ. റെഗുലേറ്ററി ക്രൈറ്റീരിയ പ്രകാരമുള്ള നിബന്ധനകളാണ് ഞാൻ നേരത്തെ പറഞ്ഞത്. അതിന്റെകൂടെ ഞങ്ങൾ വർഷങ്ങളായി ലാഭത്തിലാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സഞ്ചിത നഷ്ടം 700 കോടി രൂപയിലധികമാണെന്നും ലേലം വേണമെങ്കിൽ എൻ.പി.എ. 7 ശതമാനവും നെറ്റ് എൻ.പി.എ. 5 ശതമാനത്തിൽ

താഴെയായിരിക്കണമെന്നും ആർ.ബി.ഐ. നിഷ്കർഷിക്കുന്നു. ഇത് പാലിക്കാൻ സാധിച്ചിട്ടില്ല എന്നത് വളരെ സത്യമാണ്. പിന്നെ എങ്ങനെ ലയിപ്പിക്കും? മാത്രമല്ല, മുമ്പ് പുറപ്പെടുവിച്ച ഒമ്പതോളം ഓർഡിനൻസുകളിൽ മിക്കതും ഇന്ത്യൻ ഭരണഘടനയുടെ 213, 214 എന്നീ ആർട്ടിക്കിളുകൾക്ക് വിരുദ്ധമായിരുന്നു. കേരള ബാങ്കിൽ ലയിക്കാത്തതുകൊണ്ട് മലപ്പുറത്തെ സാധാരണക്കാർക്ക് ഒരു ആനുകൂല്യവും നഷ്ടപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ സാഹചര്യത്തിലും നബാർഡ് ഞങ്ങൾക്ക് 200 കോടി രൂപ പാസ്സാക്കിത്തന്നിട്ടുണ്ട്. ഞങ്ങൾക്ക് 4500 കോടി രൂപ ഡെപ്പോസിറ്റുണ്ട്. കേരള ബാങ്ക് നൽകുന്ന എല്ലാ സ്കീമുകളും ഞങ്ങൾ വിജയകരമായി നടപ്പാക്കുന്നുണ്ട്. കേരള ബാങ്കിൽ ലയിച്ചവരുടെ സ്ഥിതിയെന്താണ്? ഈ കഴിഞ്ഞ ഫെബ്രുവരിയിൽ കേരള ബാങ്കിന്റെ ആസ്ഥാനത്ത് സി.പി.ഐ.(എം) അനുകൂല സംഘടന ഒരു സമരം നടത്തി. അത് ഉത്ഘാടനം ചെയ്തത് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറിയായ ശ്രീ. കെ. എസ്. സുനിൽ കുമാർ ആയിരുന്നു. അവർ പറഞ്ഞത്, 'ഞങ്ങൾ കേരള ബാങ്കിൽ ലയിക്കണമെന്ന് വാദിച്ചവരാണ്, എന്നാൽ ഇപ്പോൾ അത് ഞങ്ങളെ തിരിഞ്ഞുകൊത്തുന്നു'. കേരള ബാങ്കിന്റെ തീരുമാനങ്ങളും നടപടികളും ജീവനക്കാർക്ക് എതിരാണ്

അതുകൊണ്ട് അതിൽനിന്ന് പിൻവലിക്കണമെന്ന് സി.ഐ.ടി.യു. സംഘടന ആവശ്യപ്പെട്ടു. മിക്ക പത്രങ്ങളും അത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതായത്, അങ്ങോട്ട് പോയ ജീവനക്കാരുടെ സ്ഥിതി അതായിരുന്നു. ഇനി പോകാത്ത ജീവനക്കാരെ എന്തിനാണ് ശ്രീ. എ. എൻ. ഷംസീറേ അങ്ങോട്ട് ക്ഷണിക്കുന്നത്. ഞങ്ങൾ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പിൻബലത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ബാങ്കാണ്. നിയമത്തിന്റെയടിസ്ഥാനത്തിൽ ഒരിക്കലും ലയിക്കാൻ സാധിക്കാത്ത മലപ്പുറം ജില്ലാ ബാങ്കിനെ ഞെക്കിക്കൊല്ലരുതെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. നല്ലനിലയിൽ പ്രവർത്തിക്കാൻ അനുവദിക്കണം. അതുപോലെ പി.ടി.എസ്.-നെ നിയമിക്കാൻ അനുവദിക്കുന്നില്ല, പ്രൊമോഷൻ നൽകാൻ അനുവദിക്കുന്നില്ല, ഇടയ്ക്കിടെ വിജിലൻസ് വരുന്നു. അത് അവസാനിപ്പിച്ച് ഒരു സഹകരണ സൗഹൃദം നമ്മൾ തമ്മിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഞാൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരട്ടെ, മലപ്പുറത്തെ ജെ.ആർ. ഓഫീസിൽ, യു.ഡി.എഫ്. ബാങ്കുകൾക്ക് ഒരു പരിഗണനയും നൽകുന്നില്ല.

ഇത്രമാത്രം പാർട്ടിവൽകരണം ഒരു കാലത്തുമുണ്ടായിട്ടില്ല. യു.ഡി.എഫ്. ബാങ്കുകളുടെ എത്രയോ അപേക്ഷകൾ, ബൈലോ ഭേദഗതി, ക്ലാസ് മാറ്റം, ബിൽഡിംഗ് അപേക്ഷകൾ എന്നിവയെല്ലാം കെട്ടിക്കിടക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ സൊസൈറ്റികൾ മാത്രം ധാരാളം സർവ്വീസുകൾ ചെയ്യുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. യു. എ. ലത്തീഫ് പറഞ്ഞു, മലപ്പുറം ജില്ലയിൽ ബൈലോ ഭേദഗതിക്ക് അംഗീകാരം നൽകുന്നില്ല, ക്ലാസിഫിക്കേഷൻ നൽകുന്നില്ലെന്ന്. യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കുകൾക്ക് ഇതൊന്നുമില്ല. എത്രയോ ക്രമക്കേടുകൾ നടത്തിയ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് വരെ നിങ്ങൾ കൊടുക്കുന്നു. സഹകരണ പ്രസ്ഥാനം കേരളത്തിന്റെ മൊത്തം വികാരമാണല്ലോ; ആ മൊത്തം വികാരത്തിനനുസരിച്ചല്ലേ നടപടിയുണ്ടാകേണ്ടത്. ബൈലോ ഭേദഗതികൾ മലപ്പുറം ജില്ലയിലില്ലേയെന്ന് ശനിയാഴ്ച ഡി.ഡി.സി. നടന്നപ്പോൾ ഞാൻ ചോദിച്ചു. ജോയിന്റ് രജിസ്ട്രാർ പറഞ്ഞു, ഒന്നും ഇല്ലായെന്ന്. ഞാൻ അപ്പോൾ ബാങ്കുകളുടെ ഉദാഹരണം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു.....

മി. ചെയർമാൻ: അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള കാര്യമാണ് പറയേണ്ടത്. അദ്ദേഹം വഴങ്ങിയത് വേറെ ചർച്ചയ്ക്കല്ല.

ശ്രീ. പി. കെ. ബഷീർ: സർ, അദാലത്ത് നടത്താൻ മന്ത്രി പറയുന്നു. നമ്മുടെ സഹകരണ പ്രസ്ഥാനം ശക്തിപ്പെടണം. മലപ്പുറം ജില്ലാ ബാങ്കിനെ ഒറ്റപ്പെടുത്താനുള്ള ശ്രമം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ? അത് നിങ്ങളുടെ രാഷ്ട്രീയ തീരുമാനമായിരിക്കും. സഹകരണ ബാങ്കുകളുടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും ബൈലോ ഭേദഗതി ചെയ്തത് നിങ്ങൾ അപ്രൂവ് ചെയ്ത് കൊടുക്കുന്നില്ല. ക്ലാസിഫിക്കേഷൻ നിങ്ങൾ കൊടുക്കില്ല. ഡെപ്പോസിറ്റ് കുന്നുകൂടി കിടക്കുന്നു. എല്ലാത്തിലും രാഷ്ട്രീയം കാണരുത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിച്ചത്. ശ്രീ. എ. എൻ. ഷംസീറിന് വഴങ്ങുന്നില്ല. ശരി, ഞാൻ ശ്രീ. എ. എൻ. ഷംസീറിന് വഴങ്ങാം. എന്റെ സമയം കളയരുത്.

ശ്രീ. എ. എൻ. ഷംസീർ: സർ, യഥാർത്ഥത്തിൽ പലിശയ്ക്ക് ഇസ്ലാം എതിരാണ്. പലിശ വാങ്ങാൻ പാടില്ലെന്ന് ഇസ്ലാം പറയുന്നു. പലിശ

വാങ്ങുന്നവനും കൊടുക്കുന്നവനും കുറ്റമാണ് ചെയ്യുന്നതെന്നാണ് ഇസ്ലാം പറയുന്നത്. അങ്ങനെ പലിശ കൊടുക്കുന്ന ഒരു സ്ഥാപനത്തിന്റെ മേധാവികളായി മുസ്ലീം ലീഗിലെ നേതാക്കന്മാരിക്കുന്നത് ശരിയാണോ?

ശ്രീ. യു. എ. ലത്തീഫ്: സർ, മുസ്ലീം എന്ന നിലയ്ക്ക് അത് ശ്രീ. എ. എൻ. ഷംസീറിന് ബാധകമാണോ?

ശ്രീ. പി. കെ. ബഷീർ: സർ, ....... (....ബഹളം.....)

മി. ചെയർമാൻ: ശ്രീ. പി. കെ. ബഷീർ അവിടെയിരിക്കണം. ശ്രീ. എ. എൻ. ഷംസീർ, ശ്രീ. യു. എ. ലത്തീഫിനോടല്ലേ ചോദിച്ചത്. അതിന് അദ്ദേഹം മറുപടി പറയുമല്ലോ. (....ബഹളം.....) അത് ശരിയല്ല. ശ്രീ. പി. കെ. ബഷീർ ഇരിക്കണം.

ശ്രീ. പി. കെ. ബഷീർ : സർ, ശ്രീ. എ. എൻ. ഷംസീർ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്നുണ്ടോ? ശ്രീ. എ. എൻ. ഷംസീർ കാനേഷുമാരി മുസ്ലീം ആണോ, താങ്കൾ ഏത് നിലപാടാണ് ഇപ്പോൾ സ്വീകരിക്കുന്നത്? ഒരു ജനാധിപത്യ രാജ്യത്തിൽ ഒരു പ്രാഥമിക ബാങ്ക് എന്ന നിലയിൽ..... ഞങ്ങൾ പലിശ വാങ്ങിയതല്ല, ആൾക്കാർ വാങ്ങിക്കോട്ടേ. എല്ലാ ഗൾഫ് രാജ്യങ്ങളിലും എല്ലായിടത്തുമുള്ള ബാങ്കുകൾ പലിശ വാങ്ങുന്നുണ്ട്. അതിന്

ഒരു ഉത്തരം പറയണം. കാരണം ആ കാറ്റഗറിയിലാണോ നിങ്ങളെ മന്ത്രിയാക്കുന്നതെന്നുകൂടി ഞങ്ങൾക്കറിയണം.

ശ്രീ. എ. എൻ. ഷംസീർ: സർ, .....(മൈക്ക് ഓഫ്).... മുസ്ലീം ആവണമെങ്കിൽ ലീഗ് ഓഫീസിന്റെ സർട്ടിഫിക്കറ്റ് തരണമെന്നല്ലേ പറയുന്നത്. അങ്ങനെയാണല്ലോ ലീഗ് പറയുന്നത്. ലീഗ് ഓഫീസ് സർട്ടിഫിക്കറ്റ് തന്നാൽ മാത്രമേ മുസ്ലീം ആകുകയുള്ളൂവെന്ന് പറയുന്നവരല്ലേ നിങ്ങൾ.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, റൂൾ - 287. അദ്ദേഹം പറഞ്ഞത് നൂറ് ശതമാനം ശരിയല്ല. മുസ്ലീം ലീഗ് ഓഫീസിൽനിന്ന് സർട്ടിഫിക്കറ്റുണ്ടെങ്കിലേ ഇസ്ലാമായി കണക്കാക്കുകയുള്ളൂവെന്നത് തെറ്റാണ്. അദ്ദേഹത്തിന് ഇസ്ലാമിനെയും അറിയില്ല, മുസ്ലീം ലീഗിനെയും അറിയില്ല.

മി. ചെയർമാൻ: ശ്രീ. യു. എ. ലത്തീഫ്, അങ്ങ് ചുരുക്കണം. വഴങ്ങിയതുകാരണം സമയം ഒരുപാട് പോയി.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇസ്ലാം മതമെന്ന് പറയുന്നത് മുസ്ലീം

ലീഗിന് മാത്രം ബാധകമല്ല, എല്ലാ മുസ്ലീംങ്ങൾക്കും ബാധകമാണെന്ന് ശ്രീ. എ. എൻ. ഷംസീർ മനസ്സിലാക്കുന്നത് നല്ലതാണ്. ഈ വേദി അതിനുവേണ്ടി ഞങ്ങൾ ഉപയോഗിക്കുന്നില്ല. അതിന് ഞങ്ങളുടെ മതസംഘടനകളുണ്ട്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, അത് നിങ്ങൾക്കറിയില്ലേ; ആ സംഘടനകൾ ഉത്തരം പറയും. ഞാൻ അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് മലപ്പുറം ബാങ്കിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എങ്ങനെ? മറ്റുള്ള ബാങ്കുകളുടെ ഭരണസമിതി മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റേതുപോലെ നിലനിർത്തിക്കൊണ്ട് കേരള ബാങ്കിന്റെ ലേബലിൽ ഒരു സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അനന്തസാധ്യതയുള്ള സഹകരണ മേഖലയിൽ രാഷ്ട്രീയം നോക്കാതെ എന്നും ഒരുമിച്ച് പ്രവർത്തിക്കുന്നവരാണ് നമ്മൾ. അങ്ങനെയുള്ളൊരു സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ ഞങ്ങളോട് സ്വീകരിച്ചിട്ടുള്ളത്. മലപ്പുറം ബാങ്കിനോടും അതേ സമീപനം സ്വീകരിക്കണമെന്ന് വളരെ വിനയത്തോടെ ഞങ്ങൾ സഹകരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. രണ്ട് കാര്യങ്ങൾ കൂടി

പറയാനുണ്ട്, കേരളത്തിലെ സഹകരണ ബാങ്കുകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡയറക്ടർമാർ എന്നിവരുടെ ഓണറേറിയം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് അത് വർദ്ധിപ്പിക്കണമെന്ന അഭ്യർത്ഥന ഞാൻ അങ്ങയുടെ മുന്നിൽ വയ്ക്കുകയാണ്. മറ്റൊന്ന്, മിനിഞ്ഞാന്ന് മലപ്പുറത്ത് ചേർന്ന ഡി.ഡി.സി. യോഗത്തിൽ മലപ്പുറത്തെ പ്ലസ് വൺ സീറ്റുകൾ പതിനായിരത്തിലധികം ഇനിയും ആവശ്യമുണ്ടെന്ന് കണ്ടെത്തി. എന്നാൽ വകുപ്പ് ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിൽ മലപ്പുറം ജില്ലയിൽ 373 സീറ്റുകൾ അധികമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്ലസ് വൺ, ഡിഗ്രി സീറ്റുകൾ മലപ്പുറം ജില്ലയിൽ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ഇത് ബില്ലിന്റെ വിഷയമല്ലല്ലോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഈ യോഗത്തിൽ മലപ്പുറം ജില്ലയുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് ഇക്കാര്യം നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ന്യൂസ് പ്രിന്റിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചപ്പോൾ ചന്ദ്രിക ദിന പത്രത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ

പരസ്യയിനത്തിൽ ഗവൺമെന്റ് അഞ്ച് കോടിയോളം രൂപ ചന്ദ്രികയ്ക്ക് നൽകാനുണ്ട്. ഞാൻ നേരത്തെ പറഞ്ഞ കാരണങ്ങൾ കൊണ്ട് സബ്സിഡി നിരക്കിൽ അസംസ്കൃത സാധനങ്ങൾ ഈ പത്രത്തിന് നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് തെറ്റിദ്ധാരണ നീക്കാനാണ് ഈ ക്ലാരിഫിക്കേഷൻ എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, പൊതുവിൽ ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ടാണ് ഭരണപക്ഷാംഗങ്ങളും പ്രതിപക്ഷാംഗങ്ങളും സംസാരിച്ചത്. സഹകരണ മേഖലയിൽ യോജിച്ച പ്രവർത്തനങ്ങൾ വളർന്നുവരേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ നിർദ്ദേശം സ്വാഗതാർഹമാണ്. ഈ മേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് ആശങ്കകൾക്കൊന്നും അടിസ്ഥാനമില്ലാതെ മുന്നോട്ടുപോകാൻ സാധിക്കുന്ന ഒട്ടനവധി തീരുമാനങ്ങളെടുത്ത് നടപ്പാക്കിവരികയാണ്. ഇപ്പോൾ ഒരു വർഷംകൂടി നീട്ടണമെന്നുപറയുന്ന ഈ നിയമ ഭേദഗതി അംഗീകരിച്ചാൽ മാത്രമെ

മലപ്പുറം ജില്ലാ ബാങ്കിന് നിലനിൽക്കാൻ സാധിക്കുവെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. കോടതിയിലെ കേസുകളെല്ലാം അവസാനിച്ചിരിക്കുന്നു. ലയനപ്രക്രിയ പൂർത്തീകരിക്കുന്നതിന് ആർ.ബി.ഐ.-യുടെ അനുമതി ലഭിച്ചാൽ ഉടൻതന്നെ ലയനപ്രക്രിയ പൂർത്തീകരിക്കുകയും ചെയ്യാം. ഇവിടെ ഉന്നയിച്ച അടിസ്ഥാനരഹിതമായ കാര്യങ്ങൾ ആദ്യമേ ചൂണ്ടിക്കാണിക്കുകയാണ്. 2021-ൽ ഒരു നിയമം ഇവിടെ പാസാക്കിയിരുന്നു. ആ നിയമ ഭേദഗതി ആക്ടിലെ വകുപ്പ് (2) -ലെ ഉപവകുപ്പ് (1)(a) -ൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് " Provided that if the general body of a District Co-operative Bank has not passed the resolution under section 14A, it shall continue as such for a period of two years from the date of commencement of the Kerala Co-operative Societies (Amendment) Act, 2021 or till the Registrar completes the process under clauses (a), (b) and (c) of sub-section (1) of Section 74H, whichever is earlier;" ; ഇത് നമ്മൾ അന്ന് പാസാക്കിയ നിയമത്തിലെ വ്യവസ്ഥകയാണ്. 15-1-2020 മുതൽ രണ്ടുവർഷത്തിനകം മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള നടപടികൾ

പൂർത്തീകരിച്ചിട്ടില്ല. ഈ നിയമം പാസാക്കിയില്ലെങ്കിൽ സ്വാഭാവികമായും മലപ്പുറം ജില്ലാ ബാങ്കിന് തുടരാൻ സാധിക്കുകയില്ല. അതിനാണ് ഈ നിയമം ഇപ്പോൾ പാസ്സാക്കുന്നതെന്ന് തിരിച്ചറിയണം. അതോടൊപ്പം ലയനം ലക്ഷ്യമിട്ട് നിയമത്തിലെ 2021-ലെ കേരള സഹകരണ സംഘ ഭേദഗതി ആക്ടിലെ 74 എച്ച് വകുപ്പിന്റെ (1) -ാം ഉപവകുപ്പിലെ (എ), (ബി), (സി) പ്രകാരമുള്ള നടപടി പൂർത്തീകരിക്കാൻ സാധിക്കാതെ വരും. ഈ പ്രതിസന്ധി ഒഴിവാക്കുകയെന്നതുകൂടിയാണ് ഈ നിയമ ഭേദഗതിയുടെ ലക്ഷ്യം. അത് കൃത്യമായി തിരിച്ചറിയണം.

സഹകരണ നിയമത്തിൽ വരുത്തിയ 2021-ലെ ഭേദഗതി ആക്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തർക്കത്തിന്റെ പ്രശ്നങ്ങളൊന്നും നിലവിലില്ല. അതുപോലെ ആർ.ബി.ഐ.-യുടെ അനുമതി ലഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അത് തീർന്നുകഴിഞ്ഞാൽ ഒരു വർഷ കാലാവധിക്കുള്ളിൽ ഈ പ്രക്രിയ പൂർത്തീകരിക്കാനാകുമെന്നതാണ് ഈ ബില്ലിന്റെ ആത്യന്തികമായ ലക്ഷ്യം. ഈ ബില്ലിന്റെ ചർച്ചകളൊടൊപ്പം ബഹുമാനപ്പെട്ട അംഗങ്ങൾ ചില പരാമർശങ്ങൾ ഇവിടെ നടത്തി.

ബഹുമാന്യനായ പി. അബ്ദുൽ ഹമീദ് ഉത്തമനായൊരു സഹകാരിയാണ്. അദ്ദേഹം ഒട്ടനവധി ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. അതെല്ലാം സ്വാഗതം ചെയ്യുകയാണ്. പ്രധാനമായും മുമ്പ് അദ്ദേഹം സൂചിപ്പിച്ചിരുന്നത് ഡി.സി.ബി.-കൾ PACS -നെ സഹായിച്ചിരുന്നു. അതുപോലെ ഇക്കാര്യത്തിലും ഇപ്പോൾ സഹായം വരുന്നില്ലെന്നാണ്. ആ വാദം തെറ്റാണെന്ന് അങ്ങയോട് വിനയപൂർവ്വം അറിയിക്കുകയാണ്. കാരണം ഈ അടുത്ത കാലത്ത് കൊടുത്തിട്ടുള്ള വായ്പകൾ പരിശോധിച്ചാൽ മാത്രം മതി. കേരള ബാങ്ക് രൂപം കൊണ്ടതിനുശേഷം PACS-ന് 2020-ൽ 7264 കോടിരൂപയും 2022-ൽ 9472 കോടിരൂപയും നൽകുകയുണ്ടായി. അപ്പോൾ വർദ്ധനവ് 2208 കോടിരൂപയാണ്. അപ്പോൾ PACS-ന് എത്ര കോടി രൂപ ഈ കാലഘട്ടത്തിൽ കേരള ബാങ്ക് കൊടുത്തിരിക്കുന്നുവെന്നത് സൂചിപ്പിക്കുന്നതാണ് ആ സംഭവം. മറ്റൊന്ന് അങ്ങ് സൂചിപ്പിച്ചത് പഴയതുപോലുള്ള ഗുണങ്ങൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ലെന്നുള്ളതാണ്. ആ വാദവും തെറ്റാണ്. 769 ശാഖകളാണ് കേരള ബാങ്കിനുള്ളത്. 35 ഇനം വായ്പകൾ കേരള ബാങ്കിന്റെ 769 ശാഖകളിൽനിന്നായി കൊടുക്കുന്നു. അതിൽ അടിസ്ഥാന രഹിതമായ വാദം ഉന്നയിച്ച ശ്രീ. സജീവ് ജോസഫ്

ഇവിടെ ഇല്ല. അദ്ദേഹവും തിരിച്ചറിയേണ്ടത് ഇപ്പോൾ കേരള ബാങ്കിന്റെ ശാഖകളിൽനിന്ന് അഞ്ച് ലക്ഷം രൂപവരെ ഈടില്ലാതെ വായ്പ നൽകുന്ന സമ്പ്രദായമുണ്ട്. ദുരന്ത പ്രദേശങ്ങൾ ഉണ്ടായപ്പോൾ അവിടെനിന്നും വന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിലെടുത്ത ഒരു തീരുമാനമാണ്. ഈടില്ലാത്ത വായ്പ അഞ്ചുലക്ഷം രൂപവരെയും ആദ്യത്തെ ഒരു വർഷം തിരിച്ചടവുമില്ല. തിരിച്ചടവിന് കൂടുതൽ സമയം കൊടുത്തുകൊണ്ടാണ് ആ വായ്പ കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ വ്യക്തികൾക്ക് അറുപത് ലക്ഷം രൂപാവരെ വായ്പ കൊടുക്കുന്നു. അതിൽ സബ്സിഡിയുണ്ട്. ഇതുകൂടാതെ എം.എസ്.എം.ഇ.-കൾക്ക് ഒരു കോടിരൂപവരെ ഓരോ പ്രോജക്ടുകൾക്കും നൽകുന്നു. ഇത്തരത്തിൽ കേരള ബാങ്കിന്റെ വിവിധ തരത്തിലുള്ള വായ്പാ സംവിധാനങ്ങൾ മുമ്പ് ഡി.സി.ബി. ആയിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ വന്നിരിക്കുന്നുവെന്നതാണ് ഈ വസ്തുതാപരമായ കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൂടാതെ അവർ കൊടുത്തിട്ടുള്ള വായ്പയുടെ ഉള്ളടക്കമെടുത്ത് പരിശോധിച്ചാലും 2020-ൽ ഉണ്ടായിരുന്ന 40156.86 കോടി രൂപയുടെ സ്ഥാനത്ത് ഇപ്പോൾ 42,772 കോടി രൂപയായി വർദ്ധിച്ചു. വർദ്ധനവ് 2,616 കോടിരൂപയാണ്.

ഇക്കാര്യത്തിൽ കൊടുക്കുന്നില്ലെന്ന് പറഞ്ഞ വാദങ്ങളെല്ലാം അടിസ്ഥാന രഹിതമാണെന്നാണ് ഈ സംഭവങ്ങളെല്ലാം സൂചിപ്പിക്കുന്നത്. സാധാരണക്കാർക്ക് രണ്ടുശതമാനം പലിശ കുറച്ച് കാർഷിക വായ്പ ലഭിക്കുന്ന സാഹചര്യവും കേരള ബാങ്ക് വന്നതുമൂലം ഉണ്ടായിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടുകൂടി യഥാർത്ഥത്തിൽ മുമ്പ് നാഷണലൈസ്ഡ് ബാങ്കുകൾ പലതും ഉണ്ടായിരുന്നത് അപ്രത്യക്ഷമായപ്പോൾ എസ്.ബി.ടി. അടക്കം എസ്.ബി.ഐ.-ൽ ലയിച്ച്, മറ്റ് യൂണിയൻ ബാങ്കുകൾ ഉൾപ്പെടെ കാനറ ബാങ്കിൽ ലയിക്കുകയും ചെയ്തപ്പോൾ പലരും ശാഖകൾ പൂട്ടി. ആ സ്ഥാനത്ത് ഇന്ന് ആ ചുമതല മുഴുവൻ നിർവ്വഹിക്കുന്നത് കേരള ബാങ്കും PACS-ആണ്. ഈ രംഗത്ത് ബാങ്കിന്റെ രൂപീകരണം ഗുണകരമാകില്ലെന്ന വാദം അസ്ഥാനത്താണെന്ന് ആവർത്തിച്ച് സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, ഈ രംഗത്ത് കേരള ബാങ്ക് രൂപീകരിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് ചില ജില്ലാ ബാങ്കുകൾ കാണുമായിരുന്നില്ലെന്ന യാഥാർത്ഥ്യംകൂടി നിങ്ങൾ അറിയണം. അത്രത്തോളം നഷ്ടത്തിലായിരുന്നു തിരുവനന്തപുരം ജില്ലാ ബാങ്ക് പ്രവർത്തിച്ചിരുന്നത്. ഏതാണ്ട് ലിക്വിഡേഷൻ വക്കിലേയ്ക്ക് പോകുമായിരുന്നു. കേരളത്തിലെ ഏഴ് ജില്ലാ ബാങ്കുകൾ നഷ്ടത്തിലാണ്

ഓടിക്കൊണ്ടിരിക്കുന്നത്. ആ സ്ഥാനത്ത് ഞാൻ സൂചിപ്പിക്കുകയാണ്, 2020-ൽ 64 കോടി രൂപയുടെ ലാഭവും, ഇപ്പോൾ 2021 -ലെ ഓഡിറ്റ് റിപ്പോർട്ട് വന്നപ്പോൾ 77.24 കോടി രൂപയും ലാഭത്തിലാണ് കേരള ബാങ്ക് പ്രവർത്തിക്കുന്നതെന്ന കാര്യം അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാം. അതേ സമയം സഞ്ചിത നഷ്ടം മുമ്പത്തെക്കാളും കുറച്ചുകൊണ്ടുവരികയാണ്. ഈ രൂപീകരണം അടിസ്ഥാന രഹിതമായിപ്പോയെന്ന വാദം നിലനിൽക്കുന്നില്ലെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. പിന്നീട് ഈ വിഷയങ്ങളിൽ ഒരിക്കലും ബാങ്കിനെ ശത്രുക്കളായി കാണാതെ തികച്ചും വിശ്വാസത്തിൽ എടുത്തുകൊണ്ടുതന്നെ..... മലപ്പുറം ജില്ലാ ബാങ്കിനെ വിശ്വാസത്തിൽ എടുത്തില്ലെങ്കിൽ ഈ നിയമം കൊണ്ടുവരേണ്ട കാര്യമില്ല. ഇതങ്ങ് വിട്ടാൽ മലപ്പുറം ബാങ്കിന്റെ ഗതിയെന്താകും; ആർ.സി.എസ്.-ന്റെയോ ആർ.ബി.ഐ.-യുടെയോ കേരള ബാങ്കിന്റെയോ കീഴിലല്ലാതായാൽ നിൽക്കാൻ സാധിക്കുമോ? അപ്പോൾ യഥാർത്ഥത്തിൽ മലപ്പുറം ജില്ലാ ബാങ്കിനെ സഹായിക്കാൻ, സംരക്ഷിക്കാൻ സഹകാരികൾക്ക് സഹായകരമായിട്ടുള്ളതാണ് ഈ ബിൽ. അത് തിരിച്ചറിയണമെന്നകാര്യം സൂചിപ്പിക്കുകയാണ്. അതുകൊണ്ട് തെറ്റിദ്ധാരണ മാറണം. പിന്നെ ഇവിടെ

സൂചിപ്പിച്ച ഒട്ടനവധി പൊതുവായ കാര്യങ്ങളുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണ ബാങ്കുകളുടെ ജനറൽ ബോഡി യോഗം ചേർന്ന് ബൈലാ അമന്റ്മെന്റിനായി നൽകിയത് ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ രണ്ടുംമൂന്നും കൊല്ലമായി അംഗീകരിക്കാതെയും ക്ലാസിഫിക്കേഷന് നൽകിയത് അംഗീകരിക്കാതെയും കെട്ടിക്കിടക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ എന്തുനടപടി സ്വീകരിക്കും? ഇതുവരെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ അതിനൊന്നും അംഗീകാരം നൽകിയിട്ടില്ല. അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ഫയൽ പോയി. ഇതിനുള്ള പരിഹാരമാർഗ്ഗം എന്താണ്? ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റിൽ അദാലത്ത് നടത്തുമെന്ന് പറഞ്ഞിരുന്നു. സമയബന്ധിതമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും ഉണ്ടാകും. ഞങ്ങൾ ഇക്കാര്യത്തിലൊരു തീരുമാനമെടുത്തിട്ടുണ്ട്. 90 ദിവസത്തിൽ കൂടുതൽ ഇത്തരം ഫയലുകൾ ഓഫീസുകളിൽ കെട്ടികിടക്കാൻ പാടില്ലെന്നുപറഞ്ഞ് ഇ-ഓഫീസുകളായി മാറ്റിയപ്പോൾ ഡാഷ്ബോർഡുകൾ രൂപീകരിച്ചുകഴിഞ്ഞു.

മുടങ്ങിക്കിടക്കുന്ന ഏതെങ്കിലും കേസ്സുകളുണ്ടെങ്കിൽ അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉറപ്പായും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അതിന് പരിഹാരമുണ്ടാക്കിത്തരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഓഡിറ്റ് സംവിധാനം പ്രഖ്യാപിച്ചത് ഫലപ്രദമായി നടന്നില്ലെന്ന് വിമർശനം വന്നു. അത് കൃത്യമായി നടന്നിരിക്കുന്നുവെന്ന് വിനയപൂർവ്വം അറിയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. സജീവ് ജോസഫ് സ്ഥലത്തില്ല. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന് ഞങ്ങൾ കത്ത് നൽകിയതുപ്രകാരം ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ളൊരു ഉദ്യോഗസ്ഥയെ ഓഡിറ്റ് ഡയറക്ടറായി നിയമിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിൽ ടീം ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്, ട്രയൽ അവിടെയാണ് തുടങ്ങിയത്. അത് ഓരോ ജില്ലകളിലേയ്ക്കും ടീമായി വരികയാണ്. എല്ലാ ജില്ലകളിലെയും ഓഡിറ്റ് സിസ്റ്റത്തിൽ മാറ്റം വരുത്തണമെന്ന് ബഹുമാനപ്പെട്ട പി. അബ്ദുൽ ഹമീദ്, എം.എൽ.എ. സൂചിപ്പിച്ചകാര്യം കൃത്യമായി നടപ്പാക്കും. കർശനമായ പരിശോധനകളും പിശകുകൾ കണ്ടാൽ മുഖം നോക്കാതെ, എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ ബി.ജെ.പി. എന്നോ ഒന്നും നോക്കാതെ അതിനെതിരായി ഗവൺമെന്റ് കൃത്യമായ നടപടി സ്വീകരിച്ചിരിക്കും.

കരുവന്നൂർ സഹകരണ ബാങ്കിലെ പ്രശ്നത്തിൽനിന്നും നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്ന കാര്യമാണ്. അവിടെ ഭരിച്ചിരുന്നത് എൽ.ഡി.എഫ്. ആണ്. ആ ബാങ്കിലെ ഏഴ് ജീവനക്കാരെ സസ്പെൻഡ് ചെയ്തു. ഇപ്പോഴും രണ്ടുപേർ ജയിലിലാണ്. എത്രനാളായി? മുഴുവൻ ഭരണസമിതിക്കാരെയും പിരിച്ചുവിട്ടു. അവരുടെയെല്ലാം പേരിൽ ക്രൈം കേസും സിവിൽ കേസ്സുമെടുത്തു. അവരുടെ പ്രോപ്പർട്ടി അറ്റാച്ച് ചെയ്തു. അതെല്ലാം ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. ഒരാളെയും വെറുതെ വിട്ടില്ല. 16 ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചു. ഒരുപക്ഷെ ജോയിന്റ് രജിസ്ട്രാർ ഉൾപ്പെടെ 16 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത് സഹകരണ വകുപ്പിന്റെ ചരിത്രത്തിൽ ആദ്യസംഭവമാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്തില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അങ്ങ് ഭയപ്പെടേണ്ടതില്ല. കൃത്യവും കർക്കശവുമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നത് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരാണ്. ഒരു സാമ്പത്തിക സ്ഥാപനമാകുമ്പോൾ

ആ സ്ഥാപനത്തിലെ ജീവനക്കാർ സംതൃപ്തരാകണം. ബാങ്കുകളിൽ ഡെപ്പോസിറ്റ് വരുന്നതും ബാങ്കുകൾ വളർന്നുവലുതാകുന്നതുമെല്ലാം ജീവനക്കാരുടെ ആത്മാർത്ഥതകൊണ്ടാണ്. അപ്രകാരം ഡെപ്പോസിറ്റ് വർദ്ധിച്ചുവന്ന ബാങ്കുകളിൽ, നേരത്തേ സബ്സ്റ്റാഫായി ജോലിയിൽ പ്രവേശിച്ച് പ്രമോഷൻ ലഭിച്ച് വരുന്നയാളുകൾക്ക് സെക്രട്ടറിയോ അസിസ്റ്റന്റ് സെക്രട്ടറിയോ ആകാൻ പാടില്ലായെന്നൊരു നിബന്ധന വച്ചു. നിലവിലുള്ള ജീവനക്കാരുടെ പ്രമോഷൻ സാധ്യത തടയുന്ന തരത്തിലുള്ള ചട്ട ഭേദഗതിയാണ് സഹകരണ വകുപ്പ് കൊണ്ടുവന്നിട്ടുള്ളത്. ഇതിനെതിരായി കേരളത്തിലെ ഏറ്റവും പ്രബല സംഘടനയായ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ കഴിഞ്ഞ 24-ാം തീയതി സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽവന്ന് ഓർഗനൈസേഷൻ നേതാക്കൾ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അക്കാര്യം പുനഃപരിശോധിക്കാനും ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്ത് അവരെ സംതൃപ്തരാക്കി മുന്നോട്ടുകൊണ്ടുപോകാനുള്ളൊരു നിലപാടുകൂടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കേരള ബാങ്ക്

രൂപീകരിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് ചില ജില്ലാ ബാങ്കുകൾ നിലനിൽക്കുമായിരുന്നോ എന്നു ചോദിക്കുകയുണ്ടായി. കേരളത്തിൽ ഏറ്റവും നല്ലനിലയിൽ പ്രവർത്തിക്കുകയും വർഷങ്ങളായി ലാഭം കാണിക്കുകയും ചെയ്യുന്ന ഒരു ജില്ലാ ബാങ്കായിരുന്നു മലപ്പുറം ജില്ലാ ബാങ്ക്. ബാങ്കുകളുടെ ഏകോപനം നടന്നപ്പോൾ ബാങ്കുകൾക്ക് സ്വന്തമായി നിലനിൽക്കാൻ കഴിയില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതുപോലെ പഞ്ചാബും ജില്ലാ ബാങ്കുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ ഒറ്റ ബാങ്കായി മാറ്റുകയുണ്ടായി. എന്നാൽ അവിടെ ഒരു ജില്ലാ ബാങ്കിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അനുമതി അവർ നൽകിയിരിക്കുകയാണ്. ആ രീതിയിൽ പ്രവർത്തിക്കാൻ ഇവിടെയും നമുക്ക് സാധിക്കുമായിരുന്നു. ജനാധിപത്യ രീതിയിൽ അവിടത്തെ ജനങ്ങളുടെ അഭിപ്രായം സ്വീകരിച്ചപ്പോൾ നാലിൽ മൂന്ന് ഭൂരിപക്ഷത്തിന് കേരള ബാങ്കിൽ ലയിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടും ആ ബാങ്കിനെ ലയിപ്പിച്ചേ അടങ്ങൂവെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലുമായി വീണ്ടും നമ്മൾ ഈ രംഗത്തേയ്ക്ക് വരുന്നത്. മാത്രമല്ല, കേരളത്തിലെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ് ഏറ്റവും കുറഞ്ഞ

പലിശയിൽ ജനങ്ങളെ സഹായിക്കാൻ മലപ്പുറം ജില്ലാ ബാങ്കിന് സാധിച്ചുവെന്നുള്ളത്. എന്നാൽ സംസ്ഥാന സഹകരണ ബാങ്കിനോ കേരള ബാങ്കിനോ മറ്റ് ജില്ലാ ബാങ്കുകൾക്കോ സാധിക്കാത്ത രീതിയിൽ ഏറ്റവും കുറഞ്ഞ പലിശയിൽ, പലിശയുടെ എത്രയാണോ ജില്ലാ ബാങ്കിനുവരേണ്ട ചെലവ് അത്രമാത്രം പലിശ ഈടാക്കിക്കൊണ്ട് ജനങ്ങളെ സഹായിക്കാൻ മുന്നോട്ടുവരികയും രണ്ട് ഡസനിലേറെ വരുന്ന പ്രൈമറി സഹകരണ സംഘങ്ങൾക്ക് പലിശരഹിത വായ്പ കൊടുത്തുകൊണ്ട് അതിനെ ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ വരെ നടത്തിയ ജില്ലാ ബാങ്കാണ് മലപ്പുറത്തുള്ളത്. വ്യത്യസ്തമായി പ്രവർത്തിച്ച ഈ ബാങ്ക് നഷ്ടപ്പെടാൻ പോകുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള സൂചിപ്പിച്ച ജീവനക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മലപ്പുറം ജില്ലയിൽനിന്ന് മണി എന്ന വ്യക്തി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽകൊടുത്ത ഒരു ഒ.പി.-യുടെ അടിസ്ഥാനത്തിൽ വന്ന വിധിയെ ആസ്പദമാക്കിയാണ് ആ ചട്ട ഭേദഗതി ഇപ്പോൾ വന്നത്.

നാലുവർഷം മുമ്പ് തുടങ്ങിയ ചർച്ചകളാണ്. ആ ചട്ട ഭേദഗതി അടിയന്തരമായി നടപ്പാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ട്. ഓർഡറിനകത്ത് എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ജീവനക്കാരുടെ സംഘടനകൾ പരാതി നൽകുമ്പോൾ അവരെ വിളിച്ച് ചർച്ച ചെയ്ത്, അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് തീർപ്പുകൽപ്പിക്കുന്ന ശൈലിയായിരിക്കും ഗവൺമെന്റിന്റേതെന്ന് അങ്ങയോട് ഉറപ്പുനൽകുന്നു. അക്കാര്യത്തിൽ തർക്കമില്ല. രണ്ടാമതായി ശ്രീ. കുറുക്കോളി മൊയ്തീൻ സൂചിപ്പിച്ച മലപ്പുറം ജില്ലാ ബാങ്കിനെ ഒറ്റപ്പെടുത്തി ഇനി നമുക്ക് നിൽക്കാനാകില്ല. 2021-ൽ സഭ പാസ്സാക്കിയ നിയമത്തെ ആസ്പദമാക്കി ആ ബാങ്കിന് കേരള ബാങ്കിൽ ലയിച്ചേ മതിയാകൂ. ഒറ്റയ്ക്ക് നിൽക്കാൻ സാധിക്കില്ല. ആർ.ബി.ഐ. തന്നെ ചോദിച്ചത് ഈ ബാങ്കിന് ഒറ്റയ്ക്ക് നിൽക്കാൻ സാധിക്കുമോയെന്നാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റുമുണ്ട്. അതുകൊണ്ട് ഒറ്റയ്ക്ക് നിന്നുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാനാകില്ല. അവിടെ ചെയ്ത സേവനങ്ങളും അത് നഷ്ടത്തിലാണെന്നും ഞാൻ പറഞ്ഞില്ല. കേരളത്തിലെ ഏഴോളം ജില്ലാ ബാങ്കുകൾ നഷ്ടത്തിലായിരുന്ന ഘട്ടത്തിലാണ് കേരള ബാങ്കിന്റെ രൂപീകരണം വന്നത്. പ്രത്യേകിച്ച് ചില

ജില്ലാ ബാങ്കുകൾ ലിക്വിഡേഷനിൽ പോകാവുന്ന രൂപത്തിൽ വരെ എത്തിയിരുന്നു. ആ സ്ഥാനത്താണ് കേരള ബാങ്ക് രൂപീകരിച്ചശേഷം ആദ്യവർഷം 64 കോടിയിൽപ്പരം രൂപയുടെയും രണ്ടാംവർഷം 74.24 കോടി രൂപയുടെയും ലാഭത്തിലെത്തിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചത്. രൂപീകരണം ശരിയായില്ലായെന്ന് പറഞ്ഞ വാദങ്ങൾക്ക് അടിസ്ഥാനമില്ല. ശരിയെന്ന രൂപത്തിലേയ്ക്കെത്തിയെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തണമെന്ന കാര്യം നടപ്പാക്കിക്കഴിഞ്ഞു. ഈ മേഖലയെ സംബന്ധിച്ചിടത്തോളം കരുവന്നൂരിന്റെ.... ബഹുമാനപ്പെട്ട അംഗം ശ്രീ. സജീവ് ജോസഫ് എം.എൽ.എ. ഇവിടെയില്ല. അദ്ദേഹം സൂചിപ്പിച്ചത്, എന്തൊക്കെ കാര്യങ്ങളാണ് നടന്നതെന്നാണ്? പലകാര്യങ്ങൾ ഞങ്ങൾ അതിൽ നടപ്പാക്കി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്ക് ഒരു കത്ത് നൽകിയിരുന്നു. ഒരു കൺസോർഷ്യം രൂപീകരിക്കുന്ന കാര്യമാണ് ഞങ്ങൾ ആദ്യം ആലോചിച്ചത്. ആ കൺസോർഷ്യം ഒരു സംഘത്തിന് മാത്രമാക്കരുത്. പൊതുവിൽ പിന്നോക്കം പോകുന്ന സംഘത്തെയെല്ലാം മുന്നോട്ടുകൊണ്ടുവരാൻ വേണ്ടിയുള്ള രൂപത്തിൽ ഒരു നയം സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കത്ത് ഞാൻ

പരിഗണനയിലെടുത്തിട്ടുള്ളത് അതിന്റെ ഭാഗമാണ്. കരുവന്നൂരിനുമാത്രമായുണ്ടാക്കിയ കൺസോർഷ്യം മാറ്റിവച്ചിട്ട്, കേരളത്തിൽ പിന്നോക്കം പോകുന്ന എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ ബി.ജെ.പി. എന്നോ ഒരു വ്യത്യാസവുമില്ലാതെ... സംഘം പിന്നോട്ടുപോയാൽ പൊതുവിൽ അത് സഹകരണമേഖലയെ ബാധിക്കും. ആ ആശയമാണ് അദ്ദേഹം പങ്കുവച്ചത്. അതുകൊണ്ട് അത്തരം സംഘങ്ങളെ സംരക്ഷിക്കാൻ സഹായിക്കുന്ന രൂപത്തിൽ ഇപ്പോൾ സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഫണ്ട് ഉയർത്തുന്ന ആരെയും ബുദ്ധിമുട്ടിക്കാതെ ലാഭത്തിൽനിന്നും മാത്രം കൊടുത്ത റിസർവ് ഫണ്ടുണ്ട്. സർപ്ലസ് ഫണ്ടുള്ള സംഘങ്ങൾക്ക് ഡെപ്പോസിറ്റ് ചെയ്യാനുള്ള അവസരവും കൊടുത്തുകൊണ്ടാണ് നടപ്പാക്കുക. ആ നിർദ്ദേശം നടപ്പാക്കുന്നതോടുകൂടി ഭാവിയിൽ ഒരാൾക്കും നിക്ഷേപം സംബന്ധിച്ച ആശങ്കയില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന കാര്യം സൂചിപ്പിക്കുകയാണ്. സ്കീം ആയിക്കഴിഞ്ഞു, അതിന്റെ നിബന്ധനകളൊക്കെ കൂട്ടിച്ചേർത്ത് ഓർഡറാക്കുന്ന കാര്യങ്ങൾ മാത്രമാണുള്ളത്. അക്കാര്യത്തിൽ പുതുതായി ഞങ്ങൾ തയ്യാറാക്കിയ ഭാവിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് അതാണ്.

നിക്ഷേപ ഗ്യാരന്റി സ്കീമിന് വർദ്ധനവുണ്ടായില്ലെന്നുപറഞ്ഞു. ബോർഡ് തീരുമാനിച്ചുകഴിഞ്ഞാൽ മാത്രമേ റൂൾ അമെന്റ് ചെയ്തശേഷം അഞ്ചുലക്ഷമാക്കി കൊടുക്കാൻ കഴിയൂ. ആ സ്ഥിതിക്കും മാറ്റം വരുന്നു. ഒരു ലിക്വിഡേഷനിൽ പോയ സംഘത്തിനുമാത്രമേ കൊടുക്കുവെന്ന സ്ഥിതിയിൽനിന്നും മാറ്റം വരുത്തി അല്ലാത്ത ഘട്ടത്തിൽകൂടി ഇടപെടാൻ നിക്ഷേപഗ്യാരന്റി സ്കീമിന് അവസരമൊരുക്കുന്ന രൂപത്തിലേയ്ക്കാണ് റൂൾ അമെന്റ് ചെയ്യുന്നത്. ഉന്നയിച്ച വിമർശനങ്ങളെ സംബന്ധിച്ച് ഇതാണ് സൂചിപ്പിക്കാനുള്ളത്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വരുന്നതുമായി ബന്ധപ്പെട്ട് പരാതികളും വിമർശനങ്ങളും വന്നു. ശരിയാണ്. അക്കാര്യത്തിൽ നേരത്തേ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുൻപാകെ കേസ് ഫയൽ ചെയ്തിരിക്കുന്നതിൽ ആ വിഷയമെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സജീവ് ജോസഫ് എം.എൽ.എ.-യും ബഹുമാനപ്പെട്ട മറ്റ് രണ്ട് എം.എൽ.എ.-മാരും സൂചിപ്പിച്ചത് ആർ.ബി.ഐ.-യുടെ നോട്ടീസുമായി ബന്ധപ്പെട്ട് എന്തുകാര്യങ്ങൾ ചെയ്യുവെന്നാണ്. അക്കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി ഒരിക്കൽ ഈ സഭയിൽ പറഞ്ഞതാണ്. മൂന്നുകാര്യങ്ങളാണ് ആർ.ബി.ഐ.

പറഞ്ഞത്. ഒന്ന്, ബാങ്ക്, ബാങ്കിംഗ്, ബാങ്കർ എന്നീ പദങ്ങൾ ഉപയോഗിക്കാൻ പാടില്ല. രണ്ട്, മെമ്പർഷിപ്പിന്റെ കാര്യത്തിൽ വോട്ടവകാശമുള്ള മെമ്പർമാരെ മാത്രമേ മെമ്പർമാരായി പരിഗണിച്ച് ബിസിനസുമായി മുന്നോട്ടുപോകാവൂ. മൂന്ന്, കേന്ദ്ര നിക്ഷേപ ഗ്യാരന്റി സ്കീമിൽനിന്ന് നമുക്ക് ഒരുരൂപപോലും തരില്ല. ഈ മൂന്ന് വിഷയത്തെ സംബന്ധിച്ചും പരിശോധിച്ചപ്പോൾ ഇക്കാര്യത്തിലെടുത്ത നിലപാടിൽ ഒന്ന്, ആർ.ബി.ഐ.-യ്ക്ക് കത്തെഴുതി. രണ്ട്, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതിയിരുന്നു. മൂന്ന്, സുപ്രീംകോടതിയിൽ സ്യൂട്ട് ഫയൽ ചെയ്തു.

അതിൽ ഇപ്പോൾ വ്യക്തമായി പറയുന്ന കാര്യം, ഇക്കാര്യത്തിൽ ആർ.ബി.ഐ. ചില അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുന്നുണ്ട്. ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങളുപയോഗിക്കാൻ പാടില്ല. ബി.ആർ. ആക്ടിന്റെ പരിധിയിലെടുത്ത് ബാങ്കിന് നൽകിയിട്ടുള്ള ഡെഫനിഷൻ, 'പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് വായ്പകൊടുക്കുകയും ചെയ്യുന്നതാണ് ബാങ്ക് ' എന്നാണ്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മെമ്പർമാർക്കുമാത്രം നിക്ഷേപം, വായ്പ. മെമ്പർമാർമാരുമായി മാത്രം ബിസിനസ്സ്. അതുമാത്രമല്ല

സേവനത്തിന്റെ തുറകളിലാണ്. ഇതിനെല്ലാമുപരി 97-ാം ഭരണഘടനാ ഭേദഗതി റദ്ദുചെയ്തുകൊണ്ട് രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ സുപ്രധാന വിധിയുണ്ട്. ആ വിധിയിൽ പറയുന്നത് നമുക്കെല്ലാമറിയാം, ഞാൻ സഭയിൽ സൂചിപ്പിച്ചിരുന്നതാണ്. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷന്റെ 7-ാം ഷെഡ്യൂൾ, 32 എൻട്രിയിൽ കൃത്യമായി നിർവ്വചിക്കുന്നു, കോ-ഓപ്പറേറ്റീവ് സബ്ജക്ട് സ്റ്റേറ്റ് സബ്ജക്ടാണ്. ആ 97-ാം ഭരണഘടന ഭേദഗതി വിഷയവുമായി ബന്ധപ്പെട്ട് അതിന്മേലുള്ള ഡിസ്പ്യൂട്ടിലെ സുപ്രീംകോടതിയുടെ അവസാനത്തെ വിധി അതാണ്. കോ-ഓപ്പറേറ്റീവ് സബ്ജക്ട് സ്റ്റേറ്റ് സബ്ജക്ടാണെന്ന് കൃത്യമായി നിർവ്വചിച്ചിരിക്കുന്നു. രണ്ടാമത്തെ കാര്യം കണ്ണൂർ ജില്ലയിലെ മാവിലായി ബാങ്ക് ഇതുമായി ബന്ധപ്പെട്ട ഒരു ഡിസ്പ്യൂട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊണ്ടുവന്നിരുന്നു. 194-മായി ബന്ധപ്പെട്ട പ്രശ്നത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണാഘടനാ ബഞ്ചിന്റെ സുപ്രധാനമായ മറ്റൊരു വിധിയുണ്ട്. അതിൽ എ-ക്ലാസ്, ബി-ക്ലാസ്, സി-ക്ലാസ്, ഡി-ക്ലാസ് ബിസിനസ്സിന്റെ കാര്യം തരംതിരിക്കേണ്ടതില്ല, വോട്ടവകാശം വേണ്ടതില്ല. ചിട്ടിയിൽ ചേരുന്ന ഒരാളിനോ അല്ലെങ്കിൽ വായ്പയെടുക്കുന്ന

ആളിനോ സി-ക്ലാസോ ഡി-ക്ലാസോ മെമ്പർഷിപ്പ് മതി. അവരെ ആ രൂപത്തിൽ പരിഗണിച്ചാൽ മതിയെന്നും അത് അംഗീകരിക്കണമെന്നുമാണ് സുപ്രീംകോടതി പറഞ്ഞത്. ആർ.ബി.ഐ.-യുടെ രണ്ടാമത്തെ വാദവും നിലനിൽക്കുന്നില്ലായെന്ന സൂചനയാണ്. മൂന്നാമത്തെ കാര്യം സൂചിപ്പിച്ചത്, കേന്ദ്ര നിക്ഷേപഗ്യാരന്റി സ്കീമിൽനിന്നും ഒരു രൂപപോലും നമുക്ക് നൽകില്ലായെന്നാണ്. നാളിതുവരെ ഒരുരൂപപോലും നൽകിയിട്ടില്ല; പിന്നെ എന്തിനാണ് തരില്ലായെന്ന് പറയുന്നത്. ഈ മൂന്നുകാര്യങ്ങളും നിലനിൽക്കുന്നില്ലായെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ തിരിച്ചറിയുകയും ഒപ്പം ഈ വിഷയത്തിൽ യോജിച്ച പ്രക്ഷോഭണം ആർ.ബി.ഐ.-യുടെ മുമ്പിൽ നടത്തുകയും ചെയ്തു. ആർ.ബി.ഐ-യുടെ മുമ്പിൽ സമരം നടത്തിയപ്പോൾ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം എല്ലാം ഉണ്ടായിരുന്നു. കഴിഞ്ഞ മൂന്ന് ദിവസം മുമ്പ് ശ്രീ. എം. എം. മണി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ എന്നിവർ പങ്കെടുത്തുകൊണ്ട് കട്ടപ്പനയിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. ഉൾപ്പെടെ എല്ലാ സഹകാരികളും ചേർന്ന് സഹകാരി സംഗമം നടന്നു. എല്ലാ ജില്ലകളിലും അത് നടന്നുവരികയാണ്. അങ്ങനെ യോജിച്ചൊരു

പോരാട്ടത്തിലേക്ക് നമ്മൾ കടന്നുവരുന്നതിന്റെ സൂചനകളാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സ്വാഭാവികമായും സ്യൂട്ട് ആകുമ്പോൾ പരിഗണിക്കുന്നതിന് കാലതാമസം വരും. ഇക്കാര്യത്തിൽ ഒന്നും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. അക്കാര്യത്തിൽ നമ്മൾ എടുത്ത തീരുമാനങ്ങളെല്ലാം നടപ്പാക്കിയിരിക്കുന്നുവെന്ന കാര്യം കൃത്യമായും സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു; നിക്ഷേപങ്ങൾ/സർപ്ലസ് ഫണ്ടുകൾ ലാഭകരമായി വിനിയോഗിക്കാൻവേണ്ടി ഒരു പദ്ധതി മുമ്പ് ചർച്ച ചെയ്ത് തുടങ്ങിയിരുന്നു, ശരിയാണ് ഇപ്പോൾ അത് വീണ്ടും പരിഗണനയ്ക്ക് എടുത്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിൽ നടന്ന ഡിസ്കഷനിൽ ആ നിർദ്ദേശങ്ങൾ നൽകുകയും അവരത് സമ്മതിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പും സഹകരണ വകുപ്പും യോജിച്ചുനിന്നുകൊണ്ട് നാടിന്റെ വികസന പ്രക്രിയയിൽ സർപ്ലസ് ഫണ്ടുകൾ വിനിയോഗിക്കാനാവശ്യമായ പുതിയ പ്രോജക്ടുകൾ തയ്യാറാക്കി നീങ്ങാൻ വേണ്ടി രണ്ടുപ്രാവശ്യം ചർച്ചകൾ നടന്നു. അത് തുടർന്ന് മുന്നോട്ടുകൊണ്ടുപോകുമെന്ന് വിനയപൂർവ്വം അറിയിക്കുകയാണ്.

അക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുണ്ടാകും. ഇവിടെ സൂചിപ്പിക്കപ്പെട്ട ഒന്നുരണ്ട് നിർദ്ദേശങ്ങൾ, കേരള ബാങ്കിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നുവെന്ന് പറഞ്ഞപ്പോൾ ഒരു കാര്യം തെറ്റിദ്ധരിച്ചതുകൂടി മനസ്സിലാക്കണം. കേരള ബാങ്ക് രൂപീകരിക്കുന്നതിന് മുമ്പുതന്നെ കേരള സംസ്ഥാന സഹകരണ ബാങ്ക് ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലാണ്. ചില ഡി.സി.ബി.-കളും അങ്ങനെയായിരുന്നു. പക്ഷേ ബി.ആർ. ആക്ട് വന്നതിനുശേഷമാണ് കടുത്ത നിയന്ത്രണം വന്നത്, അതാണ് തിരിച്ചറിയാത്തത്. കാര്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം വിമർശനങ്ങൾ ഉന്നയിക്കേണ്ടതെന്ന കാര്യം സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ നമുക്ക് അംഗീകാരം നൽകുമ്പോൾ ആർ.ബി.ഐ. പറഞ്ഞിട്ടുള്ള ഒന്നാമത്തെ ക്ലോസ്, കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഇത് സഹകരണ മേഖലയിൽത്തന്നെ നിലനിൽക്കണമെന്നാണ്. അത് തെറ്റിദ്ധരിക്കരുതെന്ന കാര്യം കൂടി ആ വിഷയത്തിൽ സൂചിപ്പിക്കുകയാണ്. പക്ഷപാതപരമായി ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർ പെരുമാറുന്നത് എവിടെ ചൂണ്ടിക്കാണിച്ചാലും അതിൽ കൃത്യമായി ഇടപെടും, അതിൽ ഒരു

കാരണവശാലും പാർഷ്യലായി നടപടി സ്വീകരിക്കാൻ സമ്മതിക്കില്ല. അത്തരം കാര്യങ്ങൾ ഇംപാർഷ്യലായി മുന്നോട്ടുകൊണ്ടുപോകാനായി ഇടപെടുമെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. കെ. ബഷീർ പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചിരുന്നു. മറ്റൊന്ന് ഓണറേറിയം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ബഹുമാനപ്പെട്ട യു. എ. ലത്തീഫിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് ചർച്ച ചെയ്യാവുന്നതാണ്. നിയമഭേദഗതിയെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. സമഗ്രമായ നിയമ ഭേദഗതി, ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ചേർന്ന് എല്ലാ വിഭാഗം സഹകാരികളെയും ഉൾപ്പെടുത്തി ബിൽ അടുത്ത സഭയിൽ അവതരിപ്പിക്കാം, ശേഷം സെലക്ട് കമ്മിറ്റിക്ക് വിടുന്ന കാര്യം ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കാം. എന്തായാലും കരട് നിയമം തയ്യാറായെന്ന കാര്യം സഭയെ അറിയിക്കുകയാണ്. കുറ്റമറ്റ നിയമം കൊണ്ടുവന്നുകൊണ്ട് നമുക്ക് ഈ രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിയുന്നതാണ്. ജപ്തി നടപടിയുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനവ് പൊതുവിൽ ഏതെങ്കിലും തരത്തിൽ കൂടുതലായി വന്നിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ പരിശോധിക്കുകയും അക്കാര്യത്തിൽ വ്യത്യാസങ്ങൾ വരുത്തി

ലഘൂകരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഇടപെടുമെന്ന കാര്യമാണ് സൂചിപ്പിക്കാനുള്ളത്. എൻ.ആർ.ഐ. നിക്ഷേപം നേരത്തെതന്നെ പി.എ.സിഎസ്.-ന് സ്വീകരിക്കാൻ നിയമമില്ല. ചിലക്കൂട്ടർ അല്ലാതെ തന്നെ സ്വീകരിച്ചിരുന്നു, അത് അബദ്ധമാണ്. പിന്നീട് ചില ബാങ്കുകൾ മറ്റ് ചില നാഷണലൈസ്ഡ് ബാങ്കുകൾ/കൊമേഴ്സ്യൽ ബാങ്കുകളുമായി ബന്ധപ്പെടുത്തി ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. കേരള ബാങ്ക് ഇക്കാര്യത്തിൽ അതിന്റെ ആധുനികവൽക്കരണം ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഒന്നാംഘട്ടം പ്രവർത്തിച്ചുതുടങ്ങിയെന്ന സന്തോഷവാർത്ത കൂടി അറിയിക്കുകയാണ്. ആർ.ടി.ജി.എസ്, നെഫ്റ്റ്, മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, എ.ടി.എം. എല്ലാം ഉൾക്കൊള്ളുന്ന വിപ്രോയുടെ ഓൺഗോയിംഗ് പ്രോജക്ടാണ്. കോട്ടയം ഹെഡ് ഓഫീസുമായുള്ളതാണ് ആദ്യം പൂർത്തീകരിച്ചത്. രണ്ടാം ഘട്ടം വയനാട്ടും കോഴിക്കോട്ടുമായിട്ടാണ്. അത് ഡിസംബർ മാസത്തോടുകൂടി പൂർണ്ണമാകും. ആ രൂപത്തിൽ ആ പ്രോജക്ട് തീരുമെന്ന കാര്യവും അറിയിക്കുകയാണ്. ഇത് കൂടാതെ ഭാവിയിൽ പി.എ.സി.എസ്.-മായി ഒരു ഐ.ടി. ഇന്റഗ്രേഷനും കൊണ്ടുവരികയാണ്. അതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തുകഴിഞ്ഞു. സമീപകാല ഭാവിയിൽ

ഈ രംഗത്തെ ക്രമക്കേടുകൾ തടയാൻ മറ്റൊരു സുതാര്യമായ സംവിധാനമുണ്ടാക്കാൻ അത് ഏറെ സഹായകരമാകും. പി.എ.സി.എസ്.-മായിട്ടുള്ള ഐ.ടി. ഇന്റഗ്രേഷൻ നടപ്പാക്കുമെന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കേരളത്തിൽ സഹകരണ മേഖല ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ എൽ.ഡി.എഫ്., യു.ഡി.എഫ്., കക്ഷിരഹിത വ്യത്യാസമില്ലാതെ എല്ലായിപ്പോഴും സഹകരണ മേഖലയിൽ യോജിച്ച പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ട് നാടിന്റെ പുരോഗതിക്കെന്ന കാഴ്ചപ്പാടിലാണ് മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നത്. തുടർന്നും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ കാഴ്ചപ്പാടുതന്നെയാണ് പൊതുവിലുള്ളത്. അതിന് സഹായകരമായ രൂപത്തിൽ സമഗ്രമായ നിയമ ഭേദഗതികൂടി വരേണ്ടതുണ്ട്. ചെറിയ രൂപത്തിലുള്ള ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടമല്ല ഇപ്പോഴത്തേത്. ഈ മേഖലയിൽ വൻതോതിലുള്ള നിക്ഷേപങ്ങൾ വരുന്നു, ഇടപെടൽ വരുന്നു. അത്തരം കാര്യങ്ങളെല്ലാം നിയന്ത്രിക്കാൻ സഹായിക്കുന്ന രൂപത്തിലുള്ള സംവിധാനമുണ്ടാകണം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ജീവനക്കാരുടെ ട്രെയിനിംഗിന് സ്കീം തയ്യാറാക്കി ട്രെയിനിംഗ് കൃത്യമായി നൽകിത്തുടങ്ങിയിട്ടുണ്ട്.

കാലഘട്ടത്തിന് യോജിച്ച രൂപത്തിൽ എങ്ങനെ ആധുനിക ബാങ്കിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് കോംപീറ്റ് ചെയ്യാൻ മുന്നോട്ട് പോകണം എന്നത് പഠിപ്പിക്കുന്നതുപോലെതന്നെ ഈ രംഗത്തെ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മൾ മുന്നോട്ട് പോകുകയാണ്. അത് രണ്ടും ചേർത്ത് ഈ മേഖല കുറ്റമറ്റതാക്കി മാറ്റാൻ വേണ്ടിയുള്ള സമഗ്രമായ നിയമ ഭേദഗതിയും നയപരമായ നീക്കങ്ങളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ നിലയിലുള്ള നീക്കങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u>: (1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച ശ്രീ. കെ. കെ. രാമചന്ദ്രൻ സീറ്റിലില്ലായിരുന്നു.)

ശ്രീ. യു. എ. ലത്തീഫ് അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ശബ്ദവോട്ട് മതിയാകില്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോൾ ആണോ ശബ്ദവോട്ട് ആണോ വേണ്ടതെന്ന് ചെയറിന് തീരുമാനിക്കാൻ സാധിക്കില്ല.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പോൾ നടത്താം.

മി. ചെയർമാൻ: യെസ്...

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

(സഭാംഗങ്ങൾ ശബ്ദ വോട്ട് രേഖപ്പെടുത്തി)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ബെൽ അവസാനിച്ചതിനുശേഷം വാതിൽ

തുറന്ന് അംഗങ്ങൾ സഭയ്ക്കകത്ത് പ്രവേശിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ബെൽ അവസാനിച്ചാൽ വാതിൽ തുറന്ന് ആരും വരില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, എം.എൽ.എ.-മാർ വാതിൽ തുറന്ന് സഭയ്ക്കകത്തേക്ക് വന്നിട്ടുണ്ട്.

മി. ചെയർമാൻ: അവർ അതിനുമുമ്പ് കയറിയതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബെൽ അവസാനിച്ചതിനുശേഷം എം.എൽ.എ.-മാരും മന്ത്രിമാരും അകത്തേയ്ക്ക് പ്രവേശിച്ചിട്ടുണ്ട്.

മി. ചെയർമാൻ: യെസ്. അത് പരിശോധിക്കാം. അങ്ങനെ വന്നിട്ടുണ്ടെങ്കിൽ റീ-പോൾ ചെയ്യാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോൾ ചെയ്യുന്നതിന് ഒരു പൊസീജ്വറുണ്ട്. ആദ്യം ബെൽ അടിക്കും. ബെൽ അവസാനിച്ചാൽ വാതിൽ അടയ്ക്കും. അതിനുശേഷം ഒരാളുപോലും സഭയ്ക്കകത്ത് കയറാൻ പാടില്ലെന്നതാണ് നിയമം. ഇന്ന് എല്ലാ വാതിലിലൂടെയും അംഗങ്ങൾ കയറി. തെറ്റായ ഒരു നടപടിക്രമമാണുണ്ടായത്. തെറ്റായ നടപടിക്രമത്തെ തെറ്റെന്ന് തന്നെ സൂചിപ്പിക്കും. ഒരു

കാലത്തുമുണ്ടാകാത്ത കാര്യമാണ് പോൾ നടക്കുന്ന സമയത്തുണ്ടായത്. നിയമവും റൂളുമൊക്കെ വിവരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെ എല്ലാവരും അത് ലംഘിക്കുകയാണുണ്ടായത്. ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമം പാസ്സാക്കുന്ന നടപടിക്രമത്തോട് ഞങ്ങളുടെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ സഹകരിക്കാം.

മി. ചെയർമാൻ: വാതിൽ അടച്ചോ ഇല്ലയോയെന്ന് ഇവിടെയിരുന്ന് കാണാൻ കഴിയില്ല. ബെൽ അവസാനിച്ചശേഷം അംഗങ്ങൾ പ്രവേശിച്ചിരുന്നോയെന്ന കാര്യം പരിശോധിക്കും. പ്രതിപക്ഷനേതാവ് വളരെ വിശദമായി സംസാരിച്ചു. അക്കാര്യം പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയും ചെയ്തതാണ്. ഇനി അതിന്മേൽ ചർച്ചയില്ല. റീ-പോൾ ചെയ്യാം.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

(വോട്ട് രേഖപ്പെടുത്തുന്നതിന് ചില സാങ്കേതിക തകരാറുള്ളതിനാൽ സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. In Clause 2 for the word “ principal” the word “ Principal” shall be substituted.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

183. In the proviso to section 2(ia) proposed to be amended by Clause 2 for the words " three years" the word " three" shall be substituted.

187. Clause 2 shall be recast as follows:
" 2. Amendment of section 2.– In section 2 of the Kerala Co-operative Societies Act, 1969 (Act 21 of 1969) (hereinafter referred to as the principal Act), in the proviso to clause (ia) for the words " two years" , the words " three years" shall be substituted."

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. In the proviso to section 2(ia) proposed to be amended by Clause 2 for the word " three" the words " three and half" shall be substituted.

മി. ചെയർമാൻ: 148 മുതൽ 180 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യേണ്ടതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.) ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 183, 187 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

188. In Clause 3 for the word “ cesser” the word “ cessation” shall be substituted.

190. In Clause 3(a) after the words " have been taken" the word " legally" shall be inserted.

191. In Clause 3(b) for the word " Gazette" the words " Kerala Gazette" shall be substituted.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 188, 190, 191 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

(മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. In the long title after the word "Kerala" the word "State" shall be inserted.

140. Clause 1(2) shall be recast as follows:-
" (2) It shall come to force at once."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. In the preamble for the word " expedient" the word " appropriate" shall be substituted.

121. In the preamble the word " further" shall be deleted.

126. In the preamble before the word " purposes" the word " following" shall be inserted.

132. In the enacting formula for the word " BE" the word " Be" shall be substituted.

133. In the enacting formula for the word " enacted" the word " constitute" shall be substituted.

134. In Clause 1(1) after the word " Kerala" the word " State" shall be inserted.

136. In Clause 1(2) for the word " deemed" the word

" assumed" shall be substituted.

137. In Clause 1(2) for the words " come into force" the words " take effect" shall be substituted.

138. In Clause 1(2) the words " day of " shall be deleted.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. In the preamble for the word " expedient" the word " convenient" shall be substituted.

131. In the preamble for the word " hereinafter" the word " henceforth" shall be substituted.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. In Clause 1(1) the word " Second" shall be deleted.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. Clause 1(2) shall be recast as follows:-
" (2) It shall come to force on such date as the Government may by notification in the Gazette appoint."

മി. ചെയർമാൻ: 109-ാം നമ്പർ ഭേദഗതി ശീർഷകത്തിലുള്ളതാകയാൽ

ക്രമപ്രകാരമല്ല. 116-ാം നമ്പർ ഭേദഗതി മുതൽ 118-ാം നമ്പർ ഭേദഗതി വരെ 115-ാം നമ്പർ ഭേദഗതിക്കും 122 -ാം നമ്പർ ഭേദഗതി മുതൽ 125-ാം നമ്പർ ഭേദഗതി വരെ 121-ാം നമ്പർ ഭേദഗതിക്കും 141-ാം നമ്പർ ഭേദഗതി മുതൽ 143-ാം നമ്പർ ഭേദഗതി വരെ 140-ാം നമ്പർ ഭേദഗതിക്കും 145-ാം നമ്പർ ഭേദഗതി മുതൽ 147-ാം നമ്പർ ഭേദഗതി വരെ 144-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 115, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 121, 126, 132, 133, 134, 136, 137, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 120, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022 -ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തത് പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ

പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഉമ തോമസ്: സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

രാഷ്ട്രീയ താൽപര്യം ഉദ്ദേശിച്ച് മാത്രമാണ് ഈ ഭേദഗതി ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. കേരള മാരിടൈം ബോർഡിലേയ്ക്ക് മാറ്റപ്പെട്ട തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരുവാൻ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും മാരിടൈം ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിനും കൊച്ചിയിൽ മേഖലാ ഓഫീസ് ആരംഭിക്കുന്നതിനും ചെയർമാൻ, പ്രിൻസിപ്പൽ സെക്രട്ടറിയെന്നത് സെക്രട്ടറിയായാലും മതിയെന്ന് പുനർനിശ്ചയിക്കുന്നതിനും ചെയർമാന്റെയും വൈസ് ചെയർമാന്റെയും കാലാവധി അഞ്ചുവർഷത്തിൽനിന്ന് മൂന്നുവർഷമാക്കി നിജപ്പെടുത്തുന്നതിനും കൂടാതെ ബോർഡിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താനുമുള്ള സർക്കാരിന്റെ അധികാര പരിധി വർദ്ധിപ്പിക്കുന്നതിലൂടെ ബോർഡിന്റെ സ്വയംഭരണാധികാരത്തെ ഹനിക്കുന്ന വിധത്തിലുള്ള വ്യവസ്ഥകളാണ്

ബില്ലിലുൾപ്പെടുത്തിയിരിക്കുന്നത്. അധികാര വികേന്ദ്രീകരണമെന്ന് ഏട്ടിൽ പറയുകയും പ്രവർത്തന ശൈലിയിൽ ഈ ബില്ലിലൂടെ അധികാര കേന്ദ്രീകരണം നടക്കുന്നതിന്റെയും ഉത്തമ ഉദാഹരണമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിനുള്ളിൽ പൂർണ്ണമായും സാമ്പത്തികമായി സ്വയംഭരണ അധികാരമുള്ള സ്ഥാപനമായി മാറുവാൻ വിഭാവന ചെയ്ത ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകളുടെ ഭരണവും നിയന്ത്രണവും ചുമതലപ്പെടുത്തിയിരിക്കുന്ന കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ പര്യാപ്തമായ ഭരണപരമായ നടപടികൾ സ്വീകരിക്കാതെ ജീവനക്കാരെ സംബന്ധിച്ച സാമ്പത്തിക ബാധ്യതകൾ ഏറ്റെടുത്തുകൊണ്ടും ബോർഡിന്റെ സ്വയംഭരണത്തെ ഹനിക്കുന്ന രീതിയിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിനുള്ള വ്യവസ്ഥകളുൾപ്പെടുത്തിയ ഒരു നിയമനിർമ്മാണ നിർദ്ദേശമാണ് ഈ ബില്ലിൽ മുന്നോട്ടുവയ്ക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾ മൂലനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. സംസ്ഥാനത്ത് ചെറുകിട

തുറമുഖങ്ങൾക്കുവേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കേണ്ടതും അപ്രകാരമുള്ള തുറമുഖങ്ങളുടെയും ചില സംരംഭങ്ങളുടെയും ഭരണവും നിയന്ത്രണവും നടത്തിപ്പും ആ ബോർഡിൽ നിക്ഷിപ്തമാക്കുന്നതിനുമാണ് 2017-ലെ കേരള മാരിടൈം നിയമം കൊണ്ടുവരുന്നതെന്ന് പ്രസ്തുത നിയമത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു. 'സാഗർമാല' പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തിന്റെ വിഹിതം നേടിയെടുക്കുന്നതിനും തുറമുഖങ്ങളുടെ കണക്ടിവിറ്റിക്കും സമഗ്രമായ റോഡ്/റെയിൽ വികസനങ്ങൾക്കുമുള്ള പദ്ധതി പ്രാവർത്തികമാക്കാനും മാരിടൈം ബോർഡുവഴി സാധിക്കുമെന്നാണ് ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മന്ത്രി പറഞ്ഞത്. കൂടാതെ, സംസ്ഥാനത്തെ തീരസംരക്ഷണം ഉറപ്പാക്കുന്നതിനും മാരിടൈം ബോർഡുവഴി സാധിക്കുമെന്നാണ് മന്ത്രി അവകാശപ്പെട്ടത്. എന്നാൽ, കഴിഞ്ഞ അഞ്ചുവർഷമായി തീരസംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ദിനംപ്രതി സംസ്ഥാനത്തെ തീരപ്രദേശങ്ങൾക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടും മത്സ്യബന്ധന ഉപകരണങ്ങളും തൊഴിലും

നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ ദൈനംദിന ജീവിതംപോലും വഴിമുട്ടി നിൽക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? തീരസംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ വീടും തൊഴിലും സംരക്ഷിക്കുന്നതിനായി കേഴുന്നവർക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മാരിടൈം ആക്ടിന്റെ നിയമനിർമ്മാണത്തിനായി പ്രസിദ്ധീകരിച്ച ബില്ലിൽ പരാമർശിച്ചിട്ടുള്ളത്, ആദ്യസാമ്പത്തിക വർഷത്തിൽ 2843 ലക്ഷം രൂപയും തുടർന്നുവരുന്ന അഞ്ചുവർഷത്തേയ്ക്ക് അതിന്റെ പത്ത് ശതമാനം വർദ്ധനയോടുകൂടിയ തുകയും ആവർത്തക ചെലവായി സർക്കാർ നൽകേണ്ടതാണെന്നാണ്. സ്ഥാപന ഘട്ടത്തിന്റെ ആരംഭത്തിനുശേഷം വിവിധ റവന്യൂ മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായമില്ലാതെ ബോർഡ് പൂർണ്ണമായും സ്വയം ഭരണാധികാരമുള്ളതായി തീരുന്നതാണ്. അതായത്, 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിൽ പൂർണ്ണമായും സാമ്പത്തിക സ്വയംഭരണ അധികാരമുള്ള സ്ഥാപനമാകേണ്ട ബോർഡിന്റെ ജീവനക്കാരുമായി ബന്ധപ്പെട്ട ബാധ്യതകൾ സർക്കാർ തിരികെ ഏറ്റെടുക്കുന്ന രീതിയിലാണ്

പുതിയ ബില്ലിലെ 7, 8 വകുപ്പുകൾ. വകുപ്പ് 7 പ്രകാരം ജീവനക്കാർ സർക്കാർ ജീവനക്കാരായി എല്ലാ ആനുകൂല്യങ്ങളോടെയും തുടരുമെന്ന് വ്യവസ്ഥചെയ്യുമ്പോൾ വകുപ്പ് 8 പ്രകാരം പ്രൊവിഡന്റ് ഫണ്ടിലേയും സൂപ്പർ ആനുവേഷൻ ഫണ്ടിലെയും ബാധ്യതകൾ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന പ്രധാന ആക്ടിലെ സെക്ഷൻ 18 റദ്ദാക്കുകയും ചെയ്തിരിക്കുന്നു. അതായത്, ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് ഭാവിയിൽ അധിക ബാധ്യതയുണ്ടാക്കുന്ന വ്യവസ്ഥകളാണ് ബില്ലിലുള്ളത്. നിലവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും നൽകുന്നതിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരില്ലെന്ന പരാമർശം ശരിയല്ല. ബോർഡ് രൂപീകരണത്തെത്തുടർന്ന് ഓപ്ഷൻ നൽകി ബോർഡിന്റെ ജീവനക്കാരായി മാറിയതും പുതിയ നിയമനിർമ്മാണത്തിലൂടെ വീണ്ടും സർക്കാർ ജീവനക്കാരായി മാറുന്നതുമായ ജീവനക്കാർക്ക് അപ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ സേവന-വേതന വ്യവസ്ഥകളും സെക്യൂരിറ്റിയും ഉറപ്പാക്കേണ്ടത് ആവശ്യമാണ്. കാരണം, അതാത് കാലഘട്ടത്തിലെ നിയമങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രസ്തുത ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടുള്ളത്. ഈ

ഉദ്യോഗസ്ഥർക്കെല്ലാം യാതൊരു ആനുകൂല്യങ്ങളും നഷ്ടപ്പെടില്ലെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥകൾകൂടി നിയമത്തിലുൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിന് ബോർഡിന്റെ ഭാഗം വിശദീകരിക്കുന്നതിനും ബോർഡിന്റെ ആക്ഷേപങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിഗണിക്കുകയും ന്യായമായും ഒരവസരം നൽകുകയെന്ന വ്യവസ്ഥയും ഈ ഭേദഗതിയിലൂടെ ഒഴിവാക്കേണ്ടതാണ്. ബില്ലിലെ ഒമ്പതാം വകുപ്പിൽ പറയുന്ന ഭേദഗതി പ്രകാരം, സർക്കാരിന് ഒരു ഉത്തരവ് വഴി ഏത് സമയത്തും ബോർഡിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററിലൂടെ കയ്യടക്കാവുന്നതാണ്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിന് ആറുമാസക്കാലത്തേയ്ക്ക് പരിധി നിശ്ചയിച്ചിരുന്ന വ്യവസ്ഥയും കാറ്റിൽ പറത്തുകയാണ്. ആരെ സഹായിക്കാനാണ് ഇത്തരമൊരു ഭേദഗതി ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. മാരിടൈം ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതാണ് മറ്റൊരു ഭേദഗതി. ഈ മാറ്റത്തിന്റെ ആവശ്യമെന്താണ്; നിലവിൽ മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമാണ് പ്രധാന തുറമുഖങ്ങൾ. ഇങ്ങനെയിരിക്കെ ബോർഡിന്റെ ആസ്ഥാനം

തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിന്റെ ഉദ്ദേശ്യമെന്താണ്; ആരുടെ ഭരണപരമായ സൗകര്യമാണ് ഇതുവഴി സർക്കാർ ഉദ്ദേശിക്കുന്നതെന്ന് പറയണം. വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ഓഫീസർ ഈ ബോർഡിലെ എക്സ്-ഒഫീഷ്യോ അംഗമാണ്. ഈ ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നത് അദ്ദേഹത്തിന്റെ സൗകര്യപ്രകാരവും ആവശ്യപ്രകാരവുമാണോയെന്നത് കൂടി സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്. ബോർഡിന് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളോ സുരക്ഷാ പ്രശ്നങ്ങളോ ഉള്ളതായി ബോർഡിന്റെ പ്രവർത്തനത്തിലും കർത്തവ്യ നിർവ്വഹണത്തിലും തുടർച്ചയായി വീഴ്ച സംഭവിക്കുകയോ അപ്രകാരമുള്ള വീഴ്ചകൊണ്ട് ബോർഡിന്റെ സാമ്പത്തിക സ്ഥിതിയോ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിലോ നിലവാര തകർച്ചയോ ഉള്ളതായി ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിലൊന്നും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ബോർഡിന്റെ പ്രവർത്തന സ്വാതന്ത്ര്യം കവർന്നെടുക്കുന്നതും മൂലനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധവുമായ ഈ ഭേദഗതികളോട് യോജിക്കുവാൻ സാധിക്കില്ലെന്ന് അറിയിച്ചുകൊണ്ട്

ഞാൻ നിർത്തുന്നു.

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എച്ച്. സലാം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2017-ലാണ് കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസാക്കുകയും മാരിടൈം ബോർഡ് നിലവിൽ വരികയും ചെയ്തത്. നമുക്കറിയാവുന്നതുപോലെ, തുറമുഖ ഡയറക്ടറേറ്റിനെയും അനുബന്ധമായി ഉണ്ടായിരുന്ന സ്ഥാപനങ്ങളെയും ലയിപ്പിച്ചുകൊണ്ടാണ് മാരിടൈം ബോർഡ് രൂപീകരിക്കപ്പെട്ടത്. വിയോജനക്കുറിപ്പിന്റെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്ന സാമ്പത്തിക ബാധ്യതയിലേയ്ക്ക് നമ്മളെത്തപ്പെടുന്ന സാഹചര്യം ഈ ബില്ലിന്റെ ഭേദഗതിയിലൊന്നും കാണാൻ കഴിയുന്നില്ലെന്നാണ് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. ആസ്ഥാനം വ്യത്യാസപ്പെടുത്തുന്നുവെന്നതാണ് മൂന്നാം ഉപവകുപ്പിൽ പറയുന്നത്, കൊച്ചിയെന്നുള്ളത് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നുവെന്നതാണ്.

ചെയർമാനുമായി ബന്ധപ്പെട്ട കാര്യമാണ് നാലാം ഉപവകുപ്പിൽ പറയുന്നത്, പ്രിൻസിപ്പൽ സെക്രട്ടറി പദവി എന്നുള്ള ഭാഗം മാറ്റി സെക്രട്ടറിയുടെ പദവിയെന്നാണ് വരുന്നത്. പതിനേഴാം വകുപ്പിൽ ജീവനക്കാരുമായി ബന്ധപ്പെട്ട വിഷയമാണ് പരാമർശിക്കുന്നത്. തുറമുഖ ഡയറക്ടറേറ്റിന്റെ ഭാഗമായിരുന്ന ജീവനക്കാർ മാരിടൈം ബോർഡായി രൂപാന്തരപ്പെടുത്തി വന്ന സന്ദർഭത്തിലുണ്ടായ പ്രശ്നങ്ങളാണ്. അത് പരിഹരിക്കാൻവേണ്ടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പാലിക്കാൻ കഴിയുന്ന നിലയിലേയ്ക്കുള്ള ഒരു ഭാഗമാണ് അതിനകത്ത് വന്നിട്ടുള്ളത്. ഈ നിലയിൽ നോക്കിയാൽ വിയോജനക്കുറിപ്പിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ രേഖപ്പെടുത്തിയപോലെ ഏതെങ്കിലും നിലയ്ക്കുള്ള ഒരു സാമ്പത്തിക ബാധ്യതയുമുണ്ടാകുന്നില്ലെന്ന് കൃത്യമായി പറയാൻ കഴിയും. ഭരണപരമായ സൗകര്യത്തിനും വികസനപ്രകിയയിൽ സർക്കാരിന്റെ ഇടപെടലുകൾ കൂടുതൽ ഉറപ്പുവരുത്താനും കഴിയുന്ന തരത്തിലുള്ള ഭേദഗതിയാണ് യഥാർത്ഥത്തിൽ ഈ ബില്ലിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. മാരിടൈം ബോർഡിന്റെ പ്രവർത്തന പരിധിയിലേയ്ക്കെത്തപ്പെടുന്ന തുറമുഖങ്ങളുടെ വികസനത്തിന് സർക്കാരിന്റെ കൂടുതൽ ഇടപെടലുകൾ സാധ്യമാക്കാനാണ്

ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. വ്യാപാര മേഖലയിൽ തുറമുഖങ്ങൾക്കും ഷിപ്പിംഗ് മേഖലയ്ക്കും ലോകത്ത് ഏറെ പ്രാധാന്യമുള്ളതാണ്. ഒരുകാലത്തും അതിന്റെ പ്രാധാന്യം കുറഞ്ഞുപോയിട്ടില്ല. ലോകവ്യാപാരത്തിന്റെ ഏതാണ്ട് 80 ശതമാനത്തോളവും തുറമുഖങ്ങൾ വഴിയാണ് നടക്കുന്നത്. ഈ കണക്ക് പരിശോധിക്കുമ്പോഴാണ് നമ്മുടെ നാടിന്റെ ഈ രംഗത്തുള്ള കുറവിനെക്കുറിച്ച് ബോധ്യമാകുന്നത്. രാജ്യങ്ങളുടെയും സമ്പദ്ഘടനയുടെയും വളർച്ചയിലും വികാസത്തിലും പങ്കുവഹിക്കുന്ന ഘടകങ്ങളിൽ ഉൽപ്പാദനവും അതുപോലെ ചരക്കുകൾ നീക്കം ചെയ്യാനുള്ള കണക്റ്റിവിറ്റിയും ഏറ്റവും പ്രധാനപ്പെട്ടതാണ്. റെയിൽവേ, വിമാനത്താവളം, റോഡുകൾ എന്നീ മേഖലകൾ മാത്രമാണ് ഏറ്റവും പ്രധാന ഭാഗമായി നമ്മൾ കണക്കാക്കപ്പെടുന്നത്. എന്നാൽ ലോകവ്യാപാരത്തിന്റെ കണക്ക് നോക്കുമ്പോൾ ജലഗതാഗത മേഖലയിൽ അല്ലെങ്കിൽ തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കമാണ് ആകെയുള്ള വ്യാപാരത്തിന്റെ വലിയപങ്കും നിറവേറ്റപ്പെടുന്നതെന്ന് കാണാൻ കഴിയും. അത്തരം സാധ്യതകളെ വേണ്ടവിധം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ലെന്നുള്ളത് വലിയൊരു കുറവാണ്. ഈ മേഖലയുടെ കൂടുതൽ സാധ്യതകൾ

ഉപയോഗപ്പെടുത്താൻ നമുക്കിപ്പോഴും കഴിയുന്നില്ല. യഥാർത്ഥത്തിൽ മാരിടൈം ബോർഡ് വന്നതിനുശേഷമാണ് ജലഗതാഗത മേഖലയിൽ ചെറിയൊരളവിലെങ്കിലും ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞത്. കേരളത്തിന് 590 കിലോമീറ്റർ കടൽത്തീരവും നോട്ടിഫൈ ചെയ്ത ഏതാണ്ട് 17 തുറമുഖങ്ങളുമുണ്ട്. എന്നാൽ നാല് തുറമുഖങ്ങളിൽ മാത്രമാണ് ചെറിയ തോതിലെങ്കിലും ഇപ്പോൾ കപ്പൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. വിഴിഞ്ഞം പോർട്ട് കമ്മീഷൻ ചെയ്യപ്പെടുമ്പോൾ അതിനനുബന്ധമായി കേരളത്തിന്റെ തുറമുഖ മേഖലകളെ കൂടുതൽ സജീവമാക്കി വ്യാപാര / സഞ്ചാര മേഖലകളിൽ ഇതിന്റെ സാധ്യതകളെ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ടതാണ്. മാരിടൈം ബോർഡ് വന്നതിനുശേഷം കഴിഞ്ഞ വർഷമാണ് ഈ മേഖലയിലൂടെ ആഭ്യന്തര ചരക്കുനീക്കം നടത്താൻ കേരളം പരിശ്രമിച്ചത്. വേഗതയിലും ചെലവുകുറഞ്ഞതും വേഗത്തിലുള്ളതുമായ ചരക്കുനീക്കം ലക്ഷ്യംവച്ച് നീങ്ങിയതിന്റെ ഫലമായി കഴിഞ്ഞ വർഷം കപ്പൽ ചരക്ക് ഗതാഗതത്തിലൂടെ 3033 കണ്ടെയ്നറുകൾ നമ്മുടെ തുറമുഖംവഴി എത്തിക്കാൻ കഴിഞ്ഞു. എന്നാൽ കപ്പൽ കമ്പനികളുടെ ചില നിലപാടുകൾ

കാരണം അത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. വിഴിഞ്ഞം യാഥാർത്ഥ്യമായാൽ കൊല്ലം പോർട്ട്, പഴയകാല പ്രൗഢിയുള്ള ആലപ്പുഴ തുറമുഖം, കൊച്ചി മേജർ പോർട്ട്, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ കേരളത്തിലെമാത്രം തുറമുഖങ്ങളെ തമ്മിൽ കണക്ടിവിറ്റിയുണ്ടാക്കാൻ കഴിയും. കൂടാതെ തൂത്തുക്കുടിയെയും മംഗലാപുരത്തെയും കണക്ട് ചെയ്യാൻ കഴിയും. ആ നിലയിൽ സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തിയും ഈ മേഖലയിൽ ചെയ്യാൻ കഴിയുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തിയാൽ വളരെ നല്ല നിലയിൽ മുന്നോട്ടുപോകാൻ കഴിയുന്നതാണ്. ഈ മേഖലയിലെ പ്രധാന പ്രവർത്തനമേഖലയായി അത്തരം സാധ്യതകളെ കണക്കാക്കാൻ ഗവൺമെന്റിന് കഴിയണം. ലോകവ്യാപാര ഭൂപടത്തിൽ സ്ഥാനം പിടിച്ച ഒന്നാണ് ആലപ്പുഴ. ചരിത്രപരമായ പാരമ്പര്യം നോക്കിയാൽ രാജാകേശവദാസ് നിർമ്മിച്ചെടുത്ത ഒരു നഗരവും അതിന്റെ സംവിധാനങ്ങളുമാണ്. അദ്ദേഹത്തിന്റെ കാലത്ത് പണികഴിപ്പിക്കപ്പെട്ടതാണ് ആലപ്പുഴ തുറമുഖം. ആലപ്പുഴയുടെ പ്രത്യേകതയായിട്ടുള്ള നഗരങ്ങളിലെ കനാലുകളുടെ സവിശേഷത, തുറമുഖവും അല്ലെങ്കിൽ കടൽപ്പാലം മുതൽ പുന്നമട കായൽ വരെ ജലഗതാഗതം

എത്തുന്ന, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ യഥേഷ്ടം ജലമാർഗ്ഗം എത്തിച്ചുകൊണ്ടിരുന്ന ഒരു മേഖലയാണ്. അത്രയും പ്രൗഢിയുണ്ടായിരുന്നതാണ്. നഗരത്തിൽനിന്ന് നോക്കിയാൽ ഒട്ടനവധി കനാലുകൾ കാണാൻ സാധിക്കും. പഴയകാലത്തെ രാജ്യാന്തര വ്യാപാരത്തിന്റെ കേന്ദ്രമായി ആലപ്പുഴയെ മാർക്ക് ചെയ്യപ്പെട്ടതാണ്. ഇന്ന് ആ തുറമുഖം നശിച്ചുപോയിട്ടുണ്ട്. ആലപ്പുഴയിലെ പൈതൃക പദ്ധതിയുമായി ബന്ധപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കാൻ ആവശ്യമായ പദ്ധതി ഇപ്പോൾ തുറമുഖ വകുപ്പുതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. തുക വകയിരുത്തി പദ്ധതി മുന്നോട്ടുപോകുകയാണ്. അത് പൂർത്തീകരിക്കപ്പെട്ടാൽ സ്വാഭാവികമായും ആലപ്പുഴ തുറമുഖത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിയും. അവിടെ നേരത്തെയുണ്ടായിരുന്ന വ്യാപാരത്തിന്റെ സാധ്യത അല്പം കുറഞ്ഞുവെന്ന് കണക്കാക്കിയാലും ആലപ്പുഴയിലെ പരമ്പരാഗത മേഖലയായ കയറിന്റെ വ്യാപാര സാധ്യതകളെയും മത്സ്യോത്പന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട സാധ്യതകളെയും നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഭൗതികമായ എല്ലാ ചുറ്റുപാടും ആലപ്പുഴ എന്ന നഗരത്തിനുണ്ട്. ആലപ്പുഴ കടൽപ്പാലം നിലകൊള്ളുന്നത് എന്റെ നിയോജകമണ്ഡലത്തിന്റെ

വടക്കേയറ്റത്തും കടലും കായലും സംയോജിക്കുന്ന തോട്ടപ്പള്ളി തെക്കേയറ്റത്തുമാണ്. ഉൾനാടൻ മേഖലയെയും കടലോര മേഖലയെയും നന്നായി ബന്ധിപ്പിക്കാൻ കഴിയുന്നതും പ്രകൃതിദത്തമായ ധാരാളം പ്രത്യേകതകളുമുള്ള ഇത്തരം സാധ്യതകളെ ഈ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കണ്ണിചേർത്താൽ നമ്മുടെ വ്യാപാര മേഖലയെ നല്ലതുപോലെ വികസിപ്പിക്കാൻ കഴിയും. വിനോദസഞ്ചാര മേഖലയിൽ തുറമുഖം ഉൾപ്പെടെയുള്ള മേഖലകളെ ഉപയോഗപ്പെടുത്താൻ കഴിയണം. ഇപ്പോൾ ആലപ്പുഴ പ്രധാനപ്പെട്ട ടൂറിസ്റ്റ് സെന്ററാണ്. വിനോദസഞ്ചാരികൾ ധാരാളമായി എത്തിച്ചേരുന്ന കേരളത്തിലെ പ്രധാനപ്പെട്ട സെന്ററുകളെടുക്കുമ്പോൾ സ്വാഭാവികമായും അതിലൊന്ന് ആലപ്പുഴയാണ്. ജലാശയങ്ങളും വയലുകളും ആ വഴിയുള്ള ബോട്ട് യാത്രയും മറ്റുമാണ് അവിടത്തെ പ്രത്യേകത. കൂടാതെ, സഞ്ചാരികൾക്ക് ഹൗസ്ബോട്ട് ഉൾപ്പെടെയുള്ള യാത്രാസൗകര്യങ്ങളും താമസവുമൊക്കയാണ് അവിടത്തെ പ്രധാനപ്പെട്ട ആകർഷണങ്ങൾ. ഇന്ന് അവിടെയെത്തുന്ന ആയിരക്കണക്കിന് സഞ്ചാരികൾ ആ സാധ്യതകൾമാത്രം ഉപയോഗിച്ച് മടങ്ങിപ്പോകുന്ന സാഹചര്യമാണ്. കുറച്ച് ആളുകൾ അവിടെനിന്ന് കൊല്ലത്തേയ്ക്കുകൂടി

യാത്രചെയ്തുവരുന്നത് കാണാൻ സാധിക്കും. അവിടത്തെ പ്രത്യേകത കണക്കിലെടുത്താൽ ഇങ്ങനെ എത്തിപ്പെടുന്ന സഞ്ചാരികളെ നമുക്ക് തീരത്തെത്തിക്കാൻ സാധിക്കും. പോർട്ട് മ്യൂസിയം ഉൾപ്പെടെയുള്ളവ പൂർത്തീകരിക്കുന്നതിലൂടെ ഇത്തരം സഞ്ചാരികളെ ആകർഷിക്കാൻ കഴിയും.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ, ജലാശയങ്ങളാൽ സമൃദ്ധമായൊരു ചെറിയ ജില്ലയാണ് ആലപ്പുഴ എന്നതാണ് ഏറ്റവും പ്രാധാന്യമുള്ള കാര്യം. ആലപ്പുഴയുടെ പഴയകാല പൈതൃകത്തിന്റെ സ്മാരകമായി നിൽക്കുന്ന കടൽപ്പാലത്തെ കുറിച്ചൊക്കെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. വിനോദസഞ്ചാര മേഖലയ്ക്കും വ്യാപാര മേഖലയ്ക്കും ഒരുപോലെ പ്രാധാന്യമുണ്ടായിരുന്ന നമ്മുടെ നാട് 'കിഴക്കിന്റെ വെനീസ്' എന്ന് ഒരുകാലത്ത് അറിയപ്പെട്ടിരുന്നതും അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ? കൂടാതെ, ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്കാണ് ഏറ്റവും വലിയ ഗതാഗത കുരുക്കുണ്ടാകുന്നത്. വടക്കുനിന്നും വരുന്ന എം.എൽ.എ.-മാരിൽ കൂടുതൽപേരും കോവിഡിനുശേഷം കാറിലാണ് യാത്രചെയ്യുന്നത്. അവിടെ വലിയ ഗതാഗതക്കുരുക്കാണെന്ന് നിങ്ങൾക്കറിയാം. കൊല്ലം ബൈപ്പാസ് വന്നതോടെ അവിടംവരെയുള്ള

യാത്ര കുറച്ച് സുഗമമായിട്ടുണ്ട്. എന്നാൽ ചേർത്തലവരെയുള്ള ഭാഗത്തെ ഗതാഗതക്കുരുക്കിന് പ്രധാന തടസ്സമായി നിൽക്കുന്നത് കണ്ടെയ്നർ ട്രാൻസ്പോർട്ടേഷനാണ്. റോഡിലൂടെ ഏകദേശം ഒരു കിലോമീറ്റർവരെ ദൈർഘ്യമുള്ള കണ്ടെയ്നർ ലോറികൾ ട്രെയിൻ പോകുന്നതുപോലെ, പോകുന്നത്. അത്തരത്തിലുള്ള കണ്ടെയ്നർ ലോറികളടക്കം വലിയ അപകടങ്ങളിലേയ്ക്കും ഒപ്പം ഗതാഗതക്കുരുക്കിലേയ്ക്കും പോകുന്നുണ്ട്.ഈ കണ്ടെയ്നർ ജലപാതയിലൂടെ പോകുകയാണെങ്കിൽ ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. ദേശീയപാത വീതികൂട്ടാൻ പോകുന്നുവെന്നുള്ളത് ഏറ്റവും ശുഭകരമായ വാർത്തയാണ്. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ എല്ലായിടത്തും ആരംഭിച്ചിട്ടുണ്ട്. വാഹനങ്ങളുടെ പെരുപ്പവും ഗതാഗതക്കുരുക്കും പരിഹരിക്കാനുള്ള വലിയ ഇടപെടൽ കൊല്ലം-കോട്ടപ്പുറം ജലപാത പ്രാവർത്തികമാകുന്നതിലൂടെ സാധ്യമാകില്ലേ; അത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. റോഡ് മാർഗ്ഗം ചരക്ക് നീക്കം നടത്തുമ്പോൾ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. മറ്റൊന്ന്, ഗ്യാസ് ഉൾപ്പെടെയുള്ള

ചരക്കുകൾ നീക്കുന്നത് റോഡ് മാർഗ്ഗമാണ്. ഇതൊരു അപകടകരമായ സംഗതിയാണ്. യഥാർത്ഥത്തിൽ അങ്ങനെ കൊണ്ടുപോകുമ്പോൾ ഏത് നിലയ്ക്കും അപകടം സംഭവിച്ചേക്കാം; അങ്ങനെ സംഭവിച്ചിട്ടുമുണ്ട്. നമ്മുടെ സുരക്ഷപോലും വകവയ്ക്കാതെയാണ് ഇങ്ങനെ ചെയ്യുന്നത്. ജലമാർഗ്ഗം ഇത്തരം ചരക്കുനീക്കം നടത്തിയാൽ അപകടങ്ങൾ ഒഴിവാക്കാൻ കഴിയുമെന്ന ഗൗരവമുള്ള കാര്യംതന്നെയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

ഞാൻ സൂചിപ്പിക്കുന്നത്, കേരളത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ പ്രധാനപ്പെട്ടതായി പൊതുവെ ഒന്നുംതന്നെ കാണിക്കാൻ കഴിയില്ല. കടൽ യാത്ര വിദേശസഞ്ചാരികളും ആഭ്യന്തര ടൂറിസ്റ്റുകളും ഒരുപോലെ ഇഷ്ടപ്പെടുന്ന ഒന്നാണ്. ആഭ്യന്തര ടൂറിസ്റ്റുകൾ ധാരാളം വരുന്ന പ്രദേശങ്ങളാണ് കൊല്ലം, കൊച്ചി, ആലപ്പുഴ. ഒരു കടൽയാത്ര സൗകര്യപ്പെടുത്താൻ, മൈനർ തുറമുഖങ്ങളെ കണക്ട് ചെയ്ത് ടൂറിസവുമായി ബന്ധപ്പെടുത്തി അത്തരമൊരു സർവ്വീസ് പൊതുവിൽ ആരംഭിക്കാനുള്ള സാധ്യതയുണ്ട്. കൊല്ലം, ആലപ്പുഴ, കൊച്ചി, ബേപ്പൂർ, അഴീക്കൽ, തലശ്ശേരി ഇങ്ങനെ കണക്ട് ചെയ്താൽ കായൽ മേഖലയിലേയ്ക്ക് മാത്രം എത്തിപ്പെടുന്ന ടൂറിസ്റ്റുകളെ അവിടെനിന്ന് ക്യാച്ച് ചെയ്ത് കടൽയാത്രയ്ക്ക് ഉൾപ്പെടെ

എത്തിക്കാനും അതിന്റെ വികസന സാധ്യത ഉറപ്പുവരുത്താനും കഴിയും. പരമ്പരാഗത വ്യവസായമേഖലയിൽ തളർച്ച നിലനിൽക്കുന്ന ഇക്കാലത്ത് ഇതെല്ലാം വികസനത്തിന്റെ പുതിയ വഴിയായി ടൂറിസത്തെ മുന്നോട്ടുവയ്ക്കാൻ സാധിക്കും. ഗവൺമെന്റ് ആ കാഴ്ചപ്പാട് മുന്നോട്ടുവച്ചിട്ടുമുണ്ട് അത്തരം കാഴ്ചപ്പാടുകളെ നമുക്ക് തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി അത് എങ്ങനെ കൂടുതൽ വികസിപ്പിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ആലപ്പുഴ ഉൾപ്പെടെയുള്ള പോർട്ടുകളുടെ ആവശ്യമായ പഠനം നടത്തി ടൂറിസ്റ്റ് സെന്ററായി വികസിപ്പിക്കാൻ ഇപ്പോൾ ധാരാളം സ്കീമുകളുണ്ട്. അതോടൊപ്പംതന്നെ കപ്പൽ സർവ്വീസിലൂടെ കടൽ യാത്രയ്ക്കുള്ള സൗകര്യം എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുള്ളത് ആലോചിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞത്, ശ്രദ്ധചെലുത്തേണ്ട ഒരു കാര്യമാണ്. അതിനോടൊപ്പംതന്നെ ഉൾനാടൻ ജലഗതാഗതവും കടലുമെല്ലാം നമുക്ക് വാട്ടർ സ്പോർട്സിനുംകൂടി പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ

പ്രധാനപ്പെട്ട ഒരു കാര്യമാണ്. വാട്ടർ സ്പോർട്സ് വളരെ സാധ്യതയുള്ള ഒന്നാണ്. നമുക്ക് ധാരാളം ജലാശയങ്ങളുണ്ടെങ്കിലും ആ ജലാശയങ്ങൾ കായികതാരങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആലപ്പുഴ തന്നെ ജലത്തിന്റെ മേളയാണ്. കയാക്കിംഗും കനോയിംഗുമൊക്കെ അവിടെയുണ്ട്. എന്നാൽ, ചില ഇനങ്ങളിൽ ആലപ്പുഴയിലെ കായികതാരങ്ങൾ കൊച്ചിയിലും മറ്റ് നഗരങ്ങളിലുമാണ് പ്രാക്ടീസ് ചെയ്യുന്നത്. നമുക്കുള്ള ഭൗതികമായ ചുറ്റുപാടുകളെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട സ്പോർട്സ് അടക്കമുള്ള സാധ്യതകളിലേയ്ക്ക് വിനിയോഗിക്കപ്പെടാൻവേണ്ടിയുള്ള ഒരു പ്ലാനിന് നീണ്ടകാലമെടുത്താൽ, ആ പ്ലാനിന്റെ കുറവ് പലപ്പോഴും സംഭവിക്കുന്നുണ്ട്. അതെല്ലാം നമുക്ക് ഈ ചർച്ചയുടെ ഭാഗമായി പ്രാക്ടിക്കലായി ഉപയോഗപ്പെടുത്താൻ പറ്റുന്ന കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന രീതിയിലാണ് ഞാൻ സംസാരിക്കുന്നത്. 75,000/- കോടി രൂപ സംസ്ഥാനങ്ങൾക്കായി നീക്കിവച്ചുവെന്ന് പറയപ്പെടുന്ന 'സാഗർമാല' പദ്ധതിയുടെ ഭാഗമായ പദ്ധതികൾ നമുക്ക് പരമാവധി സാധ്യമാക്കിയെടുക്കാൻ കഴിയണം. അതിൽ

കേന്ദ്രഗവൺമെന്റിന്റെ കാഴ്ചപ്പാടുമുണ്ട്. പൊതുവെ നോക്കിയാൽ, 'സാഗർമാല' പദ്ധതിപ്രകാരം രാജ്യത്തെമ്പാടുമുള്ള തുറമുഖങ്ങളുടെ വികസന പദ്ധതികൾ അദാനിക്ക് തീറെഴുതാൻവേണ്ടിയാണ് പലപ്പോഴും കേന്ദ്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് പല സ്കീമുകളെടുത്ത് നോക്കിയാലും മനസ്സിലാക്കാൻ സാധിക്കും. ഇവിടെ ശരിയായ നിലയിൽ ഈ പദ്ധതിയെ ഉപയോഗപ്പെടുത്താനും; ചെറുകിട-ഇടത്തരം തുറമുഖങ്ങളെ നവീകരിക്കാനും വികസിപ്പിക്കാനും അതുവഴി തീരസംരക്ഷണവും തൊഴിൽ സാധ്യതകളുമെല്ലാം വികസിപ്പിച്ചെടുക്കാനും കഴിയുന്ന രീതിയിൽ 'സാഗർമാല' പദ്ധതിയുമായി ബന്ധപ്പെട്ട് എങ്ങനെ അത് സാധ്യമാക്കിയെടുക്കാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ടതാണ്. ബില്ലിലെ ഇത്തരം ഭേദഗതികൾ നടപ്പിലാക്കുന്നതോടുകൂടി മാരിടൈം മേഖലയിൽ മികച്ച ഏകോപനം സൃഷ്ടിക്കാനും സർക്കാരിന് ഈ മേഖലയുടെ വികസനത്തിന് മുന്നിൽനിൽക്കുവാനും കഴിയും. ഈ ഭേദഗതി അംഗീകരിച്ചുകൊണ്ട് ചൂണ്ടിക്കാണിക്കപ്പെട്ട ഇത്തരം സാധ്യതകൾ വ്യാപാരമേഖലയിലും പരമ്പരാഗത മേഖലയെ ഉൾപ്പെടെ പുനരുജ്ജീവിപ്പിക്കാൻ

സാധ്യമാകുന്നതാണ്. പുതിയ സാധ്യതയായ വിനോദസഞ്ചാരമേഖലയെ കൂടി ഉപയോഗപ്പെടുത്തി ആ മേഖലയുടെ വികസനവും ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച സ്പോർട്സ് മേഖലയിലൂൾപ്പെടെ ഇത് എങ്ങനെ സന്നിവേശിപ്പിക്കാൻ കഴിയുമെന്നുള്ള ചിന്തകൾ പങ്കുവച്ചുകൊണ്ട് അതുമായി ബന്ധപ്പെട്ട പദ്ധതികൾകൂടി ആവിഷ്കരിക്കാൻ സർക്കാരിന് കഴിയണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഭരണപരമായി കൂടുതൽ മെച്ചപ്പെടുത്താനും സൗകര്യപ്പെടുത്താനും കഴിയുന്ന ബില്ലിൽ മുന്നോട്ടുവയ്ക്കപ്പെട്ട ഭേദഗതിയെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് ഒരു പശ്ചാത്തലമുണ്ട്. 2017-ൽ രൂപീകരിച്ച മാരിടൈം ബോർഡിനെ സംബന്ധിച്ചുള്ള ഭേദഗതികൾ വളരെ സങ്കുചിതമായ താല്പര്യങ്ങളുടെ പേരിൽ

ഇപ്പോൾ വീണ്ടും സഭയുടെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. 2014-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഇതിന്റെ ആദ്യത്തെ ബിൽ കൊണ്ടുവരുന്നത്. അത് പ്രസിഡന്റിന്റെ അസെന്റിനുവേണ്ടി അയയ്ക്കുകയും; ചില ഭേദഗതികൾ ഉണ്ടാകണം, കാരണം സമുദ്രങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമനിർമ്മാണമാകുമ്പോൾ അതിൽ കേന്ദ്രത്തിന്റെ ഒരു പങ്കുണ്ട് എന്നുള്ളതുകൊണ്ടാണ് അങ്ങനെ അന്ന് അയയ്ക്കുകയും അത് തിരിച്ചുവരികയും 2017-ൽ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിനാണ് അതിന്റെ പ്രവർത്തനം തുടങ്ങി ഏതാനും വർഷങ്ങൾ പിന്നിടുമ്പോൾ ഈ ഭേദഗതികൾ വരുന്നത്. ഈ മാരിടൈം ബോർഡ് കൊണ്ടുദ്ദേശിക്കുന്നത്, നമ്മുടെ ചെറിയ നോൺ മേജർ പോർട്ട്, വളരെ കൃത്യമായി അങ്ങനെയാണ് പറയുന്നത്. ചെറിയ പോർട്ടുകളുടെയും ജലഗതാഗതത്തിന്റെയും ഉൾനാടൻ ജലഗതാഗതത്തിന്റെയും വികസനം, മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളെ സഹായിക്കൽ എന്നിങ്ങനെ തീരദേശമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് മാരിടൈം ബോർഡുകൾ എല്ലായിടത്തും സ്ഥാപിക്കുന്നത്. അതാണ് അതിന്റെ പ്രസക്തി. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ കേന്ദ്രീകരിക്കാൻ ഇങ്ങനെയൊരു ബോർഡുണ്ടായാൽ

സാധിക്കും. അതുവഴി നല്ല വികസനം ആ മേഖലയിൽ സാധ്യമാക്കണം എന്നുള്ളതാണ്.

കൂടുതൽ തീരദേശമുള്ള സംസ്ഥാനങ്ങളായ ഗുജറാത്തിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലുമാണ് ആദ്യം മാരിടൈം ബോർഡുകൾ സ്ഥാപിച്ചത്. അങ്ങനെയാണ് ഞാൻ നേരത്തെ പറഞ്ഞതുപോലെ, 2014-ൽ തുടങ്ങി 2017-ൽ ഇടതുപക്ഷ സർക്കാർ ഈ നിയമം കൊണ്ടുവന്നത്. പക്ഷെ, കേരളത്തിൽ മാരിടൈം ബോർഡ് നിലവിൽ വന്നതിന്റെ ഈ അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങൾ ആശാവഹമാണോയെന്ന ഒരു പരിശോധനയ്ക്ക് സമയമുണ്ട്. കേരളത്തിൽ 17-ൽപ്പരം ചെറുകിട തുറമുഖങ്ങളാണുള്ളത്. അതിന്റെ വികസനത്തിൽ ഒരിഞ്ച് മുന്നോട്ടുപോകാൻ... ഞാൻ ഇവിടെ അക്കാദമികമായ ചർച്ചയാണ് ചെയ്യുന്നത്; ഇതിനെ രാഷ്ട്രീയമായി കാണേണ്ട കാര്യമില്ല. 2017 മുതൽ 2022 വരെയുള്ള ഈ അഞ്ച് വർഷത്തിനിടയിൽ, മാരിടൈം ബോർഡുണ്ടാക്കിയത് ഈ മേഖലയിൽ ഊന്നൽ നൽകാനാണ്; ഫോക്കസ് കൊടുക്കാനാണ്. പക്ഷെ, നമ്മുടെ ചെറുകിട പോർട്ടുകൾക്ക് വല്ല മാറ്റവുമുണ്ടായോ? വലിയ സാധ്യതകളല്ലേ ആ പോർട്ടുകൾക്കുള്ളത്; അതിന്

നേതൃത്വം നൽകാൻ മാരിടൈം ബോർഡിന് സാധിച്ചിട്ടില്ല. അതുപോലെതന്നെ ഈ പോർട്ടുകൾ നല്ലരീതിയിൽ വികസിപ്പിച്ചാൽ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും; അതിന് ഉത്തേജനം നൽകാൻ സാധിക്കും. പുതിയ വരുമാന സ്രോതസ്സുകളുണ്ടാകും. എന്നാൽ അഞ്ചുകൊല്ലത്തെ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ നിരാശാജനകമാണ്. ആ ദിശയിൽ ഒരു നീക്കവും നടത്താൻ ഈ ബോർഡിന് സാധിച്ചിട്ടില്ല. ഇനിയെങ്കിലും ഇവിടെ സൂചിപ്പിച്ചതുപോലെ... അഴീക്കൽ, ബേപ്പൂർ, കൊല്ലം, തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. പൊന്നാനിയിലും പരപ്പനങ്ങാടിയിലും താനൂരിലും വലിയ സാധ്യതകളും നിർദ്ദേശങ്ങളുമുണ്ട്. പക്ഷെ ആ ദിശയിലുള്ള ഒരു പ്രവർത്തനവും അവിടെ നടക്കുന്നില്ല. അതൊക്കെ പരിശോധിക്കേണ്ടതാണ്. നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കാതെ പോകുകയാണ്.

മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ എന്താണ് സ്ഥിതി? അഖിലേന്ത്യാ തലത്തിലുള്ള കണക്ക് പ്രകാരം കേരള സംസ്ഥാനത്തിന് 3.9 മില്യൺ ടൺ മത്സ്യസമ്പത്ത് വിനിയോഗിക്കാം. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അതിന്റെ $^{2}/_{3}$ ഭാഗം (2.6 മില്യൺ ടൺ) മത്സ്യസമ്പത്ത് മാത്രമേ

കേരളത്തിലെ തീരങ്ങൾ വഴി ശേഖരിക്കാൻ നമുക്ക് സാധിക്കുന്നുള്ളൂ. കഴിഞ്ഞ അഞ്ചുവർഷം മാരിടൈം ബോർഡ് ഉണ്ടായിരുന്നല്ലോ; ഈ കാലയളവിൽ മത്സ്യസമ്പത്തിന്റെ ശേഖരണം വർദ്ധിപ്പിക്കാൻ മാരിടൈം ബോർഡ് എന്ത് പ്രവൃത്തിയാണ് നിർവ്വഹിച്ചത്? ഒന്നും ചെയ്തിട്ടില്ല; കേവലം നോക്കുകുത്തിയായി നിൽക്കുക മാത്രമാണ് ചെയ്തത്. മാരിടൈം ബോർഡിന്റെ വലിയ പോരായ്മയാണത്.

തീരദേശ ഉൾനാടൻ ജലഗതാഗത പുരോഗതിക്ക് കാര്യമായ നീക്കങ്ങൾ നടത്താൻ കേരള മാരിടൈം ബോർഡിന് സാധിച്ചിട്ടില്ല. ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതികളുണ്ടായിരുന്നു, അതൊന്നും നടപ്പാക്കിയിട്ടില്ല. കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഒരു പ്രവൃത്തിയും നടന്നിട്ടില്ല. ചരക്ക് ഗതാഗതത്തിനും ജനങ്ങളുടെ യാത്രയ്ക്കുമായി ജലഗതാഗതം സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടായിരുന്നു. നാട്ടിലെ റോഡ് ട്രാഫിക്കിന്റെ പ്രയാസം നമുക്കെല്ലാവർക്കുമറിയാം. റോഡിലൂടെ വലിയൊരു കണ്ടെയ്നർ പോയാൽ കുറേ നേരത്തേയ്ക്ക് വലിയ ട്രാഫിക് കുരുക്ക് രൂപപ്പെടുകയാണെന്ന് ബഹുമാനപ്പെട്ട ആലപ്പുഴ അംഗം ശ്രീമതി യു. പ്രതിഭ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനൊക്കെയുള്ളൊരു നല്ല മാർഗ്ഗമാണ്

ചരക്ക് ഗതാഗതം തീരദേശങ്ങളിലൂടെയാക്കി മാറ്റുകയെന്നത്. അതിനെ ഫോക്കസ് ചെയ്ത് പ്രവർത്തിക്കേണ്ട മാരിടൈം ബോർഡ് കഴിഞ്ഞ അഞ്ചുകൊല്ലം ഒന്നും ചെയ്തിട്ടില്ല. ഒരു സാധ്യതയുമില്ലാത്ത, നമ്മുടെ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വലിയ പ്രയാസങ്ങളുണ്ടാക്കുന്ന, വലിയ ദുരന്തമായി മാറുമെന്ന് എല്ലാവരും പ്രവചിക്കുന്ന കെ-റെയിലിന് രണ്ടുലക്ഷം കോടി രൂപയുണ്ടാക്കാനാണ് ശ്രമിക്കുന്നതെന്ന് ഇതിന്റെ കൂട്ടത്തിൽ സാന്ദർഭികമായി പറയുകയാണ്. അതിന്റെ എത്രയോ ചെറിയൊരംശം പണമുണ്ടെങ്കിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നല്ല രീതിയിലുള്ള ജലപാതയുണ്ടാക്കാൻ സാധിക്കും. കെ-റെയിലിന്മേൽ സർക്കാർ കാണിക്കുന്ന താൽപ്പര്യം ജലഗതാഗതത്തിൽ കാണിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. 'Gods Own Country' ആണ് കേരളം. ദൈവം കനിഞ്ഞരുളി നൽകിയ സാധ്യതകളെ ഉപയോഗപ്പെടുത്താതെ കെ-റെയിലിന്റെ പിന്നാലെ പോകുന്നത് ഏറെ സങ്കടകരമാണ്. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പൂർത്തിയാക്കുമെന്ന് പറഞ്ഞ കൊല്ലം-കോട്ടപ്പുറം ജലപാതയുണ്ട്. ആ രംഗത്ത് എന്തെങ്കിലും പ്രവർത്തനം നടത്തിയോ? നമ്മൾ കെ-റെയിലിന്

കുറ്റിയിടാനാണ് പോയത്. കെ-റെയിലിന് കല്ല് സ്ഥാപിക്കുകയല്ല വേണ്ടിയിരുന്നത്. രാജ്യത്തെ പാവപ്പെട്ടയാളുകളുടെ വീടിന്റെ അകത്തളങ്ങളിൽ, അവന്റെ നെഞ്ചത്താണ് നിങ്ങൾ കൊണ്ടുപോയി കല്ല് വച്ചത്. അതായിരുന്നില്ല ചെയ്യേണ്ടത്. കൊല്ലം-കോട്ടപ്പുറം പാത പ്രവർത്തനയോഗ്യമാക്കാനാണ് ശ്രമിക്കേണ്ടിയിരുന്നത്. തെക്കു-വടക്ക് കാസർഗോഡ് മുതൽ കന്യാകുമാരി വരെ ജലപാത വികസിപ്പിച്ചെടുക്കാൻ കഴിയുന്നൊരു സംസ്ഥാനമാണ് നമ്മുടേത്. അതിനുവേണ്ടി നമ്മൾ ഒന്നും ചെയ്തില്ലെന്ന് കാണുകയാണ്. ഇനിയെങ്കിലും മാരിടൈം ബോർഡ് ഭേദഗതി കഴിഞ്ഞ് പുതിയ മാരിടൈം ബോർഡ് വരുമ്പോൾ അതിൽ ശ്രദ്ധിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഇവിടെ മാരിടൈം ബോർഡ് ഭേദഗതിയുമായി ബന്ധപ്പെട്ട ചർച്ചയാണ് നടക്കുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ് പ്രവാസികളാണ്. എന്റെ മണ്ഡലത്തിൽ ഏകദേശം ആയിരത്തോളം ആളുകൾ ഇപ്പോഴും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കപ്പൽ ജീവനക്കാരായി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നുണ്ട്. ഏറ്റവും ഭീകരമായ തണുപ്പിലും നല്ല ചൂടിലുമാണ് അവർ ജോലി ചെയ്യുന്നത്.

കഴിഞ്ഞ നിരവധി വർഷങ്ങളായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബന്ധപ്പെട്ടയാളുകളേയും സമീപിച്ചിരുന്നു. അവർ All Kerala Seamens Association എന്നൊരു കൂട്ടായ്മ രൂപീകരിച്ച് അവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ട വീഥിയിലാണ്. അവർ തിരിച്ചുവരുമ്പോൾ അവരുടെ ആവശ്യങ്ങൾക്ക്/മക്കൾക്ക് ഒരു സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ മുംബൈ-യെ ആശ്രയിക്കേണ്ട ഒരവസ്ഥയാണ്. അവരുടെ അവകാശങ്ങളിലും പെൻഷനടക്കമുള്ള കാര്യങ്ങളിലും ഈ ബോർഡുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായൊരു കാര്യമാണ്. കാസർഗോഡും മഞ്ചേശ്വരവും ഏറെ കപ്പൽ തൊഴിലാളികളുള്ള നാടാണ്. അവരുടെ പ്രയാസങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മഞ്ചേശ്വരം അംഗം എന്ന നിലയിൽ അദ്ദേഹം അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. നമ്മളെല്ലാവരും സഹായിക്കേണ്ടൊരു വിഭാഗം തന്നെയാണ്. വളരെയേറെക്കാലം കപ്പലിൽ ജോലി ചെയ്ത് നാടിന് സമ്പത്തുണ്ടാക്കി തന്നൊരു വിഭാഗമാണ്. അവർക്ക്

ആനുകൂല്യങ്ങളും സൗകര്യങ്ങളും ഒരുക്കുകയെന്നത് പ്രധാനംതന്നെയാണ്. നമ്മൾ ആരംഭിച്ച ചരക്ക് കപ്പൽ നിർത്തിയെന്നത് ഏറെ അപമാനകരമാണ്. മാരിടൈം ബോർഡ് വന്നതിനുശേഷമാണ് ഒരു ചരക്ക് കപ്പലിന്റെ സർവ്വീസ് ആരംഭിച്ചത്. J M Baxi Group-ന്റെ Chowgule-8 എന്ന ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ച് ഒൻപത് മാസമായപ്പോൾ നിർത്തലാക്കുകയും ചെയ്തു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കെ-റെയിലിൽ എത്തിച്ചേരുന്ന സമയത്തിലും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലഗതാഗതത്തിലൂടെ വരുന്ന സമയത്തിലുമുണ്ടാകുന്ന ലാഭനഷ്ടങ്ങളെയും തൊഴിൽ സാധ്യതകളെക്കുറിച്ചും പഠിച്ചുകൊണ്ടാണോ അങ്ങ് പറയുന്നത്; ഹൗസ് ബോട്ടിന്റെ സ്പീഡ് എത്രയാണ്? കെ-റെയിൽ വേണ്ടെന്ന യു.ഡി.എഫ്-ന്റെ വാദത്തിനൊപ്പം ഇത് കൊണ്ടുപോകുന്നത് ശരിയാണോയെന്ന് പരിശോധിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ശ്രദ്ധിക്കേണ്ടൊരു കാര്യമുണ്ട്. ജലഗതാഗതത്തിന് വേഗത വേണ്ടത്രയില്ലെന്നാണ് നിങ്ങളുടെ ആക്ഷേപം. ലോകത്ത് പലയിടത്തും വലിയ സ്പീഡിൽ ജലഗതാഗത സംവിധാനം നടക്കുന്നുണ്ട്. അതിനുവേണ്ടത്

നടത്താൻ ശ്രമിക്കണം. കെ-റെയിൽ കൊണ്ടുണ്ടാകുന്ന ഡാമേജ് നമ്മൾ നോക്കണം. കടലും കായലുമൊക്കെ ദൈവം നമുക്ക് ഉണ്ടാക്കിത്തന്നതാണ്. അതിൽക്കൂടി ഓടിച്ചാൽ മതി. നിങ്ങൾ പുതിയൊരു വിഭജന മതിൽ/വിഭജന രേഖ കേരളം മുഴുവൻ കെട്ടാൻ പോകുകയാണ്. അതിനോടുള്ള വിയോജിപ്പ്, നിലവിലുള്ള നല്ല സാധ്യതകളെ നിങ്ങൾ ഉപയോഗപ്പെടുത്താത്തതിലുള്ള സംഗതിയാണ് ചൂണ്ടിക്കാണിച്ചത്. ഇന്ന് പുലർച്ചെ ഇടുക്കിയിൽ ഉരുൾപ്പൊട്ടി അഞ്ച് പാവപ്പെട്ടയാളുകൾ മരണപ്പെട്ട വലിയൊരു ദുരന്തമുണ്ടായി. നമ്മുടെ പരിസ്ഥിതിയും ചുറ്റുപാടുകളുമൊക്കെ നോക്കി ബാലൻസ് ചെയ്യുന്നൊരു വികസനമാണ് നമുക്കുണ്ടാകേണ്ടത്. നമ്മൾ തുടങ്ങിയ ചരക്കുകപ്പൽ ഒൻപത് മാസം കൊണ്ട് നിർത്തിയ സ്ഥിതിയാണുള്ളത്. അത് ചിലപ്പോൾ തുടക്കത്തിൽ നഷ്ടമാകും. നമ്മുടെ മെട്രോ റെയിൽ തുടക്കത്തിൽ നഷ്ടമായിരുന്നില്ലേ; ഇപ്പോഴും നഷ്ടത്തിലാണെന്നാണ് കേൾക്കുന്നത്. നഷ്ടത്തിലാണെന്ന് പറഞ്ഞ് നിർത്താൻ സാധിക്കുമോ; കുറെ കഴിയുമ്പോൾ ശരിയാകുമെന്ന് പറയുന്നതുപോലെ ചരക്ക് ഗതാഗതം പൂർണ്ണമായും ജലഗതാഗതത്തിലൂടെ തിരിച്ചുവിട്ടാൽ നമ്മുടെ റോഡുകൾക്ക് വലിയ റിലാക്സാകും. ഇത്ര ടണ്ണിനമുകളിലുള്ള ചരക്ക്, ജലഗതാഗതം വഴി

കൊണ്ടുപോകണമെന്ന് പറഞ്ഞാൽ റോഡ് കുറച്ചുകൂടി ഫ്രീയായി കിട്ടും. അതൊക്കെ ഭാവിയിൽ നമുക്ക് ചിന്തിക്കാവുന്നതാണ്. ഇങ്ങനെയൊരു സാധ്യതയുണ്ടെന്ന് എല്ലാവരും അറിയണ്ടേ; തുടക്കത്തിൽ നഷ്ടമാണെന്ന് കരുതി കപ്പൽ ഗതാഗതം നിർത്താൻ പോയത് ശരിയായില്ല.

മാരിടൈം ബോർഡും ഫിഷറീസ് ഡിപ്പാർട്ടുമെന്റുമെല്ലാം ശുഷ്കാന്തി കുറഞ്ഞ പ്രവർത്തനമാണ് നടത്തുന്നത്. കേന്ദ്രത്തിന്റെ സാഗർമാല പദ്ധതിയിൽ നിന്നും ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ പുതിയ പദ്ധതികൾ സമർപ്പിച്ച് കോടികൾ നേടിയെടുക്കുകയാണ്. എന്നാൽ കേരളം ഇങ്ങനെയൊരു പദ്ധതി സമർപ്പിക്കുകയോ അതിന് വല്ലതും കിട്ടുകയോ ചെയ്തതായി നമ്മളാരും അറിഞ്ഞിട്ടില്ല. കേന്ദ്രത്തിന്റെ ഫണ്ട് നമുക്കുകൂടി അവകാശപ്പെട്ടതാണ്. മേൽപ്പറഞ്ഞ സംസ്ഥാനങ്ങളെപ്പോലെതന്നെ 598 കി.മീ. തെക്കുവടക്ക് കടൽത്തീരമാണ്, അതുപയോഗപെടുത്തണം. അവരെപ്പോലെതന്നെ നമുക്കും അതിന് അവകാശമുണ്ട്. അതിൽ മാരിടൈം ബോർഡിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും വിഴ്ചയുണ്ടെന്നാണ് ആക്ഷേപമുള്ളത്.

അഞ്ചുവർക്കാലത്തെ പ്രവർത്തനങ്ങളുടെ മിസ്മാനേജ്മെന്റുണ്ട്.

മാസങ്ങളോളം മാരിടൈം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന് പറഞ്ഞ് പത്രവാർത്തയുണ്ടായിരുന്നു. ശമ്പളക്കുടിശ്ശിക ഇപ്പോഴും നിലനിൽക്കുകയാണ്. ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് നിക്ഷേപം ആകർഷിക്കാൻ മാരിടൈം ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ എവിടെയും എത്തിയില്ല. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് നിക്ഷേപം സ്വീകരിക്കുമെന്ന് കൊട്ടിഘോഷിക്കപ്പെട്ടാണ് പറഞ്ഞത്. ഒന്നും സ്വീകരിക്കാൻ അവർക്ക് സാധിച്ചില്ല. ഞാൻ പ്രസംഗം ചുരുക്കുകയാണ്. എല്ലാവരും ആ ഒരു കൺസെൻസിലാണ് പോകുന്നത്. ബഹുമാനപ്പെട്ട മജീദ് സാഹിബ് അതിനെ സപ്പോർട്ട് ചെയ്യുന്നതുകൊണ്ടും എന്റെ നേതാവിന്റെ നിർദ്ദേശം ശക്തമായി അംഗീകരിച്ചുകൊണ്ടും ഞാൻ ചുരുക്കുകയാണ്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾക്കും അതിന്റെ വികസനത്തിനുംവേണ്ടിയാണ് മാരിടൈം ബോർഡ് സ്ഥാപിച്ചത്. 2017-ലെ മൂല ആക്ടിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധവുമായിട്ടാണ് ഈയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അനന്തമായ അഡ്മിനിസ്ട്രേഷൻ ഭരണത്തിനാണ് ഈ ഭേദഗതി വകവയ്ക്കുന്നത്. അത് നിങ്ങളോ ഞങ്ങളോ ചെയ്യേണ്ടപണിയല്ല. ഒരു ബോർഡുണ്ടാക്കി ആ ബോർഡാണ് ചെയ്യേണ്ടത്.

ബോർഡിന്റെ അധികാരം അഡ്മിനിസ്ട്രേറ്ററിലൂടെ സർക്കാർ കവർന്നെടുക്കുകയെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. അത് ഈ ഭേദഗതിയിൽ വരുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് പറയുന്നത് ചരക്കുഗതാഗതത്തെപ്പറ്റിയും ചെറിയ തുറമുഖങ്ങളെക്കുറിച്ചുമാണ്. കേരളത്തിന് അറബ് നാടുകളുമായുള്ള ബന്ധത്തെക്കുറിച്ച് നമുക്ക് നല്ലതുപോലെ അറിയാം. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയ്ക്ക്, പണ്ട് കാലംമുതലേ നല്ല ബന്ധമാണ് അറബ് നാടുകളുമായിട്ടുണ്ടായിരുന്നത്. കാസർഗോഡ് ജില്ലയിലെ ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട 'മഞ്ചു' ഉരുവ്യവസായത്തെപ്പറ്റി നമുക്കെല്ലാമറിയാം. അന്ന് ഉരു അവിടെ നിർമ്മിച്ച്, അറബ് രാജ്യങ്ങളിലേയ്ക്ക് അയച്ചിരുന്നു, അതിന്റെ പേരിൽ നല്ല ബന്ധമാണുണ്ടായിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ചെറിയൊരു തുറമുഖവും അവിടെയുണ്ടായിരുന്നു. അതുകൊണ്ട് കാസർഗോഡ് തുറമുഖം വികസിപ്പിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്? കപ്പൽ ചരക്കു ഗതാഗതത്തെപ്പറ്റി അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ചരക്കുഗതാഗതത്തിലും കാസർഗോഡ്

ജില്ലക്കാർക്ക് നല്ല ബന്ധമാണുള്ളത്. ചരക്കുഗതാഗതത്തിന്റെ ഭാഗമായി സമുദ്രങ്ങളിലൂടെ കപ്പലുകൾക്ക് സുഗമമായി സഞ്ചരിക്കാൻ കഴിയണമെങ്കിൽ അതിൽ കപ്പൽ ജോലിക്കാർ വേണം. കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ കപ്പൽ ജോലിക്കാർ അധിവസിക്കുന്ന ഒരു ജില്ലയാണ് കാസർഗോഡ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അസംബ്ലി മണ്ഡലത്തിൽതന്നെ 300-ഉം ഉദുമ മണ്ഡലത്തിൽ 400-ഉം കപ്പൽ ജീവനക്കാരുണ്ടാകും. ഉപ്പളയാണ് കപ്പൽ ജീവനക്കാരുടെ പ്രധാന കേന്ദ്രമെന്ന് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്, മുംബൈ-ലെ മസ്ജിദ് ബന്ദറിലാണ് കപ്പൽ തൊഴിലാളികളുടെ താമസസ്ഥലമായ Seamen's Hostel സ്ഥിതി ചെയ്യുന്നത്. എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്, ജീവിതകാലം മുഴുവൻ കടലിൽ കഴിച്ചുകൂട്ടിയവരാണ് കപ്പൽ തൊഴിലാളികൾ. ചില ജീവനക്കാർ, കപ്പൽ യാത്ര പുറപ്പെട്ട് നാലും അഞ്ചും ആറും മാസംവരെ കടലിൽത്തന്നെയായിരിക്കും. റിട്ടയർ ചെയ്യുന്ന അവസാന നാളുകളിൽ ഒരു നയാപൈസപോലും പെൻഷനായോ ആനുകൂല്യമായോ അവർക്ക് ലഭിക്കുന്നില്ല. അത് അവർക്കും അവരുടെ കുടുംബത്തിനും ലഭിക്കേണ്ടതല്ലേയെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് പറഞ്ഞ രണ്ട് കാര്യത്തിലും ഞാൻ അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഒരു കാര്യത്തിലും അഭിപ്രായ വ്യത്യാസമില്ല. അങ്ങ് പറഞ്ഞ ഒരു കാര്യം കാസർഗോഡ് ജില്ലയുടെ ആകമാന വികസനവും മറ്റൊന്ന് കാസർഗോഡ് പോർട്ടിന്റെ വികസനവുമാണ്. അങ്ങനെ എല്ലാ നിലയിലുള്ള വികസനവും കാസർഗോഡുണ്ടാകണം. പിന്നെ കപ്പൽ തൊഴിലാളികളുടെ കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നു. അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. അവരുടെ ജീവിതത്തിന്റെ നല്ലൊരു സമയവും അതിനുവേണ്ടി ചെലവഴിച്ചവരായതിനാൽ അവർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകണമെന്നുതന്നെയാണ് അഭിപ്രായം. ഞാൻ പറഞ്ഞുവരുന്നത്, ബില്ലിലേയ്ക്ക് വന്നാൽ യാതൊരുവിധ റിപ്പോർട്ടിന്റെയും പിൻബലമില്ലാതെയും ഒരു ആരോപണവുമില്ലാതെയും സർക്കാരിന് എപ്പോൾ വേണമെങ്കിലും ബോർഡ് പിരിച്ചുവിട്ട്, അഡ്മിനിസ്ട്രേറ്ററെ കൊണ്ടുവരാമെന്നത് ജനാധിപത്യവിരുദ്ധമായ ഒരു ഭേദഗതിയാണ്. ആ ഭേദഗതിയെ അതിശക്തമായി എതിർക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് പറയുമ്പോൾ ചില വസ്തുതകൾ കാണാതിരുന്നുകൂട. നമ്മുടെ തീരദേശപ്രദേശം എന്നും

പട്ടിണിയിലും വറുതിയിലും പ്രയാസത്തിലുമാണ്. അവർക്ക് മത്സ്യബന്ധനത്തിനുള്ള ബോട്ടുകൾ ഓടിക്കണമെങ്കിൽ മണ്ണെണ്ണ ആവശ്യമാണ്. തമിഴ്നാട്ടിൽ, അവിടത്തെ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇരുപതുരൂപയ്ക്കാണ് ഒരു ലിറ്റർ മണ്ണെണ്ണ കൊടുക്കുന്നത്. എന്നാൽ കേരളത്തിലെ ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ലിറ്റർ മണ്ണെണ്ണ ലഭിക്കണമെങ്കിൽ 134 രൂപ കൊടുക്കേണ്ട ഗതികേടിലാണ്. ഈ സന്ദർഭത്തിൽ ഇവിടത്തെ ഗവൺമെന്റ് ഇടപെടൽ നടത്തേണ്ടതല്ലേ; ഇതുപോലുള്ള പാവപ്പെട്ടവരുടെ പ്രശ്നങ്ങളിലല്ലാതെ മറ്റാരുടെ പ്രശ്നങ്ങളിലാണ് സർക്കാർ ഇടപെടേണ്ടത്? അതുപോലെ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യപദ്ധതിയിൽ ഗുണഭോക്താക്കൾക്ക് കൊടുക്കാനുള്ള തുക അടിയന്തരമായി നൽകണം. അറുപത് വയസ്സിന് മുകളിലുള്ളവർക്ക് നൽകുന്ന പെൻഷൻ, മൂന്നുമാസമായി പെന്റിംഗാണ്, അത് കൊടുക്കുവാനുള്ള നടപടിയുണ്ടാകണം. മത്സ്യത്തൊഴിലാളികൾക്ക് മറൈൻ എഞ്ചിൻ വാങ്ങുന്നതിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ സബ്സിഡിയുണ്ടായിരുന്നു, ഇപ്പോൾ ആ സബ്സിഡിയും അനുവദിക്കുന്നില്ല. അതുപോലെ

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമുണ്ടായിരുന്നു. വർഷങ്ങളായി ആ പദ്ധതിയും പെന്റിംഗിലാണ്. ചെറുതും വലുതുമായ യാനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസും ഈ സർക്കാർ വർദ്ധിപ്പിച്ചിരിക്കുകയാണ്. ചെറിയ യാനങ്ങളുടേത് 150 രൂപയിൽനിന്ന് 800 രൂപയായും വലിയ ബോട്ടുകൾക്കുള്ള ഫീസ് അയ്യായിരം രൂപയിൽനിന്ന് പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതുപോലുള്ള പാവപ്പെട്ടവരുടെ പ്രശ്നങ്ങളിലെല്ലാം സർക്കാർ ഇടപെടലുകൾ നടത്തണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അവരുടെ ഭവന നിർമ്മാണ പദ്ധതിയിൽ വീടുകൾ നൽകുന്നതിൽ വീഴ്ചയുണ്ടായതും പരിഹരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞത്ത് കഴിഞ്ഞ രണ്ടരവർഷമായി ക്രൂ ചെയിഞ്ചിംഗ് നടന്നുവരികയായിരുന്നു. ഇതിലൂടെ പോർട്ടിന് ഏകദേശം പതിമൂന്ന് കോടി രൂപയുടെ റവന്യൂ വരുമാനമാണ് ലഭിച്ചിരുന്നത്. എന്നാൽ കോവിഡ് കാലത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്നൊരു ഉത്തരവുണ്ടായിരുന്നു. കോവിഡ് കഴിഞ്ഞതോടെ ആ ഉത്തരവ് പിൻവലിക്കുകയുണ്ടായി. അത് പിൻവലിച്ചതിന്റെ പേരിൽ ഇപ്പോൾ ക്രൂ

ചെയിഞ്ചിംഗ് നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇടപെട്ട്, ക്രൂ ചെയിഞ്ചിംഗ് പുനരാരംഭിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ്, ചൂണ്ടിക്കാണിച്ച വിഷയം വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. കോവിഡിനുശേഷം ബാക്കിയെല്ലാ നടപടികളും പുന:സ്ഥാപിച്ചെങ്കിലും ക്രൂ ചെയിഞ്ചിംഗ് വിഷയം മാത്രം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ തീരദേശത്തെ വളരെ പ്രധാനപ്പെട്ട വിഷയം...

മി. ചെയർമാൻ: പ്ലീസ് ...കൺക്ലൂഡ്....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അവിടെയുള്ള കടൽഭിത്തികളെല്ലാം തകർന്നിരിക്കുകയാണ്, ഇക്കാരണത്താൽ വീടുകളിലും യാനങ്ങളിലുമെല്ലാം വെള്ളം കയറി ഉപകരണങ്ങളുൾപ്പെടെയുള്ള സാധനങ്ങൾ നശിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം പുതിയ കടൽഭിത്തി ഒരു സ്ഥലത്തും നിർമ്മിക്കുകയോ കേടുപാട് സംഭവിച്ചവ നന്നാക്കുകയോ ചെയ്തിട്ടില്ല. ഇതിലെല്ലാം ഒരു ഇടപെടൽ നടത്തുന്നത്

നല്ലതാണെന്നാണ് പറയാനുള്ളത്. നമ്മുടെ തീരദേശവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വരുന്ന ഒരു ബോർഡാണ്, അതിനാൽ സമഗ്രമായൊരു നിയമനിർമ്മാണമാണ് വേണ്ടത്. ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ചെറിയ ഭേദഗതികളുമായി വരാതെ, ഇതിനെ സംബന്ധിച്ച് ഈ ഭേദഗതികൾതന്നെ ആവശ്യമാണോയെന്നൊരു പുന:പരിശോധനയ്ക്ക്, ഈ ബിൽ അതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, ലോക മാരിടൈം രംഗത്ത് വലിയ തോതിലുള്ള പുരോഗതിയും മാറ്റങ്ങളുമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലോക വ്യാപാരത്തിന്റെ 80 ശതമാനവും തുറമുഖങ്ങൾവഴിയാണ് നടക്കുന്നത് എന്നതുതന്നെ, ഈ രംഗത്തിന് ലോക സമ്പദ്‌വ്യവസ്ഥയിലുള്ള സ്വാധീനവും പ്രാധാന്യവും വ്യക്തമാക്കുന്നതാണ്. ഏതാണ്ട് 7500 കിലോമീറ്ററിലധികം കടൽത്തീരമുള്ള ഇന്ത്യാരാജ്യത്തും തുറമുഖങ്ങൾ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുന്നുണ്ട്. ഇന്ത്യൻ ഉപദ്വീപിന്റെ 90 ശതമാനം വാണിജ്യാവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നത് തുറമുഖങ്ങൾ വഴിയാണ്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന്, ഈ രംഗത്ത് ഗണ്യമായ

സംഭാവനകൾ നൽകാൻ കഴിയേണ്ടതാണ്. എന്നാൽ കൊച്ചിയൊഴികെ സംസ്ഥാനത്തുള്ള ചെറുകിട തുറമുഖങ്ങളൊന്നും നമ്മുടെ സമ്പദ്വ്യവസ്ഥയ്ക്ക് കാര്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന തരത്തിലുള്ള വളർച്ചയുണ്ടാക്കിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നമ്മുടെ സംസ്ഥാനത്തിന് തുറമുഖങ്ങൾ വഴിയുള്ള വാണിജ്യത്തിൽ വലിയൊരു പാരമ്പര്യം അവകാശപ്പെടാനുണ്ടെങ്കിലും സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ വാണിജ്യവൽക്കരിക്കുന്നതിനുള്ള നയപരമായ മാറ്റങ്ങൾ വരുത്തുന്നതിൽ നാം പരാജയപ്പെട്ടതിന്റെ പരിണിതഫലമാണിത്. രാജ്യത്തെ മാരിടൈം സ്റ്റേറ്റുകളുടെ യോഗങ്ങളിൽ, നിരന്തരമായി ഈ പ്രശ്നം ഉന്നയിക്കപ്പെട്ടുവരികയുണ്ടായി. അതിന്റെ ഫലമായി 2012-ൽ മാരിടൈം സ്റ്റേറ്റുകൾക്ക് മാരിടൈം ബോർഡുകൾ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകി. ദേശീയ നയത്തിൽവന്ന ഈ മാറ്റം ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ ഇന്ത്യയിലെ പ്രധാനപ്പെട്ട മാരിടൈം സംസ്ഥാനങ്ങൾ ഉപയോഗപ്പെടുത്തുകയും അവരെല്ലാം 2012-ൽ സംസ്ഥാന മാരിടൈം ബോർഡുകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മാത്രമല്ല, ഈ സംസ്ഥാനങ്ങളിലെ മാരിടൈം ബോർഡുകളെ സാങ്കേതികമായും

ഭരണപരമായും മികച്ച ബോർഡുകളാക്കി മാറ്റുന്നതിന് അവർ ആവശ്യമായ നടപടി സ്വീകരിച്ചു. തൽഫലമായി ഇവിടങ്ങളിലെ തുറമുഖങ്ങൾ വാണിജ്യപരമായും സാമ്പത്തികമായും സ്വയംപര്യാപ്തതയിൽ എത്തുകയും ഈ സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയ്ക്ക് ശക്തമായ പിന്തുണ നൽകാനുള്ള കരുത്താർജ്ജിക്കുകയും ചെയ്തു. കേരളത്തെ സംബന്ധിച്ച്, നമ്മുടെ പ്രധാനപ്പെട്ട തുറമുഖമായ കൊച്ചി തുറമുഖം കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിലാണ്. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുടങ്ങി പതിനേഴ് നോൺ മേജർ തുറമുഖങ്ങളാണ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത്. ഈ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിനുവേണ്ടി 2017-ലാണ് കേരളാ മാരിടൈം ബോർഡ് ആക്റ്റ്, നിയമസഭ പാസ്സാക്കിയതും അതിനെത്തുടർന്ന് കേരള മാരിടൈം ബോർഡിന് രൂപം നൽകിയതും. മേൽപ്പറഞ്ഞ വസ്തുതകളിൽനിന്നും റോഡുകൾ, റെയിൽവെ, വിമാനത്താവളങ്ങൾ എന്നിവപോലെ മുന്തിയ പരിഗണനയും ശ്രദ്ധയും ലഭിക്കേണ്ട മേഖലയാണ് സംസ്ഥാനത്തെ തുറമുഖങ്ങളെന്ന് വ്യക്തമാണ്. എന്നാൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ആവശ്യമായ ഭരണപരമായ പരിഷ്കാരങ്ങൾ ഈ രംഗത്ത് കൊണ്ടുവരുന്നതിനും നാം പിന്നിലായിപ്പോയി. അതുകൊണ്ട് നമ്മുടെ

സംസ്ഥാനത്തിന് മാരിടൈം രംഗത്ത് മറ്റ് സംസ്ഥാനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിൽ വളരാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ തുറമുഖരംഗത്ത് നല്ല നിലയിൽ നിക്ഷേപം നടത്തിയ എല്ലാ രാജ്യങ്ങളും വമ്പിച്ച സാമ്പത്തിക പുരോഗതി കൈവരിച്ച ചരിത്രമാണ് നമ്മുടെ മുന്നിലുള്ളത്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന് ദൗർഭാഗ്യവശാൽ വിവിധ കാരണങ്ങൾകൊണ്ട് ഈ രംഗത്ത് പ്രത്യേകമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നഷ്ടപ്പെട്ട അവസരങ്ങളെ ഓർത്ത് വിലപിക്കുന്നതിൽ കാര്യമില്ല. സജീവമായ ഇടപെടലുകളിലൂടെ നമ്മുടെ തുറമുഖങ്ങളേയും തീരങ്ങളേയും ചലനാത്മകമാക്കി സംസ്ഥാനത്തിന്റെ ചരക്ക് പാസഞ്ചർ ഗതാഗത രംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉറപ്പാക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തെ പരിപോഷിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. തുറമുഖങ്ങളുടെ ഫീഡർ സംവിധാനമായി സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് മാറുവാൻ കഴിയും. അതോടെ വാണിജ്യരംഗത്ത് മാത്രമല്ല ടൂറിസം രംഗത്തും വലിയതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാമ്പത്തിക രംഗത്ത് വമ്പിച്ച മുന്നേറ്റം ഉണ്ടാക്കുവാനും

കഴിയുമെന്നതിൽ തർക്കമില്ല. തുറമുഖ വികസനത്തിൽ വിഴിഞ്ഞം രാജ്യത്തിന് മാതൃകയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം വരുന്നതോടെ നമ്മുടെ ചെറുകിട തുറമുഖങ്ങളുടെ മുമ്പിൽ വമ്പിച്ച വികസന സാധ്യതയാണ് തെളിഞ്ഞുവരുന്നത്. ഈ അവസരം നമുക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയണം. ഇതുമുന്നിൽ കണ്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള മാരിടൈം ബോർഡ് ആക്റ്റ് പാസാക്കിയത്. എന്നാൽ ഈ ആക്റ്റിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച മാരിടൈം ബോർഡിന്റെ ഭരണ നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള പ്രായോഗികവും ഭരണപരവുമായ പ്രയാസങ്ങൾക്ക് പരിഹാരം കാണുവാനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള തുറമുഖ ഡയറക്ടറേറ്റും അനുബന്ധ സ്ഥാപനങ്ങളും ലയിപ്പിച്ചാണ് മാരിടൈം ബോർഡ് രൂപീകരിച്ചത്. സ്വാഭാവികമായും അവിടെ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ചില ആശങ്കകളുണ്ടായി. അവരുടെ സർവ്വീസ് കണ്ടീഷനുകളുടെ ചില പ്രശ്നങ്ങൾ ഉന്നയിച്ച് ജീവനക്കാരുടെ സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. സർക്കാർ ജീവനക്കാരായി പി.എസ്.സി. മുഖാന്തരം സർവ്വീസിൽവന്ന ഇവരുടെ ശമ്പളം, ലീവ്,

പെൻഷൻ, സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങളിലാണ് അവർക്ക് ആശങ്കയുണ്ടായിരുന്നത്. ഇവരുടെ പ്രശ്നത്തിൽ ഉചിതമായ തീരുമാനമെടുക്കുവാൻ കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് തുറമുഖ സെക്രട്ടറി വിവിധ യൂണിയനുകളുമായി ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ആക്റ്റിൽ ഭേദഗതി വരുത്തിയാൽ മാത്രമേ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും മാത്രമല്ല, അഞ്ചു വർഷത്തെ അനുഭവത്തിൽനിന്നും ചില വ്യവസ്ഥകളിൽ മാറ്റം വരുത്തിയാൽ മാത്രമേ ബോർഡിന് ഗുണപരമായും ഫലപ്രദമായും പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂവെന്നും വ്യക്തമായി. ചില രംഗങ്ങളിൽ ഭരണപരമായ ചില അധികാരങ്ങൾ ബോർഡിന് നൽകേണ്ടതുണ്ടെന്നും അതേസമയം സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡ് പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള മാറ്റങ്ങളാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. ഞാൻ മുമ്പ് പറഞ്ഞതുപോലെ മാരിടൈം രംഗത്തു നാം പിൻബെഞ്ചുകാരാണ്. മുന്നിലേക്കെത്തണമെങ്കിൽ ചടുലമായി നീങ്ങേണ്ടിവരും. അതിനുവേണ്ടിയാണ് ഇപ്പോഴത്തെ ശ്രമം. ഈ

ഭേദഗതികൾ സംസ്ഥാനത്ത് മാരിടൈം ബോർഡിൽ സമൂലമായ അഴിച്ചുപണി നടത്തുന്നതിന് ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനപ്പെട്ട ചില ഭേദഗതികളാണ് ഇതിൽ വരുത്തിയിട്ടുള്ളത്.

മൂന്നാം വകുപ്പിലെ ഭേദഗതി: നിലവിലെ മൂന്നാം വകുപ്പിലെ മൂന്നാം ഉപവകുപ്പുപ്രകാരം ആസ്ഥാനം കൊച്ചിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരത്താണ് തുറമുഖ ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്നത്. ഭരണപരമായ സൗകര്യത്തിനും ആസ്ഥാനം തിരുവനന്തപുരത്ത് ആകുന്നതാണ് ഉചിതം. അതുകൊണ്ട് ആസ്ഥാനം തിരുവനന്തപുരത്തും റീജിയണൽ ഓഫീസ് കൊച്ചിയിലും സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

നിലവിലെ മൂന്നാം വകുപ്പിലെ നാലാം ഉപവകുപ്പിന്റെ ഭേദഗതി: ബോർഡിന്റെ വൈസ് ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറിയിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനെയാണ് നിശ്ചയിച്ചിരുന്നത്. ഇത് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തടസ്സമാകുന്നുണ്ട്. അതുകൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി എന്നതിനുപകരം സെക്രട്ടറി പദവിയുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ് അഭികാമ്യം. പൊതുഭരണം, വിദ്യാഭ്യാസം മുതലായ വകുപ്പുകളുടെ സെക്രട്ടറിയായിരുന്ന ശ്രീമതി ലിഡ

ജേക്കബ് ഐ.എ.എസ്.-നെ സർക്കാർ വൈസ് ചെയർമാനായി നിയമിച്ചു. എന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കില്ലാത്തതിനാൽ കോടതിയിൽ കേസ് വന്നതുകൊണ്ട് അവർക്ക് രാജിവയ്ക്കേണ്ടിവന്നു. ഇതുപോലുള്ള സാഹചര്യം ഒഴിവാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

നിലവിലെ മൂന്നാം വകുപ്പിൽ നാലാം ഉപവകുപ്പിലെ പത്താം ഇനമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെമ്പർ സെക്രട്ടറിയെന്ന് ഉൾപ്പെടുത്തണം. നിലവിലുള്ള ആക്റ്റിൽ മാരിടൈം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡ് മെമ്പർ അല്ല. ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മാരിടൈം ബോർഡിന് ഒരു മെമ്പർ സെക്രട്ടറി ആവശ്യമാണ്. ഈ ആവശ്യം പരിഹരിക്കുന്നതിനാണ് ഈ ഭേദഗതി.

നിലവിലെ മൂന്നാം വകുപ്പിൽ അഞ്ചാം ഉപവകുപ്പിന്റെ ഭേദഗതി: നിലവിൽ മാരിടൈം ബോർഡിന്റെ കാലാവധി അഞ്ചുവർഷമാണ്. ഇത് മൂന്നുവർഷമായി പരിമിതപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. ഈ മാറ്റവും ഭേദഗതിയിൽ വരുത്തിയിട്ടുണ്ട്.

എട്ടാം വകുപ്പിന്റെ ഭേദഗതി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഭരണപരമായ ഒരു നിർദ്ദേശം നൽകാൻ ഇപ്പോഴത്തെ ആക്റ്റ് പ്രകാരം

സർക്കാരിന് നിർവ്വാഹമില്ല. ഇത് സർക്കാരിന്റെ അധികാരം പരിമിതപ്പെടുത്തുന്നു. അതുകൊണ്ട് സർക്കാരിന് സ്വമേധയാ നിർദ്ദേശം നൽകുവാനുള്ള അധികാരം കൂട്ടിച്ചേർത്ത് ഭേദഗതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആ അധികാരങ്ങൾ നിലനിർത്തിക്കൊണ്ട് ഭരണനിയന്ത്രണം ബോർഡിനെ ഏൽപ്പിക്കാനാണ് ഈ ഭേദഗതി നിർദ്ദേശിക്കുന്നത്. മേലുദ്യോഗസ്ഥന് പതിനെട്ടാം വകുപ്പ് ഒഴിവാക്കണം.

തൊണ്ണൂറാം വകുപ്പിന്റെ ഭേദഗതി: ആവശ്യമെങ്കിൽ ബോർഡിനെ പിരിച്ചുവിട്ട് ഭരണനിയന്ത്രണം സർക്കാരിന് ഏറ്റെടുക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. അനിവാര്യഘട്ടങ്ങളിൽ ഭരണനിർവ്വഹണത്തിനായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുവാൻ ഈ ഭേദഗതി നിർദ്ദേശിക്കുന്നു.

തൊണ്ണൂറ്റി ഒന്നാം വകുപ്പിന്റെ ഭേദഗതി: സർക്കാരിന് നയപരമായ നിർദ്ദേശങ്ങൾ മാത്രമേ മാരിടൈം ബോർഡിന് നൽകാൻ കഴിയൂയെന്നാണ് നിലവിലെ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതു സർക്കാരിന്റെ നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തുന്നു. പ്രാധാന്യമുള്ള എല്ലാ വിഷയങ്ങളിലും കോടതി നിർദ്ദേശം നൽകുവാൻ സർക്കാരിന് കഴിയണം.

ഇതിനുവേണ്ട ഭേദഗതി ബന്ധപ്പെട്ട വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൊണ്ണൂറ്റിരണ്ടാം വകുപ്പിന്റെ ഭേദഗതി: തുറമുഖപരിധി (പോർട്ട് ലിമിറ്റ്) നിശ്ചയിക്കുവാനുള്ള അധികാരം ബോർഡിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. ഇതു സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി ബന്ധപ്പെട്ട് എന്ന ഭേദഗതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് ഇവിടെ അംഗങ്ങൾ സമർപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ചാണ് ശ്രീമതി ഉമ തോമസ് എം.എൽ.എ. കാര്യമായി സൂചിപ്പിച്ചത്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നേരത്തെ അവർക്ക് ലഭിച്ചിരുന്ന അതേ രീതിയിൽ നൽകാനുള്ള സംവിധാനം ഈ വകുപ്പിലുണ്ട്. ഭരണ സൗകര്യത്തിനുവേണ്ടിയാണ് തിരുവനന്തപുരത്തേക്ക് ഓഫീസ് മാറ്റുന്നതെന്ന് നേരത്തെ പറഞ്ഞിരുന്നു. തൂത്തുക്കുടി, മംഗലാപുരം പോലുള്ള സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ശ്രീ. എച്ച്. സലാം എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. തികച്ചും സ്വാഗതാർഹമായ നിർദ്ദേശമാണ്. അതോടൊപ്പംതന്നെ മറ്റു പോർട്ടുകൾ ആലപ്പുഴ തുറമുഖത്തെ

പഴയകാല പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരണമെന്ന നിർദ്ദേശവും സമർപ്പിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ തുറമുഖങ്ങളേയും വികസിപ്പിക്കാനാണ് മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്. കണ്ടെയ്നർ ലോറികൾ റോഡുകളിൽ വലിയ തോതിൽ പ്രശ്നം സൃഷ്ടിക്കുന്നെന്ന് ശ്രീമതി യു. പ്രതിഭ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തികച്ചും ആ ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടിയായിരുന്നു കണ്ടെയ്നറുകൾ കൂടുതൽ ഉൾക്കൊള്ളാൻ സാധിക്കുന്ന കപ്പൽ സർവ്വീസ് ആരംഭിച്ചത്. ഉദ്ദേശിച്ചതുപോലെ കമ്പനിക്ക് റിട്ടേൺ ചരക്കുകളുടെ ലഭ്യത കുറഞ്ഞ കാരണത്താൽ അവർക്ക് കൂടുതൽ ലാഭമുള്ള ചില സെക്ടറുകളിലേക്ക് മാറുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുമാത്രം ആ പ്രവർത്തനം നിർത്തിയതല്ല. നിരവധി കപ്പൽ കമ്പനികളുമായി നിരന്തരമായി ബന്ധപ്പെട്ടുവരികയാണ്. അടുത്ത സമയത്തുതന്നെ വീണ്ടും നമുക്ക് സർവ്വീസ് പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴയിലെ ടൂറിസം സാധ്യതകളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ടൂറിസം മേഖലയിൽ നേട്ടമുണ്ടാക്കാൻ ജലഗതാഗതം പരിപോഷിപ്പിക്കുന്നതിലൂടെ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. ഇവിടെ J M Baxi Group-ന്റെ കപ്പൽ സർവ്വീസ് നിർത്തിയതിനെക്കുറിച്ച് പറഞ്ഞു. അത് അവർക്കാണ് നഷ്ടമുണ്ടാക്കിയത്. ഗവൺമെന്റ് സ്വാഭാവികമായും നേരത്തെ ഓഫർ ചെയ്ത ഇൻസെൻറ്റീവുകൾ കൃത്യമായി നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകിയിട്ടില്ലെന്ന് പറയുകയുണ്ടായി. അതുശരിയല്ല. ഇടക്കാലത്ത് മാരിടൈം ബോർഡിന്റെ ഫണ്ട് ഉപയോഗിക്കേണ്ടതുണ്ടോ അല്ലെങ്കിൽ ഗവൺമെന്റ് നേരിട്ട് കൊടുക്കണോയെന്ന ആശയക്കുഴപ്പം ഉണ്ടായപ്പോൾ ഒരാഴ്ച കൊണ്ട് പ്രശ്നം പരിഹരിച്ച് പരിപൂർണ്ണമായും ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കപ്പൽ തൊഴിലാളികൾ കൂടുതലുള്ള നാടാണെന്ന് ശ്രീ. എ. കെ. എം. അഷ്റഫും ശ്രീ. എൻ. എ. നെല്ലിക്കുന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തികച്ചും ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെ കാസർഗോഡ് ജില്ലയിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് കാഞ്ഞങ്ങാട് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. അതിന് കൂടുതൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ് എം.എൽ.എ. സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ക്രൂ ചെയിഞ്ചിംഗ് പുനരാരംഭിക്കണമെന്നത്. നമുക്കറിയാം

കോവിഡുമായി ബന്ധപ്പെട്ട് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൂ ചെയിഞ്ചിംഗ് അനുവദിക്കപ്പെടാത്ത പ്രത്യേക സാഹചര്യത്തിലാണ് ആ സാഹചര്യം മുതലെടുത്തുകൊണ്ട് കേരളത്തിലെ വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗ് ആരംഭിച്ചത്. അതു വലിയ വിജയമാകുകയും വൻതോതിൽ വരുമാനം ഉണ്ടാക്കിതരികയും ചെയ്തു. അതു തുടർച്ചയായി കൊണ്ടുപോകണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. പക്ഷേ കോവിഡ് പ്രോട്ടോകോളുമായി ബന്ധപ്പെട്ട് പലതും പിൻവലിക്കുന്ന കൂട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് ആ പെർമിഷൻ കൂടി പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത്. ബഹു. കേന്ദ്ര മന്ത്രിയുമായും അതുപോലെ വിവിധ വകുപ്പുകളുമായും നിരന്തരമായും കത്തിലൂടെയും അതുപോലെതന്നെ മെയിൽ സന്ദേശത്തിലൂടെയും ഇത് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പലപ്പോഴായി ബന്ധപ്പെട്ടിട്ടുണ്ട്. ചില നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നുള്ള കത്തുകൾ കേന്ദ്ര ഗവൺമെന്റിൽനിന്നും വന്നിട്ടുണ്ട്. അടുത്തുതന്നെ അതിന് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമുക്ക് ഒന്നിച്ചുതന്നെ വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് വേണ്ടി ശ്രമിക്കണം. എല്ലാവരുടെയും സഹായസഹകരണങ്ങൾ അക്കാര്യത്തിൽ

പ്രതീക്ഷിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. 2017-ലെ കേരള മാരിടൈം ബോർഡ് നിലവിൽ വന്നെങ്കിലും അതിലെ നിയമത്തിലെ പോരായ്മകൾ കാരണം ലക്ഷ്യം വച്ച രൂപത്തിൽ അതിന് പ്രവർത്തിക്കാൻ കഴിഞ്ഞില്ലായെന്ന് പറയുകയുണ്ടായി. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെയാണ് ഗവൺമെന്റ് ഇതുപോലൊരു ഭേദഗതിക്ക് ഒരുങ്ങിയതെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യോട് പറയാനുള്ളത്. അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളെല്ലാം സർക്കാർ പരിഗണിക്കുകയും ആവശ്യമായ ഭേദഗതികൾ ഇനിയും കൊണ്ടുവരുന്നതുമാണ്. ഇപ്പോൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച നിലയിൽ ഈ ബിൽ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എച്ച്. സലാം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എച്ച്. സലാം അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ .............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 ൽ " ആക്ടിന്റെ" എന്നതിന് പകരം "ആക്ടിലെ" എന്ന് ചേർക്കുക.

176. ഖണ്ഡം 2(1) പ്രകാരം താഴെപ്പറയും പ്രകാരം മാറ്റുക:-
"(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തും മേഖലാ ഓഫീസ് കൊച്ചിയിൽ ആയിരിക്കുന്നതുമാണ്."

179. പ്രധാന ആക്ടിലെ 3(4)(i)-ൽ "പരിജ്ഞാനമുള്ള ഒരാൾ" എന്നതിന് പകരം "പരിജ്ഞാനമുള്ളയാൾ" എന്ന് ചേർക്കുക.

212. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)(i) താഴെപ്പറയും പ്രകാരം മാറ്റുക.

"(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം ഷിപ്പിംഗിലും മാരിടൈം നിയമത്തിലും പരിജ്ഞാനമുള്ള ഒരാൾ ആയിരിക്കേണ്ടതുമാണ്."

219. ഖണ്ഡം 2(2)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 3(4)(ii)-ൽ "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിനുപകരം ""ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) ൽ " തിരുവനന്തപുരത്ത്" എന്നതിന് പകരം " തിരുവനന്തപുരം" എന്ന് ചേർക്കുക.

164. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

188. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " ചെയ്യേണ്ടതും" എന്നതിന് പകരം "ചെയ്ത് നിയമിക്കേണ്ടതും" എന്ന് ചേർക്കുക.

202. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "വൻകിട തുറമുഖങ്ങളിലോ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരു റീജിയണൽ ആഫീസ് കൊച്ചിയിൽ" എന്നതിനു പകരം "കൊച്ചിയിലും കോഴിക്കോട്ടും റീജിയണൽ ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

206. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " വൻകിട തുറമുഖങ്ങളിലോ മാരിടൈം ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ" എന്നതിന് പകരം "തുറമുഖ കാര്യങ്ങളിൽ" ചേർക്കുക.

213. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 3(4)(i) താഴെപ്പറയും പ്രകാരം മാറ്റുക.

" (i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം സംസ്ഥാന സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ആളോ ആയിരിക്കേണ്ടതാണ്."

218. ഖണ്ഡം 2(2)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ii)-ൽ "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിന് പകരം "സംസ്ഥാന സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

171. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്ന് ചേർക്കുക.

199. ഖണ്ഡം 2(2)(എ) പ്രകാരം ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ആയതോ ആയിരുന്നതോ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "കൊച്ചിയിൽ" എന്നതിനു പകരം "വീതം കൊച്ചിയിലും കോഴിക്കോട്ടും" എന്ന് ചേർക്കുക.

178. ഖണ്ഡം 2(2)(എ) ഒഴിവാക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

177. ഖണ്ഡം 2(2) നീക്കം ചെയ്യുക.

214. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i) ചുവടെപ്പറയും പ്രകാരം മാറ്റുക.
"(i) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാതെ അഖിലേന്ത്യാ സർവ്വീസിൽ ഉള്ളതോ ആയിരുന്നതോ ആയ ഒരാളെയോ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള വൻകിട തുറമുഖങ്ങളിലോ മാരിടൈം ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ, മാനേജിംഗ് ഡയറക്ടർ, വകുപ്പദ്ധ്യക്ഷൻ എന്നീ നിലകളിൽ ഏതെങ്കിലും ഒന്നിൽ ഭരണ പരിചയമുള്ളയാളെയോ ചെയർമാനായി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്."

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

180. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ചെയർമാനെ" എന്നതിന് മുൻപായി "ബോർഡിന്റെ" എന്ന് ചേർക്കുക.

193. ഖണ്ഡം 2 (2) (എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4) (i) ൽ "സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ" എന്നതിന് പകരം "സർവീസിൽ ആയതോ ആയിരുന്നതോ ആയ ഒരു ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

201. ഖണ്ഡം 2(2)(എ) പ്രകാരം ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ

(i) " പൊതുമേഖലയിലോ" എന്നതിന് പകരം "തുറമുഖവുമായി ബന്ധപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക.

(ii) പൊതുമേഖലയിലെ" എന്നതിന് ശേഷം "രാജ്യത്തെ മറ്റേതെങ്കിലും" എന്ന് ചേർക്കുക.

207. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " മാരിടൈം ബോർഡുകളിലോ" എന്നതിന് ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

181. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ചെയർമാനെ" എന്നതിന് പകരം "ചെയർപേഴ്സണെ" എന്ന് ചേർക്കുക.

183. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "സംസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

208. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " എന്ന നിലയിൽ" എന്നതിന് പകരം "എന്നീ ഏതെങ്കിലും നിലയിൽ" എന്ന് ചേർക്കുക.

224. ഖണ്ഡം 2(2)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി

ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ii)-ൽ " കുറയാത്ത" എന്നതിനു പകരം " താഴെയല്ലാത്ത" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2 (2) (എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4) (i) ൽ "സർവീസിലെ" എന്നതിനുശേഷം "പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " ഭരണപരിചയമുള്ള" എന്നതിന് പകരം "ഭരണപരിചയം ഉള്ളതും ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനം ഉള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

225. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(iii) താഴെപ്പറയും പ്രകാരം മാറ്റി ശേഷിക്കുന്നവ പുനരക്കം ചെയ്യുക

(iii) ഗവൺമെന്റ് സെക്രട്ടറി (തുറമുഖ വകുപ്പ്) എക്സ് ഒഫീഷ്യോ അംഗം
(iv) ഗവൺമെന്റ് സെക്രട്ടറി (മത്സ്യബന്ധന വകുപ്പ്) എക്സ് ഒഫീഷ്യോ അംഗം.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

226. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(vi) താഴെപ്പറയുന്ന പ്രകാരം മാറ്റി ശേഷിക്കുന്നവ പുനരക്കം ചെയ്യുക."(vi) കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ പ്രതിനിധി : എക്സ് ഒഫീഷ്യോ അംഗം"

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.
" (ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം : അംഗങ്ങൾ.
ചെയ്യുന്ന നാല് അംഗങ്ങൾ
കുറിപ്പ് : ഇവരിൽ ഒരാൾ ചെറുകിട തുറമുഖ മേഖലയിൽ നിന്നുള്ള തൊഴിലാളി പ്രതിനിധി ആയിരിക്കേണ്ടതാണ്."

229. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.
" (ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം : അംഗങ്ങൾ.
ചെയ്യുന്ന ഷിപ്പിങ്ങിലും മാരി ടൈം
നിയമത്തിലും പരിജ്ഞാനം <u>ഉള്ള</u>
നാല് അംഗങ്ങൾ

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

230. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.
" (ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം : അംഗങ്ങൾ.
ചെയ്യുന്ന ഷിപ്പിങ്ങിലും മാരി ടൈം
നിയമത്തിലും പരിജ്ഞാനം <u>ഉള്ള</u>

അഞ്ച് അംഗങ്ങൾ

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.
" (ix) സംസ്ഥാന സർക്കാർ : അംഗങ്ങൾ.
നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ
കുറിപ്പ് : ഇവരിൽ ഒരാൾ ചെറുകിട തുറമുഖ മേഖലയിൽ നിന്നുള്ള തൊഴിലാളി പ്രതിനിധി ആയിരിക്കേണ്ടതാണ് "

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(x) -ൽ "ഓഫീസർ" എന്നതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

236. ഖണ്ഡം 2 (3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 (5) ൽ "മൂന്ന് " എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 162, 163 എന്നീ നമ്പർ ഭേദഗതികൾ 161-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി

183-ാം നമ്പർ ഭേദഗതിക്കും 184 മുതൽ 187 വരെയുള്ള ഭേദഗതികൾ 188-ാം നമ്പർ ഭേദഗതിക്കും 203 മുതൽ 205 വരെയുള്ള ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും 231-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും 237 മുതൽ 241 വരെയുള്ള ഭേദഗതികൾ 236-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതിയിൽ, പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) പ്രകാരം 'മാരിടൈം രംഗത്ത് പരിജ്ഞാനമുള്ള നാലുപേരെ വയ്ക്കാം' എന്നാണ് പറയുന്നത്. പരിജ്ഞാനമുള്ളവരെ വയ്ക്കുകയില്ല എന്നൊരു വാശി വയ്ക്കേണ്ട കാര്യമില്ലല്ലോ; ആരെ വേണമെങ്കിലും വച്ചോളൂ. അത് ഗവൺമെന്റിന്റെ തീരുമാനപ്രകാരം വയ്ക്കാം. ഇന്നരൂപത്തിൽ വേണമെന്ന് പറയുന്നില്ല. പക്ഷേ ഒരു കണ്ടീഷൻ മാത്രമേയുള്ളൂ, ഈ നിയമത്തിൽ

പരിജ്ഞാനമുള്ള നാലുപേരെ വയ്ക്കാം. അത് അംഗീകരിക്കുന്നതിന് എന്ത് തടസ്സമാണുള്ളത്?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ഇതിൽത്തന്നെ പരിജ്ഞാനമുള്ള ആളുകളുണ്ട്. അതുകൊണ്ടാണ് പ്രത്യേകം വയ്ക്കാത്തത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 171-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 157, 176, 179, 212, 219 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 161, 164, 188, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 165, 206, 213, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 173, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 177, 214 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 180, 193, 201, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 181, 183, 208, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 228, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ “ സർക്കാരിന്" എന്നതിന് ശേഷം ",” എന്ന ചിഹ്നം ചേർക്കുക.

255. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8 -ൽ “ ബോർഡിന് ” എന്നതിന് ശേഷം “ ,” എന്ന ചിഹ്നം ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

247. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ, “ സ്വമേധയോ " എന്നതിന് പകരം “ സ്വന്തം താൽപര്യം പ്രകാരമോ " എന്ന് ചേർക്കുക.

250. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ “ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയോ" എന്നതിന് പകരം "ബോർഡിന്റെ തീരുമാനപ്രകാരം” എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ “ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ” എന്നതിന് പകരം “ മുൻകൂട്ടിയുള്ള അനുമതിയോടും അംഗീകാരത്തോടുകൂടിയും” എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ " മുൻകുട്ടിയുള്ള" എന്നതിന് പകരം " മുൻകൂർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 243-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 246-ാം നമ്പർ ഭേദഗതി 245-ാം നമ്പർ ഭേദഗതിക്കും 249, 251, 252 എന്നീ നമ്പർ ഭേദഗതികൾ 250-ാം നമ്പർ ഭേദഗതിക്കും 253, 254 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 245, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 247, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. പ്രധാന ആക്റ്റിലെ വകുപ്പ് 9(1)ൽ " ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും" എന്നതിന് പകരം " ബോർഡിന്റെ സെക്രട്ടറിയുടെയും" എന്ന് ചേർക്കുക.
261. പ്രധാന ആക്റ്റിലെ വകുപ്പ് 9(2)-ൽ " ആഫീസർ," എന്ന വാക്കിനും ചിഹ്നത്തിനും പകരം " ആഫീസർ ബോർഡിന്റെ സെക്രട്ടറി എന്ന നിലയിൽ " എന്നത് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)ൽ "സർക്കാരിന്റെ താല്പര്യങ്ങൾക്ക് അനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും" എന്നതിന് പകരം "ബോർഡ് " എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)ൽ "താൽപര്യങ്ങൾക്കനുസരിച്ചാണ്" എന്നതിന് പകരം "നിർദ്ദേശപ്രകാരമാണ് " എന്ന് ചേർക്കുക.

276. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ കരുതലുകൾ" എന്നതിന് പകരം "സാമ്പത്തിക മര്യാദകൾ" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിനു പകരം "മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്" എന്ന് ചേർക്കുക.

288. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന

വകുപ്പ് 9(2)-ൽ “ എല്ലാ" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിനു പകരം "ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിന് പകരം "ഉത്തമ താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്ന് ചേർക്കുക.

286. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ “ കരുതലുകൾ ഉൾപ്പെടെ" എന്നതിന് ശേഷം "സർക്കാർ അനുശാസിക്കുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

274. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ" എന്നതിന് പകരം "സാമ്പത്തിക" എന്ന് ചേർക്കുക.

291. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിന് ശേഷം "ബോർഡ്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ" എന്നതിനുപകരം "സാമ്പത്തികപരമായ" എന്ന് ചേർക്കുക.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ " കരുതലുകൾ" എന്നതിന് പകരം "കരുതൽ നടപടികൾ എന്ന് ചേർക്കുക.

294. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിന് ശേഷം "കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

295. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "ഉറപ്പുവരുത്തേണ്ടതാണ്" എന്നതിന് പകരം "ഉറപ്പുവരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ കരുതലുകൾ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിനുശേഷം "നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 262-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 267 മുതൽ 269 വരെയുള്ള ഭേദഗതികൾ 266-ാം നമ്പർ ഭേദഗതിക്കും 277 മുതൽ 279 വരെയുള്ള ഭേദഗതികൾ 276-ാം നമ്പർ ഭേദഗതിക്കും 281 മുതൽ 283 വരെയുള്ള ഭേദഗതികൾ 280-ാം നമ്പർ ഭേദഗതിക്കും 287, 289, 290 എന്നീ നമ്പർ ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 293-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 260, 261 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 266, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 271, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 273, 286 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 274, 291 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 275, 285, 294, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിൽ വകുപ്പ് 13(1) ൽ "ഉത്തരവ് " എന്നതിന് പകരം "മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ്" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

301. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13(1) താഴെ പറയുന്ന പ്രകാരം മാറ്റുക.

" (1) ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനമോ ഭരണപരിചയമോ ഉള്ളതും അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്തതുമായ ഒരു ഉദ്യോഗസ്ഥനെ സർക്കാരിന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കാവുന്നതാണ്."

മി. സ്പീക്കർ: 298, 299 എന്നീ നമ്പർ ഭേദഗതികൾ ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " നിലവിലുള്ള" എന്നതിന് മുമ്പായി "സംസ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക.

303. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " നിലവിലുള്ള" എന്നതിന് ശേഷം "എല്ലാ" എന്ന വാക്ക് ചേർക്കുക.

305. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " ചട്ടങ്ങളും" എന്നതിന് ശേഷം "നടപടിക്രമങ്ങളും" എന്ന വാക്ക് ചേർക്കുക.

308. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " പാലിച്ചുകൊണ്ട്" എന്നതിന് പകരം "പാലിച്ച്" എന്ന വാക്ക് ചേർക്കുക.

316. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

333. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (1 എ)-ൽ "കർത്തവ്യമാണ്" എന്നതിന് പകരം "കർത്തവ്യമായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക കരുതലുകൾ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിനുപകരം "സാമ്പത്തിക ഉത്തരവാദിത്തം" എന്നു ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "കണക്കുകളുടെ കൃത്യത" എന്നത് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കവും സുതാര്യതയും" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

327. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (1എ) ൽ "സാമ്പത്തിക മര്യാദ ഉറപ്പു വരുത്തുക " എന്നതിന് പകരം "സാമ്പത്തിക അടച്ചടക്കവും, സുതാര്യതയും " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 304-ാം നമ്പർ ഭേദഗതി 305-ാം നമ്പർ ഭേദഗതിക്കും 310 മുതൽ 315 വരെയുള്ള ഭേദഗതികളും 317, 318 എന്നീ നമ്പർ ഭേദഗതികളും 316-ാം നമ്പർ ഭേദഗതിക്കും 320 മുതൽ 322 വരെയുള്ള ഭേദഗതികൾ 319-ാം നമ്പർ ഭേദഗതിക്കും 334-ാം നമ്പർ ഭേദഗതി 333-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 316-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 302, 303, 305, 308, 333 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "പ്രസ്തുത തസ്തികകൾ" എന്ന വാക്കുകൾക്ക് പകരം "ആ തസ്തികകളുടെ എൻട്രി കേഡർ" എന്ന് ചേർക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 7-ൽ " ഇനിപ്പറയുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

340. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതിചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " നിശ്ചയിക്കപ്പെട്ട " എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

370. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "തടയുന്നതല്ല" എന്നതിന് പകരം "തടസ്സപ്പെടുത്തുന്നതല്ല" എന്ന് ചേർക്കുക.

384. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർക്കാർ" എന്ന വാക്ക് ഒഴിവാക്കുക.

386. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "മേൽനോട്ടവും" എന്നതിന് പകരം "നിയന്ത്രണവും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

341. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " നിശ്ചയിക്കപ്പെട്ട" എന്നതിന് പകരം "നിശ്ചയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

342. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ദിവസവും അന്നുവരെയും" എന്നതിന് പകരം "തീയതി വരെയും" എന്ന് ചേർക്കുക.

344. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " തുറമുഖ കാര്യാലയങ്ങളിലും" എന്നതിന് പകരം "കാര്യാലയങ്ങളിലും" എന്ന് ചേർക്കുക.

347. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (1)-ൽ " ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും" എന്നതിന് പകരം " എല്ലാ ജീവനക്കാരും" എന്ന് ചേർക്കുക.

353. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവകാശങ്ങളും" എന്നതിന് ശേഷം " ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

371. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ " തുടരുന്ന ജീവനക്കാരെ" എന്നതിന് പകരം

“ തുടരുന്ന ജീവനക്കാരുടെ സേവനം" എന്ന് ചേർക്കുക.

378. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ “ അവരുടെ സേവനം" എന്നത് ഒഴിവാക്കുക.

391. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ “ അവർക്ക് മേലുള്ള" എന്ന വാക്കുകൾക്ക് പകരം "അവരുടെ മേൽ" എന്ന വാക്കുകൾ ചേർക്കുക.

409. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ" എന്നതിന് പകരം "ഈ ആക്റ്റിനും 2022 -ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസിനുമിടയിൽ " എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതികൾ അവതരിപ്പിക്കുന്നു.

345. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ “ ജോലി നോക്കിയിരുന്ന" എന്നതിന് പകരം "സേവനമനുഷ്ഠിച്ചിരുന്ന” എന്ന് ചേർക്കുക.

382. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 17(3) താഴെപ്പറയും പ്രകാരം മാറ്റുക.
"(3)(1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരുടെ സേവനം, പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനിവരുത്താത്ത വിധത്തിൽ വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്. "

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (1) -ൽ " ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും" എന്നീ വാക്കുകൾക്ക് പകരം " ജീവനക്കാർ" എന്ന് ചേർക്കുക.

364. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും" എന്നതിന് പകരം "ജീവനക്കാർക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

350. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (1)-ൽ " ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും" എന്നതിന് പകരം " അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റുകാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും" എന്നത് ചേർക്കുക.

400. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "ബോർഡിന്റെ റെഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്" എന്നതിനുപകരം "ബോർഡിന്റെ റെഗുലേഷൻ പ്രകാരം നിർണ്ണയിക്കപ്പെടുന്ന സേവനവേതന വ്യവസ്ഥകൾ അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതാണ് " എന്ന് ചേർക്കുക.

410. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "തിരിച്ച് സർക്കാർ ജീവനക്കാരായി" എന്നതിനു ശേഷമുള്ള വാക്കുകൾക്ക് പകരം "മാറ്റുമ്പോൾ അപ്രകാരമുള്ള ജീവനക്കാർക്ക് ഈ ആക്ട് പ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ സേവന വേതന ആനുകൂല്യങ്ങളും സീനിയോറിറ്റിയും ഉറപ്പാക്കേണ്ടതും നിലവിൽ അവർക്കു ലഭിച്ചിരിക്കുന്ന യാതൊരു ആനുകൂല്യങ്ങളും നഷ്ടമാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ് " എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവകാശങ്ങളും" എന്നതിന് പകരം " അവകാശങ്ങളോടും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവരുടെ സൂപ്പറാന്വേഷനോടുകൂടി" എന്നതിന് പകരം " അവർ പെൻഷനാകുന്നതോടു കൂടി" എന്ന് ചേർക്കുക.

387. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "മേൽനോട്ടവും " എന്നതിന് ശേഷം "നിയന്ത്രണവും" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1), 17(2), 17(3) എന്നിവയ്ക്ക് പകരം ചുവടെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"17. (1)ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചിത തീയതിയിൽ തുറമുഖ ഡയറക്ടറേറ്റിലും തുറമുഖ കാര്യാലയങ്ങളിലും ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഐച്ഛികമായി ബോർഡിലെ ജീവനക്കാരായി മാറുകയോ സർക്കാർ ജീവനക്കാരായി തുടരുകയോ ചെയ്യാവുന്നതും ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവർക്ക് ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്നതുമാണ്. അവർ വിരമിക്കുന്ന മുറയ്ക്ക് അത്തരം തസ്തികകൾ ഇല്ലാതാകുന്നതുമാണ്. സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരുടെ സേവനം അവർക്ക് ലഭ്യമായ അവകാശങ്ങൾക്ക് ഹാനിവരുത്താത്ത വിധത്തിൽ വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്.

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്ക നടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്."

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "ഓപ്ഷൻ നൽകി" എന്നതിന് ശേഷം "സ്വമേധയാ' എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ

ഉദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ " ഹാനി വരുത്താത്ത" എന്നതിന് പകരം "ഹാനികരമാകാത്ത" എന്ന് ചേർക്കുക.

401. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "ബോർഡിന്റെ" എന്നതിന് ശേഷം "/സർക്കാരിന്റെ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

405. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ആക്റ്റിനെ തുടർന്ന് " എന്നതിനുശേഷം "അവരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3) -ന്റെ ക്ലിപ്തനിബന്ധനയിൽ "ജീവനക്കാരുടെ" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

393. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ " പ്രസ്തുത" എന്നതിനുപകരം "ഇപ്രകാരം ഒഴിവു വരുന്ന" എന്നത് ചേർക്കുക.

404. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റ്" എന്നതിന് പകരം "പ്രധാന ആക്റ്റ്" എന്ന് ചേർക്കുക.

408. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റിനും" എന്നതിന് പകരം "പ്രധാന ആക്റ്റിനും" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

392. ഖണ്ഡം 7(3)-ന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നിരുന്നാലും ഒന്നാം മുൻ ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥപ്രകാരം ബോർഡ് നടപടി സ്വീകരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിൻമേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

398. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ" എന്നതിനുപകരം "അത്തരം തസ്തികകളിൽ ബോർഡിന്റെ റഗുലേഷൻ പ്രകാരം നിയമനം" എന്ന് ചേർക്കുക.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (5) ചുവടെ പറയും പ്രകാരം മാറ്റുക.

"(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിലാകുന്നതിനെ തുടർന്ന് പദവിയിലോ സീനിയോറിറ്റിയിലോ നഷ്ടമോ സേവന വേതന

വ്യവസ്ഥയിൽ ദോഷകരമായ മാറ്റങ്ങളോ കൂടാതെ സർക്കാർ ജീവനക്കാരനായി തുടരുന്നതിന് റീ ഓപ്റ്റ് ചെയ്യാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

മി. സ്പീക്കർ: 346-ാം നമ്പർ ഭേദഗതി 345-ാം നമ്പർ ഭേദഗതിക്കും 355 മുതൽ 357 വരെയുള്ള ഭേദഗതികൾ 354-ാം നമ്പർ ഭേദഗതിക്കും 388 മുതൽ 390 വരെയുള്ള ഭേദഗതികൾ 387-ാം നമ്പർ ഭേദഗതിക്കും 399-ാം നമ്പർ ഭേദഗതി 400-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, എന്റെ വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി

ഭേദഗതികളോടെ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയതനുസരിച്ച് ഈ ഭേദഗതി ബില്ലുവഴി ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയ്ക്കുശേഷം രണ്ടാമത്തെ ക്ലിപ്തനിബന്ധന ആയിട്ടാണ് ചേർക്കേണ്ടത്. എന്നാൽ നിലവിലുള്ള ക്ലിപ്തനിബന്ധനയിൽ അടുത്ത വാചകമായി "ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്." എന്ന് ചേർക്കണം എന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 336-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടെ സ്വീകരിച്ച 392-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 340, 370, 384, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 341, 342, 344, 347, 353, 371,

378, 391, 409 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 345, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 348, 364 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 350, 400, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 354, 387 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 377, 401, 405 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 385, 393, 404, 408 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. പ്രധാന ആക്റ്റിലെ വകുപ്പ് 18 താഴെപ്പറയും പ്രകാരം മാറ്റുക:
" 18. <u>പ്രൊവിഡന്റ് ഫണ്ടിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും ഉള്ള ശേഖരം കൈമാറ്റം ചെയ്യൽ</u>.- 2022-ലെ കേരള മാരിടൈം ബോർഡ് ഭേദഗതി ആക്റ്റ് നിലവിൽ വരുന്നതിനു മുമ്പു വരെ ഈ ആക്റ്റിന്റെ 17-ാം വകുപ്പ് പ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലും സൂപ്പർ ആനുവേഷൻ ഫണ്ടുകളിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും വരവ് വെച്ചിട്ടുള്ള തുക ഏതെങ്കിലും ഉണ്ടെങ്കിൽ ബന്ധപ്പെട്ട അക്കൗണ്ടുകളുടെ വിശദാംശങ്ങൾ സഹിതം സർക്കാരിലേക്ക് കൈമാറേണ്ടതും 2022 ജനുവരി 19 മുതൽ പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട ബാധ്യതകൾ സർക്കാരിന്റെ ബാധ്യതകൾ ആയിരിക്കുന്നതുമാണ്"

<u>മി. സ്പീക്കർ</u>: 417-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 419-ാം നമ്പർ ഭേദഗതി 418-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 9 (1) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90 (1) (എ)-ൽ " ഉത്തരവിൽ " എന്നതിന് മുമ്പായി " സർക്കാർ " എന്ന് ചേർക്കുക.

445. ഖണ്ഡം 9(2) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(2) (ബി)-ൽ " സർക്കാർ നിയമിക്കുന്ന" എന്നത് ഒഴിവാക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 9(1)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(1)(എ)-ൽ " ഉത്തരവിൽ പറയുന്ന

കാരണങ്ങളാൽ" എന്നതിന് പകരം "ഗൗരവമേറിയ അടിയന്തരഘട്ടമെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ/ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന വസ്തുതാ വിവര റിപ്പോർട്ടുകളുടെയോ ഓഡിറ്റ് റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന കാര്യകാരണങ്ങളാൽ" എന്നത് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. 9(1)(ബി പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(1)(ബി)-ൽ " വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക്" എന്നതിനു ശേഷം "/മൂന്ന് മാസത്തിൽ കവിയാത്ത" എന്നത് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

431. ഖണ്ഡം 9 (1) (ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90 (1) (ബി) -ൽ " വിനിർദ്ദേശിക്കാവുന്ന" എന്നതിന് ശേഷം " ആറു മാസത്തിൽ കവിയാത്ത" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 9 (1) (ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90 (1) (ബി) -ൽ " വിനിർദ്ദേശിക്കാവുന്ന" എന്നതിന് ശേഷം " ഒരു വർഷത്തിൽ

അധികരിക്കാത്ത്" എന്ന് ചേർക്കുക.

454. പ്രധാന ആക്റ്റിലെ വകുപ്പ് 90(3)-ൽ "അതിലംഘനത്തിനുള്ള" എന്നതിന് പകരം "അഡ്മിനിസ്ട്രേറ്ററുടെ" എന്നത് ചേർക്കുക.

455. പ്രധാന ആക്റ്റിലെ വകുപ്പ് 90(3)(എ)-ൽ "അതിലംഘനത്തിനുള്ള" എന്ന വാക്കിന് പകരം "അഡ്മിനിസ്ട്രേറ്ററുടെ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 9(1)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(1)(ബി)-ൽ " ഈ ആക്റ്റിൻകീഴിൽ" എന്നതിന് പകരം " പ്രധാന ആക്റ്റിൻകീഴിൽ" എന്ന് ചേർക്കുക.

446. ഖണ്ഡം 9(2) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(2) (ബി)-ൽ " സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ" എന്നതിന് പകരം " (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 9(1)(സി) ഒഴിവാക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. പ്രധാന ആക്ടിലെ വകുപ്പ് 90(2)(സി)-ൽ "സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്" എന്നതിന് പകരം "അഡ്മിനിസ്ട്രേറ്റർക്ക് നിയമാനുസൃതം കൈകാര്യം ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 9(3)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(3)(സി)യുടെ ക്ലിപ്തനിബന്ധനയിൽ "ഈ" എന്നതിനുപകരം " 3-ാം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 422 മുതൽ 424 വരെയുള്ള ഭേദഗതികൾ 421-ാം നമ്പർ ഭേദഗതിക്കും 432-ാം നമ്പർ ഭേദഗതി 431-ാം നമ്പർ ഭേദഗതിക്കും 442 മുതൽ 444 വരെയുള്ള ഭേദഗതികൾ 445-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 421, 445 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 434, 454, 455 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 439, 446 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " പ്രാധാന്യമുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " കാര്യങ്ങൾ" എന്ന വാക്കിന് പകരം " വിഷയങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതികൾ അവതരിപ്പിക്കുന്നു.

469. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " കാര്യങ്ങൾ" എന്നതിന് പകരം "സംഗതികൾ" എന്ന് ചേർക്കുക.

476. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(2)-ൽ "കാര്യമാണോ" എന്നതിന് പകരം "സംഗതിയാണോ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 10(1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91 (1)-ൽ "നയപരമായ" എന്ന വാക്ക് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

472. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " നയപരമായ" എന്നതിന് പകരം "പ്രാധാന്യമുള്ള കാര്യങ്ങൾ സംബന്ധിച്ച" എന്നത് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(2)-ൽ "കാര്യമാണോ" എന്നതിന് പകരം

"വിഷയമാണോ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക:
" (2)-ാം ഉപവകുപ്പ് പ്രകാരം ഒരു നിർദ്ദേശം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്."

മി. സ്പീക്കർ: 466, 467, 468 എന്നീ നമ്പർ ഭേദഗതികൾ 465-ാം നമ്പർ ഭേദഗതിക്കും 478 മുതൽ 480 വരെയുള്ള ഭേദഗതികൾ 477-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 469, 476 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനൊന്നാം വകുപ്പ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ "സംസ്ഥാന സർക്കാരുമായും" എന്നതിന് പകരം" സംസ്ഥാന സർക്കാരിന്റെ തുറമുഖ വകുപ്പുമായും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ " സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും" എന്നതിന് പകരം " കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ " ഷിപ്പിംഗ്" എന്നതിന് പകരം "തുറമുഖ, ഷിപ്പിംഗ്, ജലപാത" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

488. പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ " തയ്യാറാക്കാവുന്നതാണ്" എന്നതിന് പകരം "തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 484 മുതൽ 486 വരെയുള്ള ഭേദഗതികൾ 483-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

489. ഖണ്ഡം 12-ൽ " പ്രാബല്യമില്ലാതായിതീർന്നിരുന്നാൽതന്നെയും" എന്നതിന് മുന്നിലായി "2022 ആഗസ്റ്റ് 8-ാം തീയതി" എന്ന് ചേർക്കുക.

491. ഖണ്ഡം 12(ബി)-ൽ "പ്രാബല്യമില്ലാതായിതീർന്നതിനു" എന്നതിന് പകരം "പ്രാബല്യമില്ലാതായിതീർന്നതിന്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 12(എ)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 489, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ “ ആക്റ്റ്" എന്നതിന് പകരം “ നിയമം" എന്ന് ചേർക്കുക.

117. ദീർഘശീർഷകത്തിൽ “ ആക്റ്റ്" എന്നതിനു ശേഷം "ബോർഡിന്റെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. പീഠികയിൽ “ കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

121. പീഠികയിൽ “ ഇതിനുശേഷം" എന്നതിന് പകരം "താഴെ" എന്ന് ചേർക്കുക.

130. പീഠികയിൽ “ യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

140. ഖണ്ഡം 1(1)-ൽ “ പറയാം" എന്നതിനുപകരം "വിളിക്കാം" എന്ന് ചേർക്കുക.

141. ഖണ്ഡം 1(2)-ൽ “ ഇത് " എന്നതിനുപകരം "ഈ ആക്റ്റ് " എന്ന് ചേർക്കുക.

144. ഖണ്ഡം 1(2)-ൽ “ തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

147. ഖണ്ഡം 1(2)-ൽ “ കരുതപ്പെടേണ്ടതാണ്." എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

120. പീഠികയിൽ " ആക്റ്റ്" എന്ന് വരുന്നിടത്തെല്ലാം "നിയമം" എന്ന് ചേർക്കുക.

മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

122. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

127. പീഠികയിൽ " ആവശ്യങ്ങൾക്കായി" എന്നതിന് പകരം "വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

129. പീഠികയിൽ " ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യത്തിന്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

132. പീഠികയിൽ " യുക്തമായിരിക്കുകയാൽ;" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

156. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.
" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് ".

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1(1)-ൽ " ആക്റ്റിന് " എന്നതിനുപകരം "നിയമത്തിന്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 111, 112 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിൽ ആയതിനാൽ ക്രമപ്രകാരമല്ല, 118-ാം നമ്പർ ഭേദഗതി 117-ാം നമ്പർ ഭേദഗതിക്കും 131-ാം നമ്പർ ഭേദഗതി 130-ാം നമ്പർ ഭേദഗതിക്കും 133-ാം നമ്പർ ഭേദഗതി 132-ാം നമ്പർ ഭേദഗതിക്കും 143, 145, 146 എന്നീ നമ്പർ ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്കും 153 മുതൽ 155 വരെയുള്ള ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 134, 135 എന്നീ നമ്പർ ഭേദഗതികൾ 132-ൽ അടങ്ങുന്നതിനാലും പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 115, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 121, 130, 140, 141, 144, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 132, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.23-ന് പിരിഞ്ഞു.)

* * * * *